# സത്യദൂതൻ

2019 നവംബർ | ലക്കം 11

വില ₹ 30



## സ്മരണയിൽ മായാത്ത മഹാപ്രതിഭ

## കുറ്റകൃത്യങ്ങളും മതവിശ്വാസവും

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community
for your iphone,ipode, and Android

**Quran**
Read the Holy Quran in easy
Yassarnal Quran Font

**Conditions of Bai'at**
A pocket reference of
Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons
In 15 languages

**MTA**
Watch MTA Live, view
Schedule and much more

**Ahmadiyya News**
Stay up to date with the
Latest jama'at news

View these apps at
alislam.org/apps
or scan the QR code below





The Sathyadoothan Monthly


لاالٰہ الااللّٰہ محمد رسول اللّٰہ

# സത്യദൂതൻ

2019 നവംബർ
ഹി.ശ.1399 - നുബുവ്വത്ത്
1441 റബീഉൽ അവ്വൽ - റബീഉൽ ആഖിർ
പുസ്തകം 91 ലക്കം 11
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**നമ്മുടെ സംഗമങ്ങൾ ആത്മീയ വർദ്ധനവിന് വേണ്ടി**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2019 ഒക്ടോബർ 4ന് ജൽസാ സാലാന ഫ്രാൻസിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വിവ. മൗലവി കെ. നജ്മുദ്ദീൻ

**11**
**ഹഖീഖത്തുൽ വഹ്‌യ്**
**(വെളിപാടിന്റെ തത്ത്വരഹസ്യം) – 4**
ഹദ്റത്ത് അഹ്മദ് (അ)

**14**
അഹ്മദിയ്യാ പ്രസ്ഥാനം - 2
**വാഗ്ദത്ത മസീഹുവാദത്തിന്റെ പൊതുസ്വഭാവം**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**17**
ഭാഗം - 2
**ഹദ്റത്ത് മൗലാനാ ഹഖീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**23**
ഇസ്‌ലാമിക രാജ്യങ്ങളിലെ ന്യൂനപക്ഷങ്ങൾ - 6
**സുരക്ഷിതരായ ദിമ്മി പൗരന്മാർ**
മാലിക്ക് സൈഫുർറഹ്മാൻ

**27**
**അനുസ്മരണം :–**
**മൗലവി കെ. മഹ്മൂദ് അഹ്മദ്**

**39**
കുറിപ്പുകൾ
**കുറ്റകൃത്യങ്ങളും മതവിശ്വാസവും**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



മനുഷ്യർക്ക്  ശിക്ഷ വരുന്ന നാളിനെ പറ്റി അവർക്ക് മുന്നറിയിപ്പു നൽകുക. അപ്പോൾ അക്രമം ചെയ്തവർ പറയും: 'ഞങ്ങളുടെ നാഥാ അടുത്തൊരവധിവരെ ഞങ്ങൾക്ക് അവസരം നൽകേണമേ. ഞങ്ങൾ നിന്റെ വിളിക്കുത്തരം നൽകുകയും ദൂതന്മാരെ പിൻപറ്റുകയും ചെയ്തുകൊള്ളാം.' (അപ്പോൾ അല്ലാഹു ചോദിക്കും) നിങ്ങൾക്ക് ഒരു വീഴ്ച്ചയുമുണ്ടാകുകയില്ല എന്ന് നിങ്ങൾ മുമ്പ് സത്യം ചെയ്തിരുന്നില്ലേ? (14:45)



## നബിവചനം

ഹദ്റത്ത് ഹുദൈഫ(റ) യിൽ നിന്നും നിവേദനം: 'ആരുടെ കൈയ്യിലാണോ എന്റെ ജീവനിരിക്കുന്നത് ആ അല്ലാഹുവാണേ സത്യം നിങ്ങൾ ജനങ്ങളെ നന്മചെയ്യാൻ പ്രേരിപ്പിക്കുകയും തിന്മചെയ്യുന്നതിൽ നിന്ന് അവരെ തടയുകയും ചെയ്യുക. അല്ലാത്ത പക്ഷം  നിങ്ങളുടെ മേൽ അല്ലാഹുവിൽ നിന്ന് ശിക്ഷ ഇറങ്ങുവാൻ സാധ്യതയുണ്ട്. പിന്നെ വൈകിയ വേളയിൽ നിങ്ങൾ താണുകേണപേക്ഷിച്ചാലും അത് സ്വീകരിക്കപ്പെട്ടില്ലെന്ന് വരാം.' (തിർമിദി)

## വാഗ്ദത്ത മസീഹിന്റെ വചനം



യാഥാർത്ഥ്യം എന്തെന്നാൽ ദൈവം വളരെ ശക്തനും ഊക്കുള്ളവനുമാകുന്നു. സ്നേഹത്തോടും കൂറോടും കൂടി അവന്റെ മുന്നിൽ തലകുനിക്കുന്നവൻ ഒരിക്കലും നശിപ്പിക്കപ്പെടുകയില്ല. ശത്രു പറയുന്നു, തന്റെ ആസൂത്രണം വഴി അവരെ നശിപ്പിച്ചു കളയാമെന്ന്! ദുർവിചാരക്കാരൻ വിഭാവനം ചെയ്യുന്നു, തനിക്കവരെ ചതിച്ചു കളയാമെന്ന്! എന്നാൽ ദൈവം പറയുന്നു: അല്ലയോ അവിവവേകീ! നീ എന്നോട് പൊരുതുമോ? എന്റെ പ്രിയപ്പെട്ടവനെ എളിമയിലാക്കുവാൻ നിനക്കു കഴിയുമോ? യഥാർത്ഥത്തിൽ സ്വർഗ്ഗത്തിൽ വച്ച് തീരുമാനിക്കപ്പെട്ടതെന്തോ, അതല്ലാതെ ഭൂമിയിൽ ഒന്നും നടക്കുന്നില്ല. ആകാശത്തിൽ നീട്ടപ്പെട്ട കൈയ്യോളം ഭൂമിയിൽ ഒരു കൈക്കും നീളം ഉണ്ടാകുകയില്ല. ആകയാൽ ദ്രോഹ കൃത്യങ്ങൾ ആസൂത്രണം ചെയ്യുന്നവൻ അവിഹിതവും ലജ്ജാകരവുമായ ഗൂഢാലോചനകൾ നടത്തുമ്പോൾ, ആരുടെ ഇഛ കൂടാതെ ഒരിലപോലും കൊഴിയുകയില്ലയോ ആ മേലായ ശക്തിയെ കുറിച്ച് ഓർക്കാതിരിക്കുന്നുവെങ്കിൽ  അവർ ബുദ്ധിശൂന്യരാകുന്നു. അവർ തങ്ങളടെ ഉദ്ദേശ്യങ്ങളിൽ എപ്പോഴും ലജ്ജിതനും പരാജിതനുമായി തന്നെയിരിക്കും. അവരുടെ അകൃത്യങ്ങൾ കാരണം സദ്വൃത്തന്മാർക്ക് യാതൊരു ഉപദ്രവുമേൽക്കുകയില്ല. മറിച്ച് അതു മുഖേന ദൈവികമായ ദൃഷ്ടാന്തങ്ങൾ വെളിപ്പെടുകയും അല്ലാഹുവിന്റെ സൃഷ്ടികളിൽ ദൈവ ജ്ഞാനം വർദ്ധിക്കുമാറാകുകയും ചെയ്യുന്നു. സർവ്വശക്തനും പ്രതാപവാനുമായ അല്ലാഹു ബാഹ്യ ദൃഷ്ടികൾക്ക് ഗോചരീഭവിക്കുന്നില്ലെങ്കിലും.

എഡിറ്റോറിയൽ


# കഷ്ടാനുഭവങ്ങൾ എന്ത് കൊണ്ട്?

നിങ്ങളുടെ സമ്പത്തുകളിലും നിങ്ങളുടെ ആളുകളിലും തീർച്ചയായും നിങ്ങൾ പരീക്ഷിക്കപ്പെടുകയും നിങ്ങൾക്ക് മുമ്പ് ഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്നും ബഹുദൈവ വിശ്വാസികളിൽ നിന്നും വളരെയേറെ പേർ ഉപദ്രവവാക്കുകൾ കേൾക്കുകയും ചെയ്യുന്നതാണ്. നിങ്ങൾ സഹനം കൈകൊള്ളുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നതായാൽ അത് നിശ്ചയദാർഢ്യപരമായ കാര്യങ്ങളിപെട്ടതാണ്.(3: 187) നിങ്ങൾക്ക് മുമ്പ് കഴിഞ്ഞു പോയവരുടേതു പോലെയുള്ള സ്ഥിതി നിങ്ങൾക്ക് ഇത്വരെയും വന്നിട്ടില്ലാത്ത അവസ്ഥയിൽ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്ന് നിങ്ങൾ ധരിച്ചുവോ? അവരെയാകട്ടെ ദുരിതങ്ങളും വിപത്തുകളും ബാധിച്ചു. അല്ലാഹുവിന്റെ സഹായം എപ്പോഴാണ് വരികയെന്ന് പ്രവാചകനും വിശ്വസിച്ചവരും പറയുമാറ് അവർ വിറപ്പിക്കപ്പെടുകയുണ്ടായി. അറിയുക നിശ്ചയമായും അല്ലാഹുവിന്റെ സഹായം സമീപസ്ഥമാകുന്നു. (2:215)

ആത്മീയ ജ്ഞാനവും വളർച്ചയും വ്യക്തിക്കും സമൂഹത്തിനും കൈവരുന്നത് വിപരീത പരിതസ്ഥിതികളോടുള്ള അഭിമുഖീകരണം മുഖേനയാണ്. ആ പരീക്ഷണ ഘട്ടങ്ങളിൽ സ്ഫുടം ചെയ്തെടുക്കുന്ന മൂല്യങ്ങളാണ് മനുഷ്യന്റെ ആത്മീയ സംസ്ക്കാരത്തിന്റെ ആധാര ശിലകൾ. ഇരുണ്ട നൂറ്റാണ്ടുകളെ പ്രകാശ പൂരിതമാക്കി മാറ്റുന്ന സാംസ്ക്കാരിക സൗധങ്ങൾ ഈ ആധാര ശിലയിലാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ദൈവഭക്തിയും ലാളിത്യവും ആദർശ ബോധവും മനുഷ്യ സ്നേഹവുമുള്ള ജനതയുടെ വംശവർദ്ധനവ് ഈ ജന്മഗേഹത്തിലാണ് സംഭവിക്കുന്നത്. അധികാരത്തിന്റേയും ഭൗതിക പുരോഗതിയുടേയും സുഭിക്ഷതയുടെയും അളവുകോൽകൊണ്ട് മനുഷ്യന്റെ ഉയർച്ചയും വളർച്ചയും കാണുന്നവർ ആത്മീയ ദൃഷ്ടിയില്ലാത്തവരും ചരിത്രത്തെ സൂക്ഷ്മമായി പഠിക്കാത്ത ബഹിർഭാഗസ്ഥ ദൃഷ്ടാക്കളുമാണ്.

കഷ്ടപാടുകളും വിപരീത പരിതസ്ഥിതികൾക്കും ഒരു പാവനമായ നിർമ്മാണാത്മക വശമുണ്ട്. അതിന്റെ തത്വശാസ്ത്രം വാഗ്ദത്ത മസീഹ് വിവരിക്കുന്നത് കാണുക **'ദൈവനിയുക്തരായ പ്രവാചകന്മാരും സത്യസന്ധരായ സദ് പുരുഷന്മാരും വിരോധികളുടെ കൈയ്യാലോ ദൈവവിധിയാലോ സഹിക്കേണ്ടി വരുന്ന കഷ്ടപ്പാടുകളും ക്ലേശങ്ങളും തന്നെ ഈ ദൃശ്യമായ കഷ്ടാനുഭവങ്ങളും മനുഷ്യഹൃദയത്തിൽ ജ്ഞാന രൂപമായി സ്ഥിതിചെയ്തിരുന്ന മതനിർദ്ദേശങ്ങളും ധർമ്മ ശാസനകളും അനുഷ്ഠാനത്തിൽ വരുകയും തദ്വാരാ അതുകൾ അനുഭവ ദശയെ അഥവാ പൂർണ്ണതയെ പ്രാപിക്കുകയും ചെയ്യുന്നു. ഇപ്രകാരമാണ് ഹൃദയത്തിൽ സ്വരൂപിതമായ ഭാവജ്ഞാനങ്ങൾ യഥാവിധി ജീവിതത്തിൽ ഫലിപ്പിക്കുന്നയാൾ ആ ദിവ്യമാർഗ്ഗോപദേശത്തിന്റെ മാതൃകാമൂർത്തിയായി ചമയുന്നു.'** (ഹദ്റത്ത് അഹ്മദ് (അ)- ഇസ്ലാംമത തത്വജ്ഞാനം)

പ്രവാചക സമൂഹങ്ങൾ പരീക്ഷണങ്ങളുടെ ദീർഘകാലത്തെ വൈതരണികൾ നീന്തിക്കടക്കുമ്പോൾ അവരുടെ ഉജ്ജ്വലമായ സഹന സമരങ്ങളിലൂടെ നേടിയെടുക്കുന്ന മൂല്യങ്ങൾ വജ്രസൂചികൊണ്ടെഴുതിയ ആലേഖ്യങ്ങൾ പോലെ സമൂഹ ഹൃദയത്തിൽ നെടുനാൾ നിലനിൽക്കുന്നു. സമുഹത്തിന്റെ ദർശനങ്ങളിലും നിയമങ്ങളിലും ചിന്താധാരകളിലും കലാ സാഹിത്യങ്ങളിലും ഈ ഹൃദയസംസ്കൃതിയുടെ പ്രതിഫലനങ്ങൾ കാണാം. അഹ്മദികളുടെ പരീക്ഷണാത്മകമായ സമകാലീന ചരിത്രം ചിരസ്ഥായിയായ ഇത്തരം ആത്മീയ സംസ്ക്കാരം മൂകമായി നിർമ്മിക്കുകയാണ്. തീർച്ചയായും ഇത്തരം മാഹാത്മാക്കളുടെയും അവർ രൂപം കൊടുത്ത ആത്മീയ പ്രസഥാനങ്ങളുടെയും കഷ്ടാനുഭവങ്ങളാണ് മനുഷ്യ സംസ്ക്കാരത്തിന്റെ മൂലധന നിക്ഷേപങ്ങൾ.



ഹദ്റത്ത് അഹ്മദ് (അ)

# ദൈവത്തെ അറിയുക

യഥാർത്ഥത്തിലുള്ള ഏകദൈവ വിശ്വാസം ആന്തരികവും ബാഹ്യവുമായ ആരാധ്യ വസ്തുക്കളെ പാടെ തുടച്ചുനീക്കിയതിന് ശേഷം ഹൃദയത്തിൽ ഉൽഭൂതമാവുകയും, മനുഷ്യന്റെ ഓരോകണികയിലും പ്രവഹിക്കുന്നതുമായ പ്രകാശമാകുന്നു. അല്ലാഹുവും അവന്റെ റസൂലും മുഖേനയല്ലാതെ അത് സ്വന്തം ശക്തികൊണ്ട് നേടിയെടുക്കുവാൻ സാദ്ധ്യമല്ല. തന്റെ ഉള്ളിൽ സ്ഥിതചെയ്യുന്ന അഹം എന്ന ബോധത്തിന്മേൽ ഒരു മരണം വരിക്കുകയും താൻ വിജ്ഞാനത്തിൽ പുരോഗതി പ്രാപിച്ചവനാണെന്ന് പൈശാചികമായ പൊങ്ങച്ചത്തെ നിഷ്കാസനം ചെയ്യുകയും ചെയ്തുകൊണ്ട് ഒരു അജ്ഞനെപോലെ സ്വയം സങ്കൽപ്പിച്ച് പ്രാർത്ഥനയിൽ നിരതനാവുക എന്നത് മാത്രമാണ് മനുഷ്യന്റെ കർത്തവ്യം. അപ്പോൾ അല്ലാഹുവിൽ നിന്ന് തൗഹീദിന്റെ പ്രകാശം അവനിൽ ഇറങ്ങിവരികയും അങ്ങനെ ഒരു നവജീവിതം അവൻ കൈവരിക്കുകയും ചെയ്യുന്നു.(ഹഖീക്കത്തുൽ വഹ്യ്, പേജ്-144)

ലോകാരംഭം മുതൽ തന്നെ അല്ലാഹുവിനെ തിരിച്ചറിയുക എന്നത് പ്രവാചകനെ തിരിച്ചറിയുന്നതുമായി ബന്ധപ്പെട്ടു കിടക്കുന്ന കാര്യമാണ്. അതുകൊണ്ട് പ്രവാചകനെ കൂടാതെ തൗഹീദ് കരസ്ഥമാക്കുക എന്നത് അസാധ്യമാകുന്നു. പ്രവാചകൻ അല്ലാഹുവിനെ കാണുന്നതിനുള്ള ഒരു ദർപ്പണമാണ്. ഈ ദർപ്പണം മുഖേന അല്ലാഹുവിന്റെ വദനത്തെ ദർശിക്കാവുന്നതാണ്. അല്ലാഹു ലോകത്ത് സ്വയം വെളിപ്പെടാനാഗ്രഹിക്കുമ്പോൾ അവന്റെ ദിവ്യ ശക്തികളുടെ സാക്ഷാത്ക്കാരമാകുന്ന പ്രവാചകന്മാരെ ലോകത്ത് അയക്കുകയും അവന്റെ വെളിപാടുകൾ അവനിൽ ഇറക്കുകയും പരിപാലനത്തിന്റെ ശക്തിപ്രഭാവങ്ങൾ ആ പ്രവാചകനിലൂടെ പ്രകടമാക്കുകയും അങ്ങിനെ ഒരു ദൈവം ഉണ്ടെന്ന് ലോകത്തിന് തിരിച്ചറിയാൻ കഴിയുകയും ചെയ്യുന്നു. ദൈവത്തെ തിരിച്ചറിയുന്നതിന് വേണ്ടി അവന്റെ സനാതന നിയമമനുസരിച്ച് ഏതൊരു ജനത്തെയാണോ അനിവാര്യമായ മാർഗ്ഗമായി നിശ്ചയിച്ചിട്ടുള്ളത്, അവരെ വിശ്വസിക്കേണ്ടത് തൗഹീദിന്റെ ഒരു ഭാഗമാകുന്നു. ഈ വിശ്വാസം കൂടാതെ ഏകദൈവ വിശ്വാസം പൂർണ്ണമാകുകയില്ല. കാരണം പ്രവാചകൻ വെളിപ്പെടുന്നതും ദിവ്യജ്ഞാനം വരെ എത്തിക്കുന്നതുമായ അത്ഭുത ദൃഷ്ടാന്തങ്ങളുടേയും ദൈവിക അടയാളങ്ങളുടേയും അഭാവത്തിൽ സമ്പൂർണ്ണമായ ദൃഢജ്ഞാനത്തിന്റെ ഉറവയിൽ നിന്ന് ഉത്ഭൂതമാകുന്ന സംശുദ്ധമായ ഏകദൈവ വിശ്വാസം കരഗതമാവുകയില്ല. ദൈവദത്തമായ ഈ സമൂഹം മുഖേന അതിഗോപ്യവും അതിസൂക്ഷ്മവും അദൃശ്യനുമായ ദൈവത്തിന്റെ അസ്തിത്വം പ്രകടമാവുന്നു. ദൈവമെന്നു പറയുന്ന ഗോപ്യമായ ആ സമ്പത്ത് എന്നെന്നും തിരിച്ചറിയപ്പട്ടിരുന്നത് പ്രവാചകൻ മുഖേനയാണ് അല്ലാതെ അല്ലാഹുവിന്റെ സന്നിധിയിൽ ആദരിക്കപ്പെടുന്ന യഥാർത്ഥ തൗഹീദ് പ്രവാചകൻ മുഖേനയല്ലാതെ കരസ്ഥമാക്കുക എന്നത് ബുദ്ധിക്ക് നിരക്കാത്തത് പോലെ ദൈവത്തെ അന്വേഷിക്കുന്നവരുടെ അനുഭവജ്ഞാനത്തിനും എതിരാകുന്നു. (ഹക്കീക്കത്തുൽ വഹ്യ് പേ.112-113)

എല്ലാ പ്രകാശങ്ങളുടേയും മൂലകാരണവും എല്ലാകാരുണ്യങ്ങളുടെയും സ്രോതസ്സും അവനാകുന്നു. അവന്റെ യഥാർത്ഥ സത്തയത്രെ സകല ലോകത്തിന്റെയും നിലനിൽപ്പിനു നിദാനവും മുകളിലും താഴത്തുമുള്ള സകല വസ്തുക്കളുടെയും ആസ്ഥാനവും. എല്ലാ വസ്തുക്കളെയും ഇലായ്മയുടെ ഇരുട്ടിൽ നിന്നു പുറത്തുകൊണ്ടുവന്ന് അസ്തിത്വത്തിന്റെ ആട അണിയിച്ചവനും അവൻ തന്നെയാകുന്നു. അവശ്യം ഭവവും നിത്യവുമായിട്ടുള്ള സത്ത അവന്റേതല്ലാതെ മറ്റൊരു സത്തയുമില്ല. അഥവാ അതിൽ നിന്നും അനുഗ്രഹം സ്വീകരിക്കാത്തതായി ഒന്നും തന്നെയില്ല. മറിച്ച്, മണ്ണും ആകാശ തലങ്ങളും മനുഷ്യനും ഇതരജീവികളും, കല്ലും, മരവും, ആത്മാവും, ശരീരവുമെല്ലാം അവന്റെ മാത്രം അനുഗ്രഹങ്ങളിൽ നിന്നും ഉൺമയെ പ്രാപിച്ചവയത്രെ.

(ബറാഹീനെ അഹ്മദിയ്യ പേ. 11)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2019 ഒക്ടോബർ 4ന് ജൽസാ സാലാന ഫ്രാൻസിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വിവ. മൗലവി കെ. നജ്മുദ്ദീൻ

# നമ്മുടെ സംഗമങ്ങൾ ആത്മീയ വർദ്ധനവിന് വേണ്ടി

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)




അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് നിങ്ങളുടെ (ഫ്രാൻസ് ജമാഅത്തിന്റെ) ജൽസ ആരംഭിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസക്ക്, ശുദ്ധമായ ദീനീ സമ്മേളനം എന്ന നാമം മാത്രമാണ് നൽകിയിരിക്കുന്നത്. അതിനാൽ ഇതിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും വ്യക്തമായും മനസ്സിലാക്കിയിരിക്കേണ്ടത് നാം ഇവിടെ മതപരമായ അറിവും ആത്മീയതയും മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ് സമ്മേളിച്ചിരിക്കുന്നത് എന്നാണ്. അതുപോലെ നമ്മുടെ ദീനീപരമായ അറിവും ആത്മീയാവസ്ഥയും എങ്ങനെ മെച്ചപ്പെടുത്താം എന്ന ചിന്തയോടെയായിരിക്കും ഈ മൂന്നു ദിനങ്ങളും കഴിച്ചുകൂട്ടുക. ഈ ചിന്തയില്ലായെങ്കിൽ പിന്നെ ഇവിടേക്കുള്ള വരവ് നിഷ്ഫലമാണ്. ഇന്ന് ലോകം ദൈവത്തെ വിസ്മരിച്ചുകളയുകയും മതവിശ്വാസികൾ തങ്ങളുടെ മതത്തിൽനിന്ന് അകലുകയും ചെയ്തിരിക്കുന്നു. മുസ്ലിംകളെപ്പോലും ഭൗതികത കീഴടക്കിയിരിക്കുന്നു. ഈ അവസരത്തിൽ നാമും നമ്മുടെ അവസ്ഥകളെ മെച്ചപ്പെടുത്തുന്നതിലേക്കു ശ്രദ്ധിക്കാതിരിക്കുകയാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്ത ബൈഅത്ത് കഴമ്പില്ലാത്ത കേവലം പൊള്ളയായ പ്രഖ്യാപനം മാത്രമായിരിക്കും. അപ്പോൾ, പൂർത്തിയാക്കാത്ത നമ്മുടെ ബൈഅത്തിന്റെ പ്രതിജ്ഞ കേവലം നാമമാത്രമായ പ്രതിജ്ഞയായിരിക്കും. ഇവിടെ ജലസയിലുള്ള സമ്മേളിക്കൽ വെറു ലൗകികമായ മേളയിൽ പങ്കെടുക്കുന്നതുപോലെയായിരിക്കും. ഓരോ അഹ്മദിയും വളരെയധികം ചിന്തിക്കേണ്ട അവസരമാണിത്.

അതുകൊണ്ട് നമുക്ക് നമ്മുടെ ബൈഅത്തിന്റെ പ്രതിജ്ഞ നിറവേറ്റണമെങ്കിൽ, നമ്മുടെ തലമുറകളെ രക്ഷിക്കണമെങ്കിൽ ജൽസയുടെ സ്ഥാപനോദ്ദേശ്യങ്ങളായിപ്പറഞ്ഞ കാര്യങ്ങൾ മുന്നിൽ വയ്ക്കേണ്ടത് ആവശ്യമാണ്. ഇക്കാര്യങ്ങളെല്ലാം സദാ നമ്മുടെ ജീവിതത്തിന്റെ ഭാഗമായിരിക്കുന്നതാണ് എന്ന പ്രതിജ്ഞയോടെ ഈ മൂന്നു ദിനങ്ങളും കഴിച്ചുകൂട്ടേണ്ടത് ആവശ്യമാണ്. ഹദ്റത്ത് മസീഹ്മൗഊദ്(അ) ജൽസയുടെ ഉദ്ദേശ്യങ്ങൾ വിവരിച്ചുകൊണ്ടു പറഞ്ഞു, പാരത്രിക ജീവിതത്തെക്കുറിച്ചുള്ള ചിന്തയുണ്ടാകുക, ദൈവഭയം ഉണ്ടാകുക, തഖ്വയുണ്ടാകുക, ഹൃദയ നൈർമ്മല്ല്യമുണ്ടാകുക, പരസ്പരം സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്ക

പ്പെടുകയും എളിമയും വിനയവും ഉണ്ടാകുകയും സത്യത്തിൽ നില കൊള്ളുകയും ചെയ്യുക. ദീനീസേവനത്തിനുള്ള അതിയായ ആഗ്രഹവും ഉണ്ടാകണം.

നാം ഇവിടെ സമ്മേളിക്കുന്നതിന്റെ ഉദ്ദേശ്യമിതാകുന്നു. മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്ന ഓരോ പുരുഷനും സ്ത്രീയ്ക്കും യുവാവിനും വൃദ്ധനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശപ്രകാരം പരലോകത്തെക്കുറിച്ചുള്ള ചിന്ത എത്രത്തോളം ഉണ്ടാകണമെന്നാൽ ലൗകീകമായ വസ്തുക്കൾക്ക് അതിനുമുന്നിൽ യാതൊരു വിലയുമുണ്ടാകരുത്. ഈ ഭൗതീകലോകത്തു താമസിച്ചുകൊണ്ട് ഇതെല്ലാം വലിയൊരു വെല്ലുവിളിയാണ്. അതിനെ പൂർത്തിയാക്കുവാൻ വലിയ ജിഹാദ് ആവശ്യമാണ്. അല്ലാഹുവിൽ പൂർണ്ണമായി വിശ്വസിക്കുകയും ഈ ലോകജീവിതം ഏതാനും വർഷത്തേക്കുമാത്രമുള്ളതാണെന്ന് ദൃഢമായി വിശ്വസിക്കുകയും ചെയ്യുമ്പോളായിരിക്കും ആഖിറത്തിനെക്കുറിച്ചുള്ള ചിന്തയുണ്ടാകുന്നത്. സ്ഥായിയായ കാര്യത്തിനുവേണ്ടി അസ്ഥായിയായ കാര്യത്തെ ബലിയർപ്പിക്കുന്നവനാണ് ബുദ്ധിമാൻ. എന്നാൽ സംഭവിക്കുന്നതെന്താണ്, ഈ അസ്ഥായിയായ ജീവിതത്തിനു വേണ്ടി നാം സ്ഥായിയായ ജീവിതത്തെ ബലിയർപ്പിക്കുന്നു. അങ്ങനെ ചെയ്യുന്നതുകൊണ്ട് ലൗകീകരായവർ തങ്ങളെ വലിയ ബുദ്ധിമാൻമാരായി മനസ്സിലാക്കുന്നു. എന്നാൽ ഒരു വിശ്വാസി അതിനു വിപരീതമായിരിക്കും ചെയ്യുക. അങ്ങനെതന്നെയാണ് ചെയ്യേണ്ടതും. അങ്ങനെ ചെയ്യുമ്പോളാണ് മുഅ്മിൻ എന്നു പറയാൻ കഴിയുക. ദൈവഭയം അവന്റെയുള്ളിലുണ്ടാകുകയും അല്ലാഹുവിനോടുള്ള സ്നേഹം ലോകത്തുള്ള മറ്റെല്ലാ സ്നേഹത്തേക്കാളും അതിജയിക്കുകയും ചെയ്യും. അല്ലാഹുവിനോടുള്ള ഭയവും ഭക്തിയും അവന്റെ ശിക്ഷയെ ഭയന്നായിരിക്കില്ല മറിച്ച് എന്റെ പ്രിയപ്പെട്ട അല്ലാഹു എന്നോട് പിണങ്ങുമോ എന്നു ചിന്തിച്ചുകൊണ്ടായിരിക്കും. സ്നേഹത്തിന്റെ ഈ യൊരു വികാരമുണ്ടാകുമ്പോളായിരിക്കും അല്ലാഹുവിന്റെ കല്പനകൾ പ്രാവർത്തികമാക്കാനും ശ്രമിക്കുക.

ചുരുക്കത്തിൽ ഈയൊരാത്മാവ് നമ്മിൽ ഉണ്ടായിരിക്കേണ്ടതാണ്. ഇതേ ആത്മാവു തന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽ ഉണ്ടാക്കുവാൻ ആഗ്രഹിക്കുന്നതും. അതായത് വെറും പുറംതോടാകരുത് മറിച്ച് കഴമ്പ് ഉണ്ടായിരിക്കണം. ഇക്കാര്യങ്ങളെ മുൻനിർത്തിക്കൊണ്ട് നമുക്ക് ആത്മ പരിശോധന നടത്തേണ്ടതുണ്ട്. ഈ ഉദ്ദേശ്യത്തോടെയാണോ നാം ജൽസയിൽ പങ്കെടുക്കുന്നത്. ഈ ഉദ്ദേശ്യം കരസ്ഥമാക്കുവാനുള്ള വികാരം നമ്മിലുണ്ടോ? അഥവാ മാനുഷിക ബലഹീനതകൾ കാരണമായി ഈ ഉദ്ദേശ്യങ്ങളെ പ്രാപിക്കുന്നതിൽ ഭൂതകാലത്ത് വല്ല വീഴ്ചയോ പിഴവുകളോ സംഭവിച്ചിട്ടുണ്ടെങ്കിൽ ഭാവിയിൽ ഒരു പുതിയ ദൃഢനിശ്ചയത്തോടെ ആ നൻമകളെല്ലാം ഉണ്ടാക്കിയെടുക്കുന്നതിനും അത് നിലനിർത്തുന്നതിനും കഴിവിന്റെ പരമാവധി പരിശ്രമിക്കേണ്ടതാണ്. ഐഹികതയെക്കാളും പ്രാധാന്യം പാരത്രിക ചിന്തകൾക്കു നൽകുന്നതാണെന്നും, ദൈവഭയത്തിനും സ്നേഹത്തിനും മറ്റെല്ലാറ്റിനെക്കാളും പ്രാധാന്യം കല്പിക്കുന്നതാണെന്നും തഖ്‌വയുടെ നേർത്ത പാതയിലൂടെ ചരിക്കുന്നതിനായി ഞങ്ങൾ പരമാവധി പരിശ്രമിക്കുന്നതാണെന്നും, മറ്റുള്ളവർക്കായി ഞങ്ങളുടെ ഹൃദയത്തെ നിർമ്മലമാക്കുന്നതാണെന്നും, സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും മാതൃക സ്ഥാപിക്കും വിധം പരസ്പരം സ്നേഹവും സാഹോദര്യവും വർദ്ധിപ്പിക്കുന്നതാണെന്നും, വിനയത്തിലും ആതിഥ്യത്തിലും ഞങ്ങൾ മുന്നേറുന്നതാണെന്നും, ഇവർ അഹ്മദികളാണ് എപ്പോഴും സത്യത്തിൽ നിലകൊള്ളുന്നവരും സത്യം പറയുന്നതിനായി വലിയ വലിയ നഷ്ടങ്ങൾ സഹിക്കുന്നവരുമാണെന്ന് ഓരോ വ്യക്തിയും പറയുംവിധം സത്യസന്ധതയും ചൊവ്വായ വാക്കു സംസാരിക്കലും ഞങ്ങളുടെ സവിശേഷതയായിരിക്കുമെന്നും, അതോടൊപ്പം അല്ലാഹുവിന്റെ ദീനിനെ സ്വന്തം ചുറ്റുപാടിലുള്ള ഓരോ വ്യക്തിയിലും എത്തിക്കാൻ ശ്രമിക്കുകയും ഇതുതന്നെയാണ് യഥാർത്ഥ മതമെന്ന് പറഞ്ഞു കൊടുക്കുക്കുകയും ചെയ്യുന്നതാണെന്നും പ്രതിജ്ഞയെടുക്കേണ്ടിയിരിക്കുന്നു. ഈ പ്രതിജ്ഞയെ നാം പൂർത്തിയാക്കുകയാണെങ്കിൽ നാം ബൈഅത്തിന്റെ പ്രതിജ്ഞയെ നിറവേറ്റുന്നവരായിത്തീരുന്നതാണ്.

അതുകൊണ്ട് വരൂ നമുക്ക് ഇക്കാര്യങ്ങളെ പ്രാപിക്കുന്നതിനായുള്ള ഒരു പ്രവർത്തനരൂപരേഖയുണ്ടാക്കാം. പരലോകത്തെക്കുറിച്ച് ചിന്തിക്കുകയും അല്ലാഹുവിനെ ഭയക്കുകയും ചെയ്യുന്നവർ ഏറ്റവു മാദ്യം തങ്ങളുടെ ആരാധനകളെ സംരക്ഷിക്കുന്നതിലേക്ക് ശ്രദ്ധിക്കുന്നതാണ്. അതായത് അല്ലാഹു ജീവിതോദ്ദേശ്യമായി പറഞ്ഞതെന്താണ്. ഞാൻ ജിന്നിനെയും മനുഷ്യരേയും എന്നെതിരിച്ചറിഞ്ഞാരാധിക്കുവാനായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. ആയതിനാൽ ഇതിന്റെ അടിസ്ഥാനത്തിൽ മനുഷ്യ ജീവിതത്തിന്റെ ലക്ഷ്യം അല്ലാഹുവിനെ തിരിച്ചറിഞ്ഞാരാധിക്കുകയും അല്ലാഹുവിന്റേതായിത്തീരുകയും ചെയ്യുക എന്നുള്ളതാണ്. ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി നമ്മെ പഠിപ്പിച്ചു തന്നിട്ടുള്ള ആരാധനാരീതി ഏതാണ്? അത് നമസ്കാരം നിലനിർത്തലാണ്. അതായത് നമസ്കാരം വിശ്വാസികൾക്ക് സമയനിഷ്ഠയോടെ നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. എല്ലാ നമസ്കാരങ്ങളെയും വിശിഷ്യാ ജോലികൾക്കിടയിൽ വരുന്ന നമസ്കാരങ്ങളെ കൂടുതൽ ശ്രദ്ധിക്കുക. ആയതിനാൽ, അല്ലാഹുവിന്റെ ഈ കല്പനയെ നാം പ്രാവർത്തികമാക്കുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്. അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുന്നവരാണ് പള്ളികളെ ജനനിബിഡമാക്കുന്നത്. നാമെല്ലാം

വിശ്വാസികളാണെന്നു പറയുന്നുവെങ്കിലും അല്ലാഹുവിന്റെയും റസൂലിന്റെയും കണ്ണിൽ അല്ലാഹുവിന്റെ ഭവനത്തെ ജനസഞ്ചയമുള്ളതാക്കിത്തീർക്കുന്നവരാണ് വിശ്വാസികൾ. ഇവിടെ ഒരു കാര്യം സ്പഷ്ടമാണ് അതായത് പള്ളികളിൽ വന്നാൽ മാത്രം പോരാ അല്ലാഹുവിലും അന്ത്യദിനത്തിലുമുള്ള വിശ്വാസത്തോടുകൂടെ വരേണ്ട ആവശ്യമുണ്ട്. ഇത്തരം ചിന്താഗതയുള്ളവർക്ക് ദൈവഭയവും ഉണ്ടായിരിക്കും അവർ പള്ളികളിൽ വന്ന് കുഴപ്പങ്ങളുണ്ടാക്കുകയുമില്ല. അതുപോലെ നമസ്കാരം നാശകരമായിത്തീരുന്നവരുടെ കൂട്ടത്തിൽ പെടുകയുമില്ല. അതുകൊണ്ട് ആരാണോ തഖ്‌വയിൽ നിലനിന്നുകൊണ്ട് പള്ളികളെ ജനനിബിഡമാക്കുന്നത് അവർ അല്ലാഹുവിനോടുള്ള കടമകളും നിറവേറ്റുന്നവരായിരിക്കും അല്ലാഹുവിന്റെ ദാസരോടുള്ള കടമകളും നിറവേറ്റുന്നവരായിരിക്കും. അങ്ങനെയുള്ള ആളുകളോടാണ് നബി(സ)തിരുമേനി സുവാർത്തയറിയിച്ചിരിക്കുന്നത്. അതായത് ഖിയാമത്തു നാളിൽ അല്ലാഹു മലക്കുകളോടു പറയുന്നതാണ് എന്റെ ദാസരുടെ നമസ്കാരം നോക്കുക. നമസ്കാരം പരിപൂർണ്ണമാണെങ്കിൽ അവരുടെ എല്ലാ കണക്കുകളും ശരിയായിരിക്കുന്നതാണ്. പിന്നീട് പറയുന്നതാണ് ആരുടെയെങ്കിലും ഫർള് നമസ്കാരത്തിൽ വല്ല കുറവും സംഭവിച്ചിട്ടുണ്ടെങ്കിൽ അവരുടെ നഫൽ നമസ്കാരങ്ങൾ നോക്കുക. അവരുടെ ഫർളുകളിൽ വരുന്ന കുറവുകൾ നഫലുകൾക്കൊണ്ട് പരിഹിരക്കുക.

ചുരുക്കത്തിൽ, ഈ സുവാർത്ത നൽകിയതോടൊപ്പം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വായത്തമാക്കുന്നതിനായി നഫലുകൾ അനുഷ്ഠിക്കുന്നതിലേക്കും ശ്രദ്ധതിരിച്ചിരിക്കുകയാണ്. അതുകൊണ്ട് മുഅ്മിൻ എന്നു പറയുന്നത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വാംശീകരിക്കുവാൻ തങ്ങളുടെ നിർബന്ധമാക്കപ്പെട്ട(ഫർളായ) കാര്യങ്ങളിലേക്ക് ശ്രദ്ധിക്കുന്നതോടൊപ്പം നഫൽ (ഐച്ഛികമായ)കർമ്മങ്ങളനുഷ്ഠിക്കുന്നതിലേക്കും ശ്രദ്ധിക്കുന്നവരാണ്. ഇക്കൂട്ടർ തന്നെയാണ് യഥാർത്ഥത്തിൽ ദൈവഭയമുള്ളവരും തഖ്‌വയിലൂടെ ചലിക്കുന്നവരും. ആയതിനാൽ നമ്മിൽ ഇക്കാര്യങ്ങളെല്ലാം ഉണ്ടോ എന്ന് ഓരോരുത്തരും ആത്മ പരിശോധന നടത്തേണ്ടതാണ്. ഒരു യഥാർത്ഥ ഭക്തൻ എല്ലാ തരത്തിലുള്ള നൻമകളും സ്വായത്തമാക്കാൻ ശ്രമിക്കുന്നതാണ്. തന്റെ സഹോദരനുവേണ്ടി സ്നേഹവികാരമില്ലായെങ്കിൽ അയാളിൽ ശരിയായ തഖ്‌വ ഇല്ല. ഹൃദയത്തിൽ നൈർമ്മല്ല്യമില്ലാത്തവരും ആശങ്കപ്പെടേണ്ടതാണ്. ആരെക്കൊണ്ടാണോ വീട്ടിൽ ഭാര്യയും മക്കളും പൊറുതിമുട്ടിയിരിക്കുന്നത് അവരിലും തഖ്‌വയില്ല. തന്റെ ഭർത്താവിനോടും മക്കളോടുമുള്ള കടമകൾ നിറവേറ്റാതിരിക്കുകയും അനാവശ്യമായി ആവശ്യങ്ങൾ ഉന്നയിക്കുകയും ചെയ്യുന്ന ഭാര്യമാരുടെ ഹൃദയവും ഭക്തിശൂന്യമാണ്. അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധത്തിൽ സ്നേഹത്തോടും സൗമ്യതയോടുംകൂടി പെരുമാറുന്നവരാണ് യഥാർത്ഥ ഭയഭക്തിയിൽ നിലകൊള്ളുന്നവർ. നബി(സ)തിരുമേനി പറയുന്നു; ഖിയാമത്തു നാളിൽ അല്ലാഹു പറയുന്നതാണ്; എന്റെ പ്രതാപത്തിനും മഹത്ത്വത്തിനും വേണ്ടി പരസ്പരം സ്നേഹിച്ചിരുന്നവരെവിടെയാണ്. ഇന്ന് അവർക്കെന്റെ തണലല്ലാതെ മറ്റൊരു തണലുമില്ല. എന്റെ കാരുണ്യത്തിന്റെ തണലിൽ ഞാനവർക്കിടം നൽകുന്നതാണ്.

ഹുസൂർ പറയുന്നു; എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്ന മുദ്രാവാക്യം നാം മുഴക്കുമ്പോൾ ജനങ്ങൾക്ക് ശരിക്കും ആ സന്ദേശം എത്തിക്കുന്നതിനായി അത് തങ്ങളുടെ വീടുകളിലും സമൂഹത്തിലും അത് പ്രകടമാക്കേണ്ടത് ആവശ്യമാണ്. നബി(സ)തിരുമേനി ഒരവസരത്തിൽ പറഞ്ഞു, ഒരു വിശ്വാസി മറ്റൊരു വിശ്വാസിയുടെ സഹോദരനാകുന്നു. അയാൾ തന്റെ സഹോദരനെ ഉപദ്രവിക്കുകയോ തനിച്ചാക്കി ഉപേക്ഷിക്കുകയോ ചെയ്യുകയില്ല. തന്റെ സഹോദരന്റെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നവരുടെ ആവശ്യങ്ങൾ അല്ലാഹു നിറവേറ്റിക്കൊടുക്കുന്നതാണ്. ആരാണോ ഒരു മുസ്‌ലിമിന്റെ പ്രയാസങ്ങളകറ്റുന്നത് ഖിയാമത്തുനാളിൽ അല്ലാഹു അയാളുടെ ഒരു വിഷമത്തെ ലഘുകരിക്കുന്നതാണ്. ആരാണോ മറ്റൊരാളുടെ ന്യുനതകൾ മറച്ചുവയ്ക്കുന്നത് ഖിയാമത്തുനാളിൽ അല്ലാഹു അയാളുടെ ന്യൂനതകളെ മറച്ചുവയ്ക്കുന്നതാണ്.

ഹുസൂർ പറഞ്ഞു, നമ്മുടെ ശ്രദ്ധ നൻമയിലേക്ക് തിരിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ ആത്മ പരിശോധന നടത്തിക്കൊണ്ട് തങ്ങളുടെ ആരാധനകൾ നിർവ്വഹിക്കുന്നതോടൊപ്പം അല്ലാഹുവിന്റെ ദാസരുടെ അവകാശങ്ങൾ നിറവേറ്റുന്നതിലേക്കും ശ്രദ്ധിക്കുക. സൗമ്യതയുടെയും പരസ്പര സ്നഹത്തിന്റെയും എളിമയുടെയും യാഥാർത്ഥ്യം തിരിച്ചറിയാൻ ശ്രമിക്കുക. മറ്റൊരു വിധത്തിലും നാം അങ്ങനെ ചെയ്യാൻ ബാധ്യസ്ഥരാണ്. എന്തെന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് നാം ചെയ്ത ബൈഅത്തിന്റെ പ്രതിജ്ഞയിൽ ശിർക്കിൽ നിന്നും വിട്ടു നിൽക്കുന്നതാണെന്നും നമസ്കാരം നിലനിർത്തുന്ന കാര്യത്തിൽ ഫർള് നമസ്കാരങ്ങളോടൊപ്പം നഫൽ നമസ്കാരങ്ങളും അനുഷ്ഠിക്കുന്നതാണെന്നും പറഞ്ഞതിനോടൊപ്പം നമ്മൾ അല്ലാഹുവിന്റെ സൃഷ്ടികൾക്ക് പൊതുവായും മുസ്‌ലിംകൾക്ക് പ്രത്യേകിച്ചും വികാരാവേശത്തിൽ വന്ന് യാതൊരു തരത്തിലുള്ള പ്രയാസവും ഏല്പിക്കുന്നതല്ല എന്നും പ്രതിജ്ഞ ചെയ്തിട്ടുണ്ട്. നാം അതനുസരിച്ചു പ്രവർത്തിക്കുന്നുണ്ടോ? ആ ഒരു നിലവാരത്തിലാണ് നാമെങ്കിൽ നാം യഥാർത്ഥ വിശ്വാസികളും ബൈഅത്തിന്റെ കടമകൾ നിറവേറ്റുന്നവരുമാണ്.

ഹുസൂർ പറഞ്ഞു; ബൈഅത്തിന്റെ നിബന്ധനകളിൽ മറ്റൊരു നിബന്ധനയിതാണ്; ഞാൻ അഹങ്കാ

രം പൂർണ്ണമായും ഉപേക്ഷിച്ചുകൊണ്ട് എളിമയോടുകൂടിയതും സുദരിദ്രവുമായ ജീവിതം നയിക്കുന്നതാണ്. എളിമയോടുകുടുയതും സുദരിദ്രവുമായ ജീവിതം നയിക്കുക എന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ജലസയുടെ ഒരു ഉദ്ദേശ്യമായി മാത്രം പറഞ്ഞ കാര്യമല്ല മറിച്ച് നാം ചെയ്ത ബൈഅത്തിന്റെ പ്രതിജ്ഞയിലുള്ള ഒരു പ്രതിജ്ഞയാണ്, ഞാൻ എളിമയോടുകൂടിയതും സുദരിദ്രവുമായ ജീവിതം നയിക്കുന്നതാണെന്നത്. അതിനാൽ ബൈഅത്തിന്റെ പ്രതിജ്ഞകളെ പൂർത്തിയാക്കുക എന്നത് നമ്മുടെ ബാധ്യതയാണ്. ബൈഅത്തിന്റെ നിബന്ധനകളെ പൂർത്തിയാക്കുക എന്നതു തന്നെയാണ് സത്യത്തിലേക്കുള്ള നമ്മുടെ ആദ്യത്തെ ചുവടുവയ്പ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയാണ് എന്റെ ജമാഅത്തിലുള്ളവരൊന്നടങ്കം എന്റെ ഈ വസിയ്യത്ത് വളരെ ശ്രദ്ധിച്ചു കേൾക്കേണ്ടതാണ്. അതായത്, എന്റെ ഈ ജമാഅത്തിൽ ചേർന്നുകൊണ്ട് നിങ്ങൾ ഞാനുമായി സ്നേഹത്തിന്റെയും ശിഷ്യത്വത്തിന്റെയും ബന്ധം സ്ഥാപിച്ചിരിക്കുകയാണ്. അതുകൊണ്ടുള്ള ഉദ്ദേശ്യം നിങ്ങൾ സൗഭാഗ്യത്തിന്റെയും തഖ്‌വയുടെയും ഉന്നത നിലവാരത്തിലെത്തുന്നവരും ആയിത്തീരണമെന്നതാണ്. യാതൊരു തരത്തിലുമുള്ളകലഹവും ദുഷ്ടതയും ദുർന്നടപ്പും അവരുടെ സമീപത്തുപോലും വരരുത് . അവർ അഞ്ചുനേര നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നവരായിത്തീരണം. അവർ കളവു പറയരുത് അവർ നാവുകൊണ്ട് ആർക്കും മുറിവേല്പിക്കരുത്, യാതൊരു തരത്തിലുള്ള നീചകൃത്യങ്ങളും ചെയ്യരുത് ഏതെങ്കിലം തരത്തിലുള്ള നീചകൃത്യങ്ങൾ, അക്രമം, അതിക്രമം, കലഹമുണ്ടാക്കൽ എന്നിവയെക്കുറിച്ചുള്ള ചിന്തപോലും ഉണ്ടാകരുത്. ചുരുക്കത്തിൽ, എല്ലാ തരത്തിലുമുള്ള പാപങ്ങളിൽ നിന്നും കുറ്റകൃത്യങ്ങളിൽ നിന്നും ചെയ്യരുതായ്മയിൽ നിന്നും ചൊല്ലരുതായ്മയിൽ നിന്നും എല്ലാ തരത്തിലുള്ള, ശാരീരികാവേശങ്ങളിൽ നിന്നും നിരർത്ഥകമായ പ്രവൃത്തികൾ എന്നിവയിൽ നിന്നെല്ലാം വിട്ടുനിൽക്കുന്നവരാകണം. അല്ലാഹുവിന്റെ പരിശുദ്ധരും ദരിദ്രമനോഭാവമുള്ളവരുമായ ദാസരായിത്തീരുകയും വിഷലിപ്തമായ സ്വാധീനം അവരുടെ പ്രകൃതത്തിൽ പോലും ഉണ്ടാകരുത്. സമസ്ത മനുഷ്യരോടുമുള്ള സഹാനുഭൂതി അവരുടെ അടിസ്ഥാന തത്ത്വമായിരിക്കണം. അല്ലാഹുവിനെ ഭയപ്പെടുകയും തങ്ങളുടെ കൈകളെയും ഹൃദയത്തിലെ ചിന്തകളെയും എല്ലാ തരത്തിലുള്ള അവിശുദ്ധവും കുഴപ്പം സൃഷ്ടിക്കുന്നതുമായ മാർഗ്ഗങ്ങളിൽ നിന്നും വിശ്വാസവഞ്ചനയിൽ നിന്നും രക്ഷപ്പെടുത്തുകയും അഞ്ചുനേര നമസ്കാരങ്ങൾ അങ്ങേയറ്റം കൃത്യനിഷ്ഠതയോടെ നിലനിർത്തുന്നവരുമാകണം. അക്രമം, അതിർലംഘനം, കുംഭകോണം, കൈക്കൂലി, അവകാശധ്വംസനം, അനാവശ്യമായ പക്ഷം ചേരൽ എന്നിവയിൽ നിന്നെല്ലാം വിട്ടുനിൽക്കണം. ദുസ്സഹവാസം അരുത്. ഏതെങ്കിലും മതത്തിലോ, സമുദായത്തിലോ,സംഘത്തിലോ പെട്ട ഒരു മനുഷ്യനും നഷ്ടമുണ്ടാക്കാൻ ഉദ്ദേശിക്കുകപോലും ചെയ്യരുത്. എല്ലാവരുടെയും നന്മ കാംക്ഷിക്കുന്നവരാകുക. ദുഷ്ടൻമാർക്കും തെമ്മാടികൾക്കും കുഴപ്പമുണ്ടാക്കുന്നവർക്കും ദുർനടപ്പുകാർക്കും നിങ്ങളുടെ സദസ്സുകളിൽ ഇരിക്കുവാനോ നിങ്ങളുടെ ഭവനങ്ങളിൽ താമസിക്കുവാ നോ കഴിയരുത്. ഏതു സമയത്തും നിങ്ങൾ വഞ്ചിതരായേക്കാം. തുടർന്നരുളുന്നു; എന്റെ ജമാഅത്തിലുള്ള എല്ലാവരും എന്റെ ഈ വസിയ്യത്തനുസരിച്ചു പ്രവർത്തിക്കേണ്ടത് നിർബന്ധമാണ്. അല്ലാഹു നിങ്ങളെ മുഴുലോകത്തിനും നൻമയുടെയും സത്യസന്ധതയുടെയും മാതൃകയായ ഒരു ജമാഅത്താക്കാൻ ആഗ്രഹിക്കുന്നു. ആയതിനാൽ നിങ്ങൾ ജാഗരൂഗരാവുക. യഥാർത്ഥത്തിൽ സൽഹൃദയരും വിനയാന്വിതരും സത്യസന്ധരുമാകുവിൻ. നിങ്ങൾ അഞ്ചുനേര നമസ്കാരവും സൽസ്വഭാവവുംകൊണ്ട് തിരിച്ചറിയപ്പെടുന്നതാണ്. തിൻമയുടെ വിത്ത് ഹൃദയത്തിലുള്ളവർക്ക് ഈ ഉപദേശങ്ങളനുസരിച്ച് നിലനിൽക്കാൻ സാധിക്കുകയില്ല.

അല്ലാഹു നമുക്ക് ഹദ്റത്ത് മസീഹ് മഔഊദ്(അ) നോടു ചെയ്ത ബൈഅത്തിന്റ കടമകൾ പൂർത്തിയാക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ ചിന്തകൾക്കനുസരിച്ച പ്രവർത്തിക്കുന്നവരാകട്ടെ. ഈ ജൽസയിൽ നിന്നും നമുക്ക് കൂടുതൽക്കുടുതൽ പ്രയോജനമുൾക്കൊണ്ടുകൊണ്ട് നമ്മുടെ മതപരവും ആത്മീയവുമായ അറിവുകളുടെ അവസ്ഥ ഭംഗിയാക്കുന്നവരുമാകട്ടെ. പിന്നീട് ഈ നൻമകൾ എന്നെന്നും തുടർന്നുകൊണ്ടു പോകുവാനും തൗഫീഖ് നൽകട്ടെ.

## ഖസീദ മനഃപാഠമാക്കി



വാണിയമ്പലം ജമാഅത്തിലെ സി.കെ. ശമീം അഹ്മദ് സാഹിബിന്റെയും ശബ്നം സാഹിബയുടെയും മകൻ ഇശഖ് ദിയാൻ സി.കെ. ഹദ്റത്ത് വാഗ്ദത്ത മസീഹ് രചിച്ച 70 വരി ഖസീദ മുഴുവനും മനഃപാഠമാക്കികൊണ്ട് ഖാദിയാനിൽ നിന്നും പ്രത്യേക സമ്മാനത്തിനർഹനായി. ദിയാൻ മർഹൂം സി.കെ. അബ്ദുൽ ഗഫൂർ സാഹിബിന്റെ പൗത്രനും മർഹൂം സി.കെ. അലവി സാഹിബിന്റെ പ്രപൗത്രനും കൂടിയാണ്. വാണിയമ്പലം സെന്റ് ഫ്രാൻസിസ് സ്കൂളിലെ രണ്ടാം ക്ലാസ് വിദ്യാർത്ഥിയാണ് ഈ കൊച്ചു മിടുക്കൻ.

ഭാഗം – 4

# ഹഖീഖത്തുൽ വഹ്‌യ്
# (വെളിപാടിന്റെ തത്ത്വരഹസ്യം)

വാഗ്ദത്ത മസീഹി(അ)ന്റെ പൊൻതൂലികയിൽ നിന്ന് വിരചിതമായ ആത്മീയ യാഥാർത്ഥ്യങ്ങളെ പറ്റിയുള്ള ആധികാരികമായ വിവരണം. വിവ: ആരിഫ് മുഹമ്മദ്.

## ഹദ്റത്ത് അഹ്മദ് (അ)

**ദൈവത്തിൽ നിന്ന് സമ്പൂർണവും സംശുദ്ധവുമായ വെളിപാട് ലഭിക്കുകയും സമ്പൂർണമായ നിലയിൽ ദിവ്യഭാഷണം കരഗതമാകുകയും സ്വപ്നങ്ങൾ യാഥാർത്ഥ്യം പോലെ പുലരുകയും ദൈവവുമായി സമ്പൂർണവും സുദൃഢവുമായ സ്നേഹബന്ധം പുലർത്തുകയും ദൈവസ്നേഹമാകുന്ന അഗ്നിയിൽ പ്രവേശിക്കുകയും ദേഹേച്ഛകൾ ദിവ്യപ്രകാശജ്വാലയേറ്റ് അശേഷം കത്തിച്ചാമ്പലാകുകയും ചെയ്യുന്നവരുടെ വിവരണം.**

ദൈവം അങ്ങേയറ്റം കൃപാലുവും കരുണാനിധിയുമാണെന്ന് അറിഞ്ഞു കൊള്ളുവിൻ. അവനിലേക്ക് ആത്മാർഥതയോടും സത്യസന്ധതയോടും കൂടി മടങ്ങുന്ന വ്യക്തിയോട് അവൻ അതിലുപരിയായി തന്റെ ആത്മാർഥതയും സത്യസന്ധതയും പ്രകടിപ്പിക്കുന്നു. അവനിലേക്ക് സത്യഹൃദയത്തോടെ ചുവടു വെയ്ക്കുന്നവൻ ഒരിക്കലും പാഴാവുകയില്ല. സ്നേഹത്തിന്റെയും കൂറിന്റെയും അനുഗ്രഹവായ്പിന്റെയും ഉദാരതയുടെയും ദിവ്യാദ്ഭുതങ്ങൾ കാണിക്കുന്നതിന്റെയും മഹത്തായ ഗുണങ്ങൾ ദൈവത്തിലുണ്ട്. എന്നാൽ അവനെ പൂർണമായ നിലയിൽ ദർശിക്കുന്നത് അവനോടുള്ള സ്നേഹത്തിൽ വിലയം പ്രാപിച്ചവർ മാത്രമാണ്. അവൻ വളരെ കൃപാലുവും കരുണാനിധിയുമാണെങ്കിലും അവൻ നിരാശ്രയനും സ്വയം പര്യാപ്തനും കൂടിയാണ്. അതുകൊണ്ട് അവന്റെ മാർഗത്തിൽ മരണംവരിക്കുന്നവർ മാത്രമേ അവനിൽ നിന്ന് ജീവിതം കരസ്ഥമാക്കുകയുള്ളു. അവനുവേണ്ടി സർവവും ത്യജിക്കുന്നവർക്കു മാത്രമാണ് ദിവ്യാനുഗ്രഹങ്ങൾ ലഭിക്കുന്നത്.

അല്ലാഹുവിനോട് സമ്പൂർണമായ ബന്ധമുള്ള വ്യക്തി, ദൂരെ നിന്ന് ആദ്യം തീ കാണുകയും എന്നിട്ട് അതിലേക്ക് അടുക്കുകയും ചെയ്യുന്നവനെപ്പോലെയാണ്. അയാൾ അതിൽ പ്രവേശിച്ച് തന്റെ ശരീരം മുഴുവൻ കത്തിയെരിഞ്ഞ് അങ്ങനെ തീ മാത്രം അവശേഷിക്കുന്നു. ഇതേപോലെ, അല്ലാഹുവുമായി തികഞ്ഞ ബന്ധമുള്ള വ്യക്തി നിത്യേന ദൈവത്തോടടുക്കുന്നു. ഏതുവരെയെന്നാൽ, ദൈവസ്നേഹമാകുന്ന അഗ്നിയിൽ തന്റെ സർവാസ്തിത്വത്തെയും ആഹുതി ചെയ്യുകയും അതിന്റെ ദിവ്യദീപ്തിയാൽ സ്വേച്ഛകൾ വെന്തു വെണ്ണീറാവുകയും ചെയ്യുന്നു. ദൈവസ്നേഹമാകുന്ന അഗ്നി അതിന്റെ സ്ഥാനം ഏറ്റെടുക്കുന്നു. ദൈവവുമായുള്ള ആ അനുഗൃഹീത സ്നേഹത്തിന്റെ പാരമ്യതയാണിത്. ആരെങ്കിലും ദൈവവുമായി സമ്പൂർണ ബന്ധം സ്ഥാപിക്കുന്നു എന്നതിന്റെ അടയാളം ഇതാണ്. അയാളിൽ ദൈവിക ഗുണങ്ങൾ സംജാതമാകുന്നു. മാനുഷികമായ ദുർഗുണങ്ങൾ ദിവ്യദീപ്തിയാൽ വെന്തു വെണ്ണീറായി ക്കൊണ്ട് ഒരു പുതിയ അസ്തിത്വം ഉണ്ടായി വരുകയും മുൻകാല ജീവിതത്തിൽ നിന്നും തികച്ചും വ്യതിരിക്തമായ ഒരു നവജീവിതം പ്രകടമാകുകയും ചെയ്യുന്നു. ഇരുമ്പ് തീയിലിടുമ്പോൾ തീ അതിന്റെ സർവാംശത്തിലും

പടർന്നു പിടിക്കുന്നതോടെ പൂർണ മായും തീയുടെ രൂപം സ്വായത്ത മാക്കുന്നുവല്ലോ. അത് തീയുടെ ഗുണങ്ങൾ പ്രകടിപ്പിക്കുന്നുണ്ടെങ്കി ലും അതു തീയാണെന്ന് പറയാൻ കഴിയില്ല. ഇതുപോലെ, ദൈവ സ്നേഹത്തിന്റെ ദിവ്യജ്വാലകളെ ആപാദചൂഡം സ്വാംശീകരിക്കുന്ന വനും ദിവ്യദീപ്തിയുടെ പ്രതീക ങ്ങളായിത്തീരുന്നു. പക്ഷേ, അവനെ ദൈവമെന്നു പറയാൻ കഴിയില്ല. ദൈവസ്നേഹമാകുന്ന അഗ്നി തന്റെ ഉള്ളിലേക്ക് വലിച്ചെ ടുത്ത ദാസനാകുന്നു അവൻ. ആ അഗ്നിക്ക് അധീനനാകുന്നതിനെ തുടർന്ന് തികവാർന്ന സ്നേഹത്തി ന്റെ ആയിരക്കണക്കിന് അടയാളങ്ങ ൾ ഉടലെടുക്കുന്നു. ജിജ്ഞാസു വായ അന്വേഷകനെ സംശയ ഗ്രസ്തമാക്കുന്ന ഏതെങ്കിലും ഒരു അടയാളമല്ല മറിച്ച്, നൂറോളം അടയാളങ്ങളോടു കൂടിയാണ് ആ ബന്ധം തിരിച്ചറിയപ്പെടുന്നത്. കൃപാവരനായ ദൈവം തന്റെ സ്പഷ്ടവും മധുരമയവുമായ വചനങ്ങളെ സമയാസമയം അവ ന്റെ നാവിലൂടെ ഒഴുക്കുന്നുവെന്നത് ആ അടയാളങ്ങളിൽ പെട്ടതാണ്. അത് ദിവ്യപ്രതാപത്തിന്റെയും അനുഗ്രഹങ്ങളുടെയും അദൃശ്യ ജ്ഞാനങ്ങളുടെയും ശക്തി ഉൾക്കൊള്ളുന്നു. ഇത് അസന്ദിഗ്ധ മായ സംഗതിയാണെന്നും ഭാവനയ ല്ലെന്നും തെളിയിക്കുന്ന ഒരു പ്രകാശം അതോടൊപ്പമുണ്ടാകു ന്നു. ഒരു ദിവ്യജ്യോതിസ്സ് അതിന്റെ യുള്ളിൽ സംജാതമാകുകയും കളങ്കങ്ങളിൽ നിന്ന് അത് പരിശുദ്ധ മാകുകയും ചെയ്യുന്നു. മിക്കവാറും എന്നല്ല അധിക സമയത്തും ആ വചനം പ്രൗഢമായ പ്രവചനം ഉൾക്കൊള്ളുന്നതായിരിക്കും. പ്രവിശാലവും സാർവജനീനവു മായ തലങ്ങളായിരിക്കും ആ പ്രവചനങ്ങളുടേത്. അളവിലും ഗുണത്തിലും അതുല്യമായിരിക്കും ആ പ്രവചനങ്ങൾ. അവയ്ക്കു തുല്യമായതു കൊണ്ടു വരാൻ ആരാലും സാധ്യമല്ല. ദൈവികപ്രതാ പം അവയിൽ നിറഞ്ഞിരിക്കും. സമ്പൂർണ ശക്തിപ്രഭാവം കാരണം ദൈവത്തിന്റെ മുഖം ദൃശ്യമാകു ന്നു. അവന്റെ പ്രവചനങ്ങൾ ജ്യോത്സ്യന്മാരുടെതു പോലെയല്ല. അവയിൽ സ്നേഹത്തിന്റെയും സ്വീകാര്യതയുടെയും ലക്ഷണങ്ങൾ പ്രകടമാകുന്നു. ദൈവികസഹായ ങ്ങളും പിന്തുണയും നിറഞ്ഞു നില്ക്കുന്നു. ആ വ്യക്തിയുടെ ചില പ്രവചനങ്ങൾ സ്വന്തം ആത്മാവി നെയും ചിലത് സ്വസന്താനങ്ങ ളെയും ചിലത് തന്റെ മിത്രങ്ങളെയും ചിലത് ശത്രുക്കളെയും ചിലത് പൊതുവായി മുഴുലോകത്തെയും ചിലത് തന്റെ ഭാര്യയെയും അടുത്ത ബന്ധുക്കളെയും സംബന്ധിച്ചു ള്ളതായിരിക്കും. മറ്റുള്ളവർക്ക് വെളിപ്പെടാത്ത കാര്യങ്ങളാണ് അയാൾക്കു വെളിപ്പെടുക. ആ വ്യക്തിയുടെ പ്രവചനത്തോടെ തുറക്കപ്പെടുന്ന അദൃശ്യജ്ഞാന ങ്ങളുടെ കവാടം മറ്റുള്ളവർക്ക് തുറക്കപ്പെടുന്നതല്ല. ദൈവത്തിന്റെ പരിശുദ്ധ പ്രവാചകന്മാരിലും ദൂതരിലും ഇറങ്ങിയതുപോലെ ത്തന്നെയാണ് അയാളിലും ദൈവവചനം ഇറങ്ങുന്നത്. അതു അസന്ദിഗ്ധവും ഭാവനയിൽ നിന്ന് പരിശുദ്ധവുമായിരിക്കും. അത്തരം വ്യക്തിയുടെ നാവിൽ നിന്ന് നിർഗളിക്കുന്ന വാക്കുകൾ ലോക ത്ത് ആരാലും എതിരിടാൻ പറ്റാത്ത വിധം ആധിക്യത്തിലും ആത്മീയ പ്രൗഢിയിലും മഹത്ത്വപൂർണമാ യിരിക്കും. അയാളുടെ നയന ങ്ങൾക്ക് ആത്മീയദർശന ശക്തി പ്രദാനം ചെയ്യപ്പെടുന്നു. അതു മുഖേന അതിനിഗൂഢ സംഗതികൾ അയാൾ ദർശിക്കുന്നു. ചിലപ്പോൾ അയാളുടെ ദൃഷ്ടികൾ മുൻപാകെ അവതരിക്കപ്പെടുക എഴുതിയ ലിഖിതങ്ങളായിരിക്കും. മൃതരോട് ജീവിച്ചിരിക്കുന്നവരോടെന്ന പോലെ അയാൾ

കൂടിക്കാഴ്ച നടത്തുന്നു. ആയിരക്കണക്കിന് മൈലുകൾക്ക പ്പുറമുള്ള കാര്യങ്ങൾ ചില സമയത്ത് തന്റെ കാൽചുവട്ടിലെന്ന വണ്ണം അയാളുടെ കൺമുൻപാകെ വരുന്നു.

അതുപോലെത്തന്നെ, അയാളുടെ കാതുകൾക്ക് മറഞ്ഞ കാര്യങ്ങൾ കേൾക്കാനുള്ള കഴിവ് നല്കപ്പെടുന്നു. അയാൾ മിക്ക സമയങ്ങളിലും മലക്കുകളുടെ ശബ്ദം കേൾക്കുകയും അസ്വസ്ഥ ത നിറഞ്ഞ നേരങ്ങളിൽ അവരുടെ വാക്കുകളാൽ സമാധാനം നേടുക യും ചെയ്യുന്നു. ചില സമയത്ത് ധാതുക്കളുടെയും സസ്യങ്ങളുടെ യും മൃഗങ്ങളുടെയും ശബ്ദങ്ങൾ അയാൾക്കെത്തുന്നത് വിസ്മയകര മാണ്. അതുപോലെ അദൃശ്യജ്ഞാ നങ്ങളുടെ പരിമളം സ്വായത്ത മാക്കാനുള്ള കഴിവ് അയാളുടെ നാസാരന്ധ്രത്തിന് പ്രദാനം ചെയ്യ പ്പെടുന്നു. ചിലപ്പോൾ അയാൾക്ക് സുവാർത്തകൾ മണത്തറിയാൻ കഴിയും. അനിഷ്ടസംഗതികളുടെ ദുർഗന്ധവും അയാൾക്ക് വന്നെ ത്തുന്നു. അതുപോലെ, അയാളുടെ ഹൃദയത്തിന് കാര്യഗ്രഹണശക്തി നല്കപ്പെടുന്നു. അയാളുടെ ഹൃദയത്തിൽ പതിയുന്ന നിരവധി കാര്യങ്ങൾ ശരിയായി ഭവിക്കുന്നു. അതുപോലെത്തന്നെ, സാത്താന് ഒരു പങ്കുമില്ലാത്തതിനാൽ അവന് അയാളിൽ സ്വാധീനം ചെലുത്താൻ കഴിയാതെ വരും. അങ്ങേയറ്റം ദൈവത്തിൽ വിലയം പ്രാപിച്ചതു കാരണം അയാളുടെ നാവ് ദൈവത്തിന്റെ നാവും കരങ്ങൾ ദൈവത്തിന്റെ കരങ്ങളുമായി മാറുന്നു. അയാൾക്ക് സവിശേഷ മായ നിലയിൽ വെളിപാട് ലഭിച്ചില്ലെങ്കിൽ തന്നെ അയാളുടെ നാവിൽ നിന്ന് വരുന്നതെല്ലാം അയാളിൽ നിന്നല്ല, മറിച്ച് ദൈവ ത്തിൽ നിന്നുള്ളതത്രേ. എന്തെന്നാ ൽ, അയാളുടെ ദേഹേച്ഛ തികച്ചും ദഹിച്ചുതീർന്നിട്ടുണ്ടാകും. താഴ്ന്ന ജീവിതത്തിന് മരണം വന്നു ചേരു ന്ന അയാൾക്ക് ഒരു പുതുജീവിതം ലഭിക്കുന്നു. ആ ജീവിതത്തിൽ സദാ ദിവ്യവെളിച്ചം പ്രതിഫലിച്ചുകൊ ണ്ടേയിരിക്കും.

അതുപോലെ, അയാളുടെ നെറ്റിത്തടത്തിന് ഒരു വെളിച്ചം

പ്രദാനം ചെയ്യപ്പെടുന്നു. ദൈവത്തിൽ അനുരക്തരായവർക്കല്ലാതെ മറ്റാർക്കും അതു നല്കപ്പെടുന്നതല്ല. ചില പ്രത്യേകസമയത്ത് അവിശ്വാസിക്കു പോലും അനുഭവപ്പെടും വിധം ആ വെളിച്ചം പ്രശോഭിക്കുന്നു. വിശേഷിച്ചും, അവർ പീഡിപ്പിക്കപ്പെടുകയും ദൈവസഹായത്തിനായി ശ്രദ്ധതിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ. ദൈവത്തിലേക്ക് അവർ തിരിയുന്ന ആ സന്ദർഭമുണ്ടല്ലോ. അവരെ സംബന്ധിച്ചിടത്തോളം അത് സവിശേഷമായ സന്ദർഭമാകുന്നു. ദിവ്യവെളിച്ചം അവരുടെ നെറ്റിത്തടത്തിൽ ജ്വലിച്ചു നില്ക്കും.

അതുപോലെ, അവരുടെ കൈകാലുകളിലെന്നല്ല ശരീരം മുഴുവനും അനുഗ്രഹം ചൊരിയപ്പെടുന്നു. അക്കാരണത്താൽ, അവർ ധരിച്ച വസ്ത്രം പോലും അനുഗൃഹീതമാകുന്നു. മിക്ക സന്ദർഭങ്ങളിലും അരെയെങ്കിലും തൊടുകയോ തലോടുകയോ ചെയ്യുന്നത് അയാളുടെ ആത്മീയമോ ശാരീരികമോ ആയ രോഗങ്ങൾ നീങ്ങിപ്പോകുന്നതിന് കാരണമാകുന്നു. അവർ താമസിക്കുന്ന ഭവനങ്ങളും അനുഗ്രഹിക്കപ്പെടുന്നു. ആ ഭവനങ്ങൾ വിപത്തുകളിൽ നിന്ന് സംരക്ഷിക്കപ്പെടുകയും മലക്കുകൾ അവയെ കാത്തുരക്ഷിക്കുകയും ചെയ്യുന്നു. അതുപോലെത്തന്നെ, അവരുടെ പട്ടണമാകട്ടെ, ഗ്രാമമാകട്ടെ, അത് അനുഗ്രഹിക്കപ്പെടുകയും പ്രാധാന്യം നല്കപ്പെടുകയും ചെയ്യുന്നു. അവരുടെ കാല്പാദങ്ങൾ പതിയുന്ന മണ്ണു പോലും അനുഗ്രഹിക്കപ്പെടുന്നു.

മാത്രമല്ല, ഈ പദവിയിലുള്ള ആളുകളുടെ ആഗ്രഹങ്ങളെല്ലാം മിക്കവാറും പ്രവചനങ്ങളുടെ രൂപം സംജാതമാക്കുന്നു. അതായത്, എന്തെങ്കിലും തിന്നുകയോ കുടിക്കുകയോ ധരിക്കുകയോ ചെയ്യുകയെന്ന ആഗ്രഹം കലശലായി അവരുടെ ഹൃദയത്തിൽ ഉടലെടുക്കുമ്പോൾ ആ ആഗ്രഹം പ്രവചനമായി രൂപാന്തരം പ്രാപിക്കുന്നു. നേരത്തെ അവരുടെ ഹൃദയത്തിൽ കലശലായ ആഗ്രഹം സംജാതമാകുമ്പോൾ അതവർക്ക് നല്കപ്പെടുന്നു.

അതുപോലെ, അവരുടെ തൃപ്തിയും അതൃപ്തിയും പ്രവചനങ്ങളായി രൂപാന്തരം പ്രാപിക്കുന്നു. അവർ ആരുടെമേൽ തൃപ്തിപ്പെടുകയും സന്തോഷിക്കുകയും ചെയ്യുന്നുവോ അതവന്റെ മേൽ സദ്ഭാവിയുടെ സുവിശേഷമാണ്. അവർ ആരിലാണോ അതൃപ്തരാകുന്നത് അത് അവന്റെ ദുർഗതിക്കും നാശത്തിനുമുള്ള തെളിവാകുന്നു. ഇതിനു കാരണം, അവർ ദൈവത്തിൽ വിലയം പ്രാപിച്ചതിനാൽ ദൈവഭവനത്തി ലുള്ളവരാണ് എന്നതത്രേ. അവരുടെ തൃപ്തിയും അതൃപ്തിയും ദൈവത്തിന്റെ തൃപ്തിയും അതൃപ്തിയുമാകുന്നു. ഈയവസ്ഥകൾ അവരിൽ സംജാതമാകുന്നത് അന്ത:പ്രചോദനങ്ങളാലല്ല, മറിച്ച് ദൈവത്തിൽ നിന്നത്രേ.

അവരുടെ പ്രാർഥനകളും ശ്രദ്ധയും സാധാരണ പ്രാർഥനകളെയും ശ്രദ്ധകളെയും പോലെയല്ല. മറിച്ച്, ശക്തമായ പ്രഭാവം ഉൾക്കൊള്ളുന്നവയാണ്. ദൈവവിധി അന്തിമവും മാറ്റപ്പെടാത്തതുമല്ലെങ്കിൽ സർവനിബന്ധനകളോടും കൂടി വിപത്തിനെ അകറ്റുന്നതിനായി അവരുടെ ശ്രദ്ധ മുഴുകുമ്പോൾ അല്ലാഹു ആ വിപത്തിനെ അകറ്റുന്നു; അത് ഒരാളിലോ ഒരുകൂട്ടരിലോ ഒരു രാജ്യത്തോ, ഭരിക്കുന്ന രാജാവിനോ ഏല്ക്കുന്നതാണെങ്കിലും ശരി. അവർ സ്വാത്മാവിനെ നിർമൂലനം ചെയ്ത് അവരുടെ ഇച്ഛ ദൈവേച്ഛയുമായി ഏകീഭവിക്കുന്നു എന്നതാണ് ഇതിലടങ്ങിയിരിക്കുന്ന പൊരുൾ. ഏതെങ്കിലും വിപത്ത് അകലുന്നതിലേക്ക് അവർ ശക്തമായി ശ്രദ്ധ കേന്ദ്രീകരിക്കുകയും ഹൃദയനൊമ്പരത്തോടെ ദൈവത്തിലേക്ക് വേണ്ടത്ര തിരിയുകയും ചെയ്യുമ്പോൾ ദൈവം അവരുടെ പ്രാർഥന കേൾക്കുന്നു എന്നത് അവന്റെ സനാതന നിയമമാകുന്നു. അല്ലാഹു അവരുടെ പ്രാർഥനകൾ റദ്ദാക്കാറില്ല തന്നെ. അവർ ദാസരാണെന്നു കാണിക്കുന്നതിനായി ചിലപ്പോൾ അവരുടെ പ്രർഥന സ്വീകരിക്കാതെ വരുന്നു; അജ്ഞരുടെ ദൃഷ്ടിയിൽ അവർ ദൈവത്തിന്റെ പങ്കാളികളായി മാറാതിരിക്കാൻ. വിപത്തുകൾ സംഭവിക്കുകയും അതുമായി ബന്ധപ്പെട്ട മരണലക്ഷണങ്ങൾ പ്രകടമാകുകയും ചെയ്യാനിടവരുമ്പോൾ ആ വിപത്തിന് താമസം ഉണ്ടാവാറില്ല എന്നത് ദൈവത്തിന്റെ പൊതുവേയുള്ള നടപടിക്രമമാകുന്നു. അത്തരം സാഹചര്യങ്ങളിൽ പ്രാർഥന ഉപേക്ഷിച്ച് സഹനം കൈക്കൊള്ളുകയാണ് ദൈവദാസർക്ക് ഭൂഷണമായിരിക്കുക. നിരാശയുടെയും പ്രതീക്ഷയില്ലായ്മയുടെയും ഘടകങ്ങളും ദുരന്തം പടിവാതിൽക്കൽ എത്തിയെന്നല്ല അതു ഒരു തരത്തിൽ സംഭവിച്ചിരിക്കുന്നുവെന്ന് വ്യക്തമായി കാണുമാറുള്ള അടയാളങ്ങളും വെളിപ്പെടാതിരിക്കുന്ന സമയമുണ്ടല്ലോ. അതാണ് പ്രാർഥനയ്ക്കു യോജിച്ച ഏറ്റവും നല്ല സമയം. കാരണം, താൻ ശിക്ഷയിറക്കുമെന്ന തീരുമാനം ദൈവം അറിയിച്ചാൽ ആ തീരുമാനം അവൻ തിരിച്ചെടുക്കാറില്ലെന്നത് അവന്റെ പൊതുവേയുള്ള നടപടിക്രമമാകുന്നു.

ദൈവത്തിന്റെ ഇഷ്ടജനങ്ങളുടെ പ്രാർഥനകൾ അധികവും സ്വീകരിക്കപ്പെടുന്നു എന്നത് തികച്ചും ശരിയാണ്. അവരുടെ പ്രാർഥന സ്വീകരിക്കുന്നുവെന്നതു തന്നെയാണ് അവരുടെ ഏറ്റവും വലിയ ദൃഷ്ടാന്തം. ക്ലേശസമയത്ത് അവരുടെ ഹൃദയം കഠിനമായി അസ്വസ്ഥമാകുകയും ആ മനോവ്യഥയുടെ തീവ്രതയാൽ അവർ തങ്ങളുടെ നാഥനിലേക്ക് ശ്രദ്ധതിരിക്കുകയും ചെയ്യുമ്പോൾ ദൈവം അവരുടെ പ്രാർഥന കേൾക്കുന്നു. ആ സമയം അവരുടെ കരങ്ങൾ ദൈവകരങ്ങളായിരിക്കും.

ശേഷം പേജ് 26 ൽ

അഹ്മദിയ്യ പ്രസ്ഥാനം- 2

# വാഗ്ദത്ത മസീഹുവാദത്തിന്റെ പൊതുസ്വഭാവം

1924ൽ ലണ്ടനിലെ വെംബ്ലി എക്സിബിഷൻ ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ നടന്ന മതസമ്മേളനത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) അവതരിപ്പിച്ചതും സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ ഇംഗ്ലീഷിൽ വായിച്ചു കേൾപ്പിച്ചതുമായ പ്രബന്ധമാണ് Ahmadiyya Movement അഥവാ അഹ്മദിയ്യാ പ്രസ്ഥാനം എന്ന ഈ ലഘുകൃതി. ഇംഗ്ലീഷിൽ നിന്ന് വിവർത്തനം: ആരിഫ് മുഹമ്മദ് ബി.എം.

## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

വാഗ്ദത്ത മസീഹു വാദത്തിന്റെ കൃത്യമായ സ്വഭാവം ഇവിടെ വിവരിക്കുന്നത് അനിവാര്യമായിരിക്കും. ഈസാനബി(അ) ആകാശത്തിലെവിടെയോ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നും ഒരു നിശ്ചിത കാലത്ത് അദ്ദേഹം ഭൂമിയിലേക്ക് തിരിച്ചു വരുമെന്നുമാണ് ക്രിസ്ത്യാനികളും മുസ്ലിംകളും വിശ്വസിക്കുന്നത്. വാഗ്ദത്ത മസീഹിനെക്കുറിച്ച് അവരോട് പറയുമ്പോൾ അഹ്മദികൾ പുനർജന്മ സിദ്ധാന്തത്തിൽ വിശ്വസിക്കുന്നവരാണെന്ന് ധരിച്ചേക്കാം. പക്ഷേ, ഈസാനബിയുടെ റൂഹ്(ആത്മാവ്) പുനർജനിക്കുമെന്ന് വാഗ്ദത്ത മസീഹ്(അ) എവിടെയും വാദിച്ചിട്ടില്ല എന്നുള്ളതാണ് സത്യം. വാഗ്ദത്ത മസീഹാണെന്ന തന്റെ വാദം കൊണ്ടുദ്ദേശിക്കുന്നത് ഈസാനബിയുടെ പ്രതാപത്തിലും ചൈതന്യത്തിലുമാണ് താൻ വന്നിരിക്കുന്നത് എന്നാണ്. ഈ രണ്ടാം വരവിനെക്കുറിച്ച് ഈസാനബി(അ) തന്നെ വ്യക്തമാക്കിയിട്ടുണ്ട്. മസീഹിനു മുൻപ് ഏലിയാ പ്രവാചകൻ വീണ്ടും വരുമെന്നാണ് ജൂതന്മാർ വിശ്വസിച്ചിരുന്നത്. മസീഹിന്റെ ആവിർഭാവത്തിനു മുൻപ് ഏലിയാ പ്രവാചകന്റെ രണ്ടാം വരവിനെപ്പറ്റി ഒരു നിബന്ധനയെന്നോണം മലാഖി പുസ്തകത്തിൽ സൂചിപ്പിച്ചിരിക്കുന്നു. അതു പറയുന്നു:

**'മഹത്ത്വമേറിയതും ഭയജനകവുമായ കർത്താവിന്റെ ദിനം വരും മുമ്പ് പ്രവാചകനായ ഏലിയായെ ഞാൻ നിങ്ങളുടെ അടുക്കലേക്ക് അയക്കും.' (ബൈബിൾ, മലാഖി 4:5)**

**എന്നാൽ, ഇതു സംഭവിക്കാനിരിക്കെ യേശു വന്നെങ്കിലും ഏലിയ ആകാശത്തു നിന്ന് ഇറങ്ങിയില്ല യേശുവിനോട് ഈ കാര്യത്തെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു:**

**'യോഹന്നാന്റെ കാലം വരെ പ്രവാചകരും നിയമവും പ്രവചനം നടത്തി. നിങ്ങൾക്ക് ഇഷ്ടമുണ്ടെങ്കിൽ ഇതു സ്വീകരിക്കുക; ഇയാളാണ് വരാനുണ്ടായിരുന്ന ഏലിയ.'(മത്തായി11: 13,14)**

ഇങ്ങനെ, ആകാശത്തിൽ നിന്നുള്ള ഒരു പ്രവാചകന്റെ രണ്ടാം വരവു കൊണ്ടുദ്ദേശിക്കുന്നത് അദ്ദേഹത്തിന് സദൃശ്യനായ വ്യക്തിയുടെ ആഗമനമാണെന്നാണ് യേശു വിശദീകരിച്ചത്. ഇതുപോലെയാണ് യേശുവിന്റെ രണ്ടാം വരവിനെയും വ്യാഖ്യാനിക്കേണ്ടത്. ഇത് ഒരു പ്രത്യേക സംഭവത്തിൽ നിന്നും ഊഹിച്ചെടുത്ത നിഗമനമല്ല. മറിച്ച്, തന്റെ രണ്ടാം വരവു കൊണ്ട് യേശു എപ്പോഴും ഉദ്ദേശിച്ചിരുന്നത് മറ്റൊരു പ്രവാചകന്റെ ആഗമനമാണെന്നു സ്ഥാപിക്കുന്നതിന് കൃത്യമായ തെളിവുണ്ട്. യേശു പറയുന്നു: **'കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ എന്നു പറയും വരെ നിങ്ങൾ എന്നെ ഇനി കാണുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.' (മത്തായി 23:39)**

ദൈവത്തിന്റെ പേരിൽ ഒരാൾ വരുമെന്ന് വിശ്വസിക്കുന്നവർക്കാണ് മസീഹിനെ കാണാൻ കഴിയുക എന്ന് ഈ വചനം വ്യക്തമാക്കുന്നു. ആ യേശു തന്നെ വരണം എന്നു ശാഠ്യം പിടിക്കുന്നവർ കാത്തിരിക്കുകയേയുള്ളൂ. അവരുടെ ആ കാത്തിരിപ്പ് ഫലം ചെയ്യില്ല.ഇനി

നമുക്ക് നോക്കാനുള്ളത് യേശുവിന്റെ രണ്ടാം വരവിനെക്കുറിച്ച് എഴുതപ്പെട്ടതെല്ലാം മിർസാ ഗുലാം അഹ്മദി(അ)ൽ നിവർത്തിക്കപ്പെട്ടുവോ എന്നാണ്. യുദ്ധങ്ങളുണ്ടാകുമെന്ന് പറയപ്പെട്ടിരുന്നു. അവയാണെങ്കിൽ മുൻപ് ഒരിക്കലും കണ്ടിട്ടില്ലാത്ത വിധം ആധിക്യത്തോടെയാണ് ഉണ്ടായത്. പ്രത്യേകിച്ചും, കഴിഞ്ഞ ലോക മഹായുദ്ധം. പകർച്ചവ്യാധികൾ ഉണ്ടാകുമെന്ന് പ്രവചനം ചെയ്യപ്പെട്ടിരുന്നു. പക്ഷേ, ആരോഗ്യ സംരക്ഷണ കാര്യത്തിൽ ലോകം വളരെയധികം വികസിച്ചിട്ടും പ്ലേഗും പകർച്ചപ്പനിയും വരുത്തിവച്ച വിനകൾ സമാനതകളില്ലാത്തതാണ്. ഭൂകമ്പങ്ങൾ ഉണ്ടാകുമെന്ന് പ്രവചനം ചെയ്യപ്പെട്ടിരുന്നു.ഇപ്പോൾ നാം അനുഭവിച്ചു കൊണ്ടിരിക്കുന്ന ഭൂകമ്പങ്ങളുടെ തോതും തീവ്രതയും മുൻകാലങ്ങളിൽ നാം കാണാത്തവയാണ്. ക്ഷാമം ഉണ്ടാകുമെന്ന് പറയപ്പെട്ടിരുന്നു. വാഹനസൗകര്യങ്ങൾ ഇത്രയേറെ വികസിച്ചിട്ടും ലോകത്തിന്റെ ചില ഭാഗങ്ങളിൽ കഠിനമായ ക്ഷാമങ്ങളാണ് ഉണ്ടായിട്ടുള്ളത്. അതുപോലെ സൂര്യനും ചന്ദ്രനും ഇരുണ്ടുപോകുമെന്നും നക്ഷത്രങ്ങൾ ഭൂമിയിൽ പതിക്കുമെന്നും എഴുതപ്പെട്ടിരുന്നു. 1894 ൽ സൂര്യനും ചന്ദ്രനും ഗ്രഹണമുണ്ടായപ്പോൾ ഈ അടയാളങ്ങളും പ്രവചനപ്രകാരം വ്യക്തമായി പൂർത്തിയായി. അതുപോലെത്തന്നെ അസാധാരണമായ നിലയിലാണ് അദ്ദേഹത്തിന്റെ കാലത്ത് ഉല്ക്കവർഷം ഉണ്ടായത്.

മാത്രമല്ല, പ്രവചനപ്രകാരം മതാധിപത്യം അവസാനിക്കുകയും ആത്മീയ കാര്യങ്ങളെ ജനങ്ങൾ തീരെ അവഗണിക്കുകയും ചെയ്തതിനാൽ ആത്മീയ സ്വാധീനങ്ങൾക്ക് ഇളക്കം സംഭവിച്ചിരിക്കുന്നു. മസീഹിന്റെ ആഗമനത്തെക്കുറിച്ച് ചെയ്യപ്പെട്ട എല്ലാ പ്രവചനങ്ങളും വ്യക്തമാക്കുന്നത് മസീഹ് വരേണ്ട കാലം ഇതു തന്നെയാണ് എന്നാണ്.

### ഇത് മസീഹിന്റെ കാലമാണെന്നതിനുള്ള സാക്ഷ്യം

മുൻകാല പ്രവചനങ്ങൾക്കുപുറമെ ലോകത്തിന്റെ അവസ്ഥ ഒരു പ്രവാചകന്റെ ആഗമനത്തെ ആവശ്യപ്പെടുന്നു. കാരണം, പ്രവാചകന്മാരെക്കുറിച്ച് നാം വായിച്ചിട്ടുള്ള ആ വിശ്വാസവെളിച്ചം നമുക്ക് ഇന്നെവിടെയാണ് കാണാൻ സാധിക്കുന്നത്? പ്രവാചകന്മാരും അവരുടെ അനുയായികളും മുഖേന ജനങ്ങൾ പതിവായി കാണാനാറുള്ള അടയാളങ്ങളും അദ്ഭുതദൃഷ്ടാന്തങ്ങളും ആർക്ക് കാണിക്കാനാകും? എല്ലാ മതഗ്രന്ഥങ്ങളിലും അത്തരം ഒരുപാട് സംഗതികൾ എഴുതപ്പെട്ടിരിക്കുന്നതായി കാണാം, പക്ഷേ അതിന്റെ പ്രായോഗിക തെളിവ് നമുക്ക് എവിടെയാണ് കണ്ടെത്താനാവുക? മോശെയുടെ അനുയായികൾക്ക് അനുഗ്രഹമായി ലഭിച്ച പ്രവചനം ചെയ്യാനുള്ള കഴിവ് എവിടെ? യേശുവിന്റെ ശിഷ്യന്മാർ പതിവായി കാണിക്കാറുള്ള അടയാളങ്ങൾ എവിടെപ്പോയി? എല്ലാ മതഗ്രന്ഥങ്ങളും ജീവനുള്ള ദൈവത്തെക്കുറിച്ചാണല്ലോ പറയുന്നത്, ഇന്നും ആ ദൈവം ജീവിച്ചിരിപ്പുണ്ടോ? മോശെയുടെ അനുയായികളോട് യഹോവയും ശിഷ്യന്മാരോട് സ്വർഗസ്ഥനായ പിതാവും സൗരാഷ്ട്രന്മാരോട് യസ്ദാനും മുസ്‌ലിംകളോട് അല്ലാഹുവും സ്ഥാപിച്ചിരുന്ന ബന്ധം ഇന്നും അനുയായികളിൽ നിലനില്ക്കുന്നുണ്ടോ? ഇല്ലെങ്കിൽ, ഈ മാറ്റത്തിനുള്ള കാരണമെന്ത്? ഈ മാറ്റം സംഭവിച്ചത് ദൈവത്തിനാണോ അല്ലെങ്കിൽ മനുഷ്യനാണോ? ഈ ചോദ്യത്തെ അഭിമുഖീകരിക്കുന്നതിൽ നിന്ന് ഒഴിഞ്ഞു മാറാനും ഈ മാറ്റം സംഭവിച്ചിരിക്കുന്നു എന്ന് അംഗീകരിക്കാനും വേണ്ടി വെളിപാടു ഗ്രന്ഥങ്ങളിലെ ഉള്ളടക്കത്തെ ദുർവ്യാഖ്യാനിക്കാനും ഗ്രന്ഥഭാഗങ്ങൾക്ക് അവ കല്പിക്കാത്ത അർഥങ്ങൾ നല്കാനുമുള്ള ശ്രമമാണ് നടക്കുന്നത്. ഒരു വ്യാഖ്യാനം അനുപേക്ഷണീയമാകുന്നതിനു മുൻപ് അതു പ്രസക്തമായിരിക്കേണ്ടതുമാണല്ലോ. ഒരു വ്യാഖ്യാനം ന്യായീകരിക്കപ്പെടുന്നത് അതിലുപയോഗിച്ചിരിക്കുന്ന പദങ്ങൾ ആലങ്കാരികമോ പ്രതിരൂപാത്മകമോ ആണെന്ന് അതിന്റെ സന്ദർഭത്തിൽ നിന്നു സ്വയം തെളിയുകയോ അല്ലെങ്കിൽ സമാനമായ പദങ്ങൾ മറ്റിടങ്ങളിൽ പ്രയോഗിക്കുമ്പോൾ എപ്പോഴും അക്ഷരാർഥത്തിലല്ലാത്ത ഒരു വ്യാഖ്യാനം അതിനു ലഭിക്കുകയോ ചെയ്യുമ്പോഴാണ്. ഒരു പ്രത്യേക അർഥത്തിൽ മാത്രം എപ്പോഴും പ്രയുക്തമാകുന്ന ഭാഷാശൈലിക്കും ബാഹ്യാർഥത്തിൽ ഉപരിയായ അർഥം സൂചിപ്പിക്കാറുണ്ട്. അതല്ലെങ്കിൽ ഇന്ന സംഭവം ഇന്ന രീതിയിലാണ് നടന്നത്, ആ പദം സൂചിപ്പിക്കുന്ന ബാഹ്യാർഥത്തിലല്ല എന്നതിന് അഖണ്ഡമായ തെളിവു കണ്ടെത്താവുന്നതാണ്. അതുമല്ലെങ്കിൽ, പ്രതിപാദ്യ വിഷയം സ്ഥാപിത സത്യങ്ങൾക്കോ സ്പഷ്ടമായ ദൈവിക കല്പനകൾക്കോ വിരുദ്ധമാകാം. ഈ സാഹചര്യങ്ങളിലെല്ലാം തന്നെ പ്രസ്തുത ഗ്രന്ഥഭാഗങ്ങളുടെ ശരിയായ അർഥം കണ്ടെത്തുന്നതിന് അക്ഷരാർഥം ധ്വനിക്കാത്ത ഒരു വ്യാഖ്യാനം നല്കാൻ നാം നിർബന്ധിതരാണ്. സർവമതങ്ങളും നൂറ്റാണ്ടുകളായി വിശ്വസിച്ച് അംഗീകരിച്ച സത്യങ്ങളെ നിഷേധിക്കാൻ നമുക്കെങ്ങനെ കഴിയും?

ദൈവം തന്റെ ദാസരോട് സംസാരിച്ചതും അദ്ഭുത ദൃഷ്ടാന്തങ്ങൾ കാണിച്ചതും തന്റെ ദാസാരുമായുള്ള അവന്റെ ബന്ധവുമെല്ലാം മറ്റേതെങ്കിലും വിധത്തിലാണെന്നു നമുക്ക് വകവെച്ചു കൊടുക്കാമെങ്കിലും സംശയാതീതമായ നിലയിൽ ദൈവം മനുഷ്യനോട് ഒരിക്കലും സംസാരിച്ചിട്ടില്ലെന്നോ ഇന്ന മതത്തിന്റെയോ പ്രവാചകന്റെയോ സത്യത സ്ഥാപിക്കാൻ ദൈവം ഒരു അദ്ഭുതദൃഷ്ടാന്തവും കാണിച്ചിട്ടില്ലെന്നോ വ്യക്തമായി ഉറപ്പിക്കാനാവില്ല. ജനങ്ങൾ പൊതുവെ മനസ്സിലാക്കിയതിൽ

നിന്നും വ്യത്യസ്തമായ നിലയി ലുള്ള ബന്ധമായിരുന്നു ദൈവവും മനുഷ്യനും തമ്മിൽ പണ്ടുകാല ങ്ങളിലുണ്ടായിരുന്നതെന്ന് നാം അംഗീകരിച്ചു കൊടുത്താലും താൻ ഇഷ്ടപ്പെടുന്നവരോട് തന്റെ ശക്തിയും സ്നേഹവും കാരുണ്യ വും പ്രകടിപ്പിക്കുന്ന സജീവനായ ഒരു ദൈവം ഉണ്ടെന്ന് ജനങ്ങൾക്ക് തീർപ്പാക്കാൻ കഴിയത്തക്ക രീതി യിൽ അവൻ തന്റെ ദാസരോട് ഒരിക്കലും പെരുമാറിയിട്ടില്ലെന്ന് വിവിധ മതങ്ങളുടെ വേദഗ്രന്ഥ ങ്ങൾ പരിശോധിക്കുമ്പോൾ നീതി പൂർവം നമുക്കു പറയാനാവില്ല. ഇനി നാം വ്യാഖ്യാനത്തിന്റെ വാതിലുകൾ തുറന്നിടുകയും അതിലെ പദങ്ങൾ മാത്രമല്ല, പൗരാണിക ഗ്രന്ഥങ്ങളിൽ വിവരിച്ചി ട്ടുള്ള പ്രവാചകന്മാരുടെയും അവരുടെ അനുചരന്മാരുടെയും അനുയായികളുടെയും ജീവിത ചൈതന്യത്തെ വ്യാഖ്യാനിച്ചാൽ തന്നെ വെളിപാടിറക്കിയ ദൈവം ആഗ്രഹിച്ചതെന്തോ അതു പൂർണ മായി എത്തിക്കാൻ കഴിഞ്ഞില്ലെന്നു പറയാൻ നാം താമസിയാതെ നിർബന്ധിതരാവും. എന്നാൽ, അത്തരം ഒരു ന്യൂനത ദൈവത്തിൽ ആരോപിക്കാൻ നമുക്കാവില്ല. അതിനാൽ തന്നെ സംഗതി അതല്ലെന്ന് പറയേണ്ടിയിരിക്കുന്നു. പ്രവാചകന്മാരും അവരുടെ അനുചരന്മാരും മുഖേന ദൈവം ദിവ്യാദ്ഭുതങ്ങൾ കാണിച്ചു എന്ന കാര്യത്തിൽ വേദഗ്രന്ഥങ്ങൾക്ക് ഏകാഭിപ്രായമാണുള്ളതെന്നും അനുയായികളുടെ വിശ്വാസം ദൃഢീകരിക്കുകയും പൂർണമാകുക യും ചെയ്യുക മാത്രമല്ല മറ്റുള്ള വരുടെ വിശ്വാസത്തിനും പുതു ജീവൻ വെക്കുകയും സർവശക്ത നും സജീവനുമായ ദൈവത്തിന്റെ അസ്തിത്വം ലോകത്ത് സ്ഥാപിത മാവുകയും ചെയ്യുന്നവിധത്തിൽ വ്യക്തമായ നിലയിൽ അവൻ അവരോട് പെരുമാറിയെന്നും നാം സമ്മതിക്കേണ്ടതാണ്.

മുൻകാലങ്ങളിലാണ് ഇതു സംഭവിച്ചത് എന്നത് ശരി തന്നെ. ഈ സംഗതികളുടെ സത്യാവസ്ഥ യെക്കുറിച്ച് സംശയിക്കാവതുമല്ല. അതേസമയം ഇക്കാലത്ത് ഇതെന്തു കൊണ്ട് സംഭവിക്കുന്നില്ല എന്നത് ന്യായമായ ചോദ്യമാണ്. മുൻ കാലങ്ങളിൽ ദൈവം തന്റെ ദാസ രോട് സംസാരിച്ചിരുന്നെങ്കിൽ ഇക്കാലത്ത് അവൻ അവരോടു സംസാരിക്കാത്തത് എന്തുകൊണ്ട്? സങ്കീർണവും സംശയഗ്രസ്തവു മായ കാലങ്ങളിൽ ദൈവം തന്റെ മാർഗദർശനങ്ങൾ ഇറക്കിയിരുന്നെ ങ്കിൽ ഇക്കാലത്ത് അവൻ തന്റെ മാർഗദർശനത്തിന്റെ കവാടങ്ങൾ മനുഷ്യന് തുറന്നു കൊടുക്കാത്തത് എന്തുകൊണ്ട്? എല്ലാ മതങ്ങളും വഴിപിഴച്ചെന്നും ഒരു സത്യവും അതിൽ കാണാനാവില്ലെന്നും അതനുസരിച്ച് പ്രവർത്തിച്ചാൽ ഫലമൊന്നും ലഭിക്കില്ലെന്നുമാണോ അതർഥമാക്കുന്നത്? അല്ലെങ്കിൽ, സത്യമതം നിലനില്ക്കുന്നുണ്ടെങ്കി ലും മനുഷ്യൻ അതനുസരിച്ച് പ്രവർത്തിക്കാതുകൊണ്ടാണ് ആത്മീയ ലോകത്ത് അഭിവൃദ്ധി പ്പെടാത്തത് എന്നാകാമോ? ഏതു കാഴ്ചപ്പാടു നാം സ്വീകരിച്ചാലും ഒരു പുതിയ മതത്തിന്റെ ആവശ്യമു ണ്ടെന്ന് മനസ്സിലാക്കിയ ദൈവം അങ്ങനെയൊന്ന് എന്തുകൊണ്ട് ഇറക്കിയില്ല എന്ന ചോദ്യം ഉയരുന്നതാണ്. അനുസരിച്ചു പ്രവർത്തിക്കാൻ ഒരു മാർഗദർശനം അവൻ ആദ്യമേ തന്നിട്ടുണ്ടെങ്കിൽ, ജനങ്ങൾ അതിൽ ശ്രദ്ധിക്കാതിരി ക്കുകയാണ് ചെയ്തതെങ്കിൽ അവരെ സൽപന്ഥാവിലേക്ക് നയിക്കാനും ദൈവസാമീപ്യം ലഭിച്ച് അങ്ങനെ സൃഷ്ടിയുദ്ദേശ്യം നിവർത്തിക്കപ്പെടുന്നതിനുമായി ഒരു പരിഷ്ക്കർത്താവിനെ അവൻ എന്തുകൊണ്ട് എഴുന്നേല്പിച്ചില്ല? ലൗകികതയിലകപ്പെട്ട് ഉഴറുന്ന മാനവസമൂഹത്തെക്കണ്ട് കാരുണ്യ വാനും സ്നേഹനിധിയുമായ ദൈവം അനങ്ങാതിരിക്കുകയും അവരുടെ സന്മാർഗത്തിനായി ഒരേർപ്പാടും ചെയ്യുകയില്ലെന്നും വിശ്വസിക്കാൻ പ്രയാസമാണ്. ദൈവം മാതാപിതാക്കളേക്കാൾ കാരുണ്യവാനായിരിക്കേണ്ടതാണല്ലോ. മാതാപിതാക്കൾ മനുഷ്യസൃഷ്ടി പ്പിനുള്ള ഒരുപാധി മാത്രമാകുന്നു. എന്നാൽ, ദൈവം അവരുടെ സ്രഷ്ടാവാണെന്നു മാത്രമല്ല മനുഷ്യസൃഷ്ടിപ്പിന്റെ പരമലക്ഷ്യ വും കൂടിയാണ്. മാതാപിതാ ക്കളുമായുള്ള കുട്ടിയുടെ ബന്ധം താത്കാലികമാകുന്നു. എന്നാൽ ദൈവവുമായി അവനുള്ള ബന്ധം ശാശ്വതമാണ്. മാതാപിതാക്കളുടെ കഴിവുകളും സ്രോതസ്സുകളും പരിമിതവും നശ്വരവുമാണ്. എന്നാൽ ദൈവത്തിന്റെ ശക്തി പ്രഭാവങ്ങൾ അപരിമിതവും അവന്റെ ഖജനാവ് ശോഷിക്കാത്ത തുമാണ്. തന്റെ സൃഷ്ടികളോട് ഈ രീതിയിൽ പെരുമാറുന്ന, പരമമായ ശക്തിക്കുടമയായ ആ ദൈവം തന്റെ സൃഷ്ടികളെ വിസ്മരിച്ചു കൊണ്ട് അവരുടെ യാതനകളോട് നിസ്സംഗത കാണിക്കുക സാധ്യമല്ല. തന്റെ ദുർബല സൃഷ്ടികളോട് കരുണ കാണിക്കണമെന്ന് നിഷ്കർ ഷിക്കുന്നവൻ മാനവരാശിക്ക് ആദ്ധ്യാത്മിക മാർഗദർശനത്തിനും ആത്മീയോത്കർഷത്തിനുമുള്ള ഏർപ്പാടു ചെയ്യാതെ അന്ധകാര ത്തിൽ അലക്ഷ്യമായി അലഞ്ഞു തിരിയാൻ വിട്ടുകളയുകയും വെളിച്ചം തേടി നടക്കുന്നവരെ ശ്രദ്ധിക്കാതിരിക്കുകയും ചെയ്യാൻ മാത്രം നിർദയനല്ല. ഒരു ദൈവ മുണ്ടെങ്കിൽ അവൻ അത് അനുവദി ക്കുകയില്ല തന്നെ. തന്റെ ദാസരുടെ വിഷമസന്ധികളെ മനസ്സിലാക്കുന്ന ദൈവം അവയെ ഇല്ലായ്മ ചെയ്യാ നുള്ള സൗകര്യം ചെയ്യുന്നില്ലെങ്കിൽ ഒന്നുകിൽ അവന് മാനവരാശിയെ സന്മാർഗത്തിൽ നടത്താനുള്ള കഴിവില്ലെന്നോ അല്ലെങ്കിൽ ദൈവികഭാഷണം സിദ്ധിക്കുകയല്ല മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യമെ ന്നോ മൃഗങ്ങളെ പോലെ വെറും അന്നപാനത്തിനും ലൗകികാസ്വാദ നത്തിനും വേണ്ടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നോ പറഞ്ഞ് അവസാനിപ്പിക്കേണ്ടിവരും. ഇതിലെ ഓരോ കാര്യവും അസ്വീകാര്യമാണ്. (തുടരും)

ഭാഗം – 2

# ഹദ്റത്ത് മൗലാനാ ഹഖീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹഖീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

**ഇബ്നു വഫാ ബേപ്പൂർ**

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് വിവരിക്കുകയാണ്. എന്റെ പിതാവ് ഹദ്റത്ത് ഹാഫിസ് ഗുലാം റസൂൽ സാഹിബിനു വേറെ സഹോദരന്മാരോ സഹോദരിമാരോ ഉണ്ടായിരുന്നില്ല. അതു പോലെ എന്റെ പിതാമഹൻ ഹദ്റത്ത് ഹാഫിസ് ഗുലാം മുഹമ്മദ് സാഹിബിനും പ്രപിതാമഹൻ (great grandfather) ഹാഫിസ് മഅസുദ്ദീൻ സാഹിബിനും വേറെ സഹോദരി സഹോദരന്മാർ ഉണ്ടായിരുന്നില്ല. ഇതുപോലെ മുൻവംശ പരമ്പരയിലെ കഴിഞ്ഞ പതിനൊന്നു തലമുറയിലെ പൂർവ്വ പിതാക്കൾക്കു സഹോദരന്മാരോ സഹോദരിമാരോ ഉണ്ടായിരുന്നില്ല. അവരെല്ലാവരും തന്നെ തങ്ങളുടെ പിതാവിന്റെ ഏക സന്താനമായിരുന്നു. എല്ലാവരും ഖുർആൻ ഹാഫിസുമായിരുന്നു.

എന്റെ പിതാവ് ഖുർആൻ മജീദിനോട് എന്തെന്നില്ലാത്ത സ്നേഹവും പ്രതിപത്തിയും കാണിക്കുന്ന ഒരു സാത്വികനായിരുന്നു. സാമ്പത്തികമായി വളരെ ഉന്നതനിലവാരത്തിലായിരുന്ന അദ്ദേഹം മനസ്സുകൊണ്ടും വളരെ സമ്പന്നനും വിശാലമനസ്ക്കനുമായിരുന്നു. ധാരാളം പണം ചെലവഴിച്ചു ഖുർആൻ വില കൊടുത്തു വാങ്ങി നാടിന്റെ മുക്കിലും മൂലയിലും അത് വിതരണം ചെയ്യുമായിരുന്നു. ഒരിക്കൽ ബോംബെയിലുള്ള ഒരു പുസ്തക വ്യാപാരി മുപ്പതിനായിരം രൂപ വില വരുന്ന ഖുർആൻ പ്രതികളുമായി ഭേരയിൽ ചെന്നപ്പോൾ പിതാവ് അതുകാണുകയും മുഴുവൻ ഖുർആനും മറ്റുള്ളവർക്കു വിതരണം ചെയ്യുന്നതിനായി വില കൊടുത്തു വാങ്ങുകയും ചെയ്തു. എന്റെ മൂത്ത സഹോദരിയുടെ കല്ല്യാണത്തിനു സമ്മാനമായി പലതും നൽകിയപ്പോൾ മറ്റു സാധനങ്ങളുടെ ഏറ്റവും മുകളിൽ ഖുർആൻ മജീദായിരുന്നു വെച്ചിരുന്നത്.

തുടർന്നു പറയുകയാണ്, എന്റെ പിതാവ് മക്കളുടെ ആരോഗ്യ വിദ്യാഭ്യാസ ശിക്ഷണപരമായ എല്ലാ കാര്യങ്ങൾക്കും വളരെ പ്രാധാന്യം കൽപിച്ചിരുന്നു. വീട്ടിൽ സാധാരണ ഭക്ഷണത്തോടൊപ്പം ആപ്പിളും ഉറുമാംപഴവും മുന്തിരിയും കൂടാതെ മറ്റു നാടുകളിൽ നിന്നുള്ള പലതരം പഴങ്ങളും അധികവും ഉണ്ടാകുമായിരുന്നു. അതുപോലെ തന്നെ മക്കൾക്ക് നല്ല പോഷകാഹാരങ്ങൾ ലഭിക്കുന്നതിനായി പിതാവ് എപ്പോഴും ശ്രദ്ധിച്ചിരുന്നു. എരുമയെ പോറ്റിയിരുന്നത് കൊണ്ട് ശുദ്ധമായ പാൽ, തൈര്, വെണ്ണ മുതലായവ വീട്ടിൽ തന്നെ സുലഭമായി ലഭിച്ചിരുന്നു. പക്ഷേ, ഞങ്ങൾക്കൊരിക്കലും തന്നെ പിതാവ് പണം കൈയിൽ നൽകിയിരുന്നില്ല. സാധാരണ നിലയിൽ എന്താവശ്യമുണ്ടായാലും അതിന്റെ സ്വഭാവം നോക്കി അതു സാധിച്ചു തരുമായിരുന്നു. ഒരിക്കൽ ഒരു പെരുന്നാൾ ദിവസം പള്ളിയിലേയ്ക്കു പോകുമ്പോൾ ഉപ്പാ, ഇന്ന് പെരുന്നാളാണ് എനിക്ക് പൈസ വേണം എന്ന് ഞാൻ പറഞ്ഞപ്പോൾ നിനക്കെന്തിനാണ് പണം? നിനക്കെന്താണ് വേണ്ടത്, ഞാനതു വാങ്ങി തന്നാൽ പോരെ എന്നു ചോദിച്ചു. പിന്നീട് അരയണ തരികയുണ്ടായി.

മക്കളുടെ വിദ്യാഭ്യാസ കാര്യത്തിൽ പിതാവ് കാണിച്ചിരുന്ന താൽപര്യവും ഉത്സുകതയും വിവരിച്ചു കൊണ്ട് ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) പറയുകയാണ്, എന്റെ നാട്ടിൽ മദൻ ചന്ദ് എന്നു പേരുള്ള പ്രശസ്തനായ ഒരു പൺഡിതനുണ്ടായിരുന്നു. ഫാർസി ഭാഷയിൽ അഗാധജ്ഞാനമുള്ള അദ്ദേഹം നിർഭാഗ്യവശാൽ കുഷ്ഠ രോഗത്തിന്നടിമപ്പെട്ടിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ താമസം സാധാരണ ജനങ്ങളിൽ നിന്ന് അകന്നായിരുന്നു ഉണ്ടായിരുന്നത്. ഞങ്ങളുടെ പിതാവ് എന്റെ മൂത്ത സഹോദരനെ പഠിക്കാനായി മദൻ ചന്ദിന്റെ അടുക്കൽ കൊണ്ടു

ചെന്നാക്കി. ഇതു കണ്ടു നാട്ടുകാർ പറയാൻ തുടങ്ങി, എന്ത് നല്ല സുമുഖനായ കുട്ടിയാണ്. അവനെ എന്തിനാണു കുരുതി കൊടുക്കുന്നത്. അപ്പോൾ എന്റെ പിതാവ് പറഞ്ഞത് വിവരവും വിദ്യാഭ്യാസവുമില്ലാത്ത ആരോഗ്യവാനായ പാമരനേക്കാൾ ഉത്തമൻ കുഷ്ഠരോഗിയായ പൺഡിതനാണ്. അതുകൊണ്ട് മദൻ ചന്ദിനെ പോലെ പൺഡിതനായ ശേഷം എന്റെ മകൻ കുഷ്ഠരോഗി ആയിപ്പോയെങ്കിൽ സാരമില്ല എന്നാണ്. വിദ്യാഭ്യാസത്തിനു അദ്ദേഹം നൽകിയിരുന്ന സ്ഥാനം എന്തായിരുന്നുവെന്നു ഇതിൽ നിന്നും വ്യക്തമാണ്. തുടർന്നു ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) നമ്മെ ഉപദേശിച്ചു കൊണ്ട് പറയുകയാണ്. നിങ്ങളും നിങ്ങളുടെ മക്കളുടെ വിദ്യാഭ്യാസ കാര്യത്തിൽ ഇത്തരത്തിൽ അതീവ ശ്രദ്ധാലുക്കളായിരിക്കണം. എന്നിട്ടു പറഞ്ഞു ഇന്നെന്റെ പിതാവ് ജീവിച്ചിരുന്നുവെങ്കിൽ ഒരുപക്ഷേ, വിദ്യാഭ്യാസത്തിനായി എന്നെ അമേരിക്കയിലേക്ക് അയക്കുമായിരുന്നു.

## സ്നേഹധനനായ പിതാവ്

ഞങ്ങൾ മക്കൾ കുട്ടിക്കാലത്തെ വികൃതി കാരണം വല്ല നഷ്ടമോ കോട്ടമോ ഉണ്ടാക്കിയാലും പിതാവ് ഒരിക്കലും ദ്വേഷ്യപ്പെട്ടിരുന്നില്ല. ഒരിക്കലും ശിക്ഷിച്ചിരുന്നില്ല. ഞാൻ തഖ്ത്തിയിൽ (നമ്മുടെ നാട്ടിൽ ചെറിയ ക്ലാസ്സിലെ കുട്ടികൾ ഉപയോഗിക്കുന്ന സ്ലെറ്റിനു പകരം ഉപയോഗിക്കുന്ന മരപ്പലക) എഴുതി പഠിക്കുന്ന കാലത്ത് അതു മായിക്കുകയും വെള്ളം കൊണ്ട് വൃത്തിയാക്കുകയും ചെയ്യുമ്പോൾ കൈയും കൂടെ ഉടുപ്പും വൃത്തികേടാകുന്നത് പിതാവ് കണ്ടു. അങ്ങനെ എനിക്കു വേണ്ടി കുറെ വെള്ള കടലാസ്സു വാങ്ങി മുറിച്ച് നോട്ടു ബുക്കു രൂപത്തിൽ ഒരാളെ കൊണ്ട് തുന്നിപ്പിച്ചു തന്നു. കിട്ടിയ ഉടനെ ഞാനതിൽ തോന്നിയ പോലെ പലതും എഴുതാനും വരക്കാനും തുടങ്ങി. ഉറുദു അക്ഷരങ്ങൾ എഴുതി പഠിക്കാൻ വേണ്ടിയായിരുന്നു പിതാവ് ഈ നോട്ട് ബുക്ക് ഉണ്ടാക്കിച്ചു തന്നത്. ഞാനാണെങ്കിൽ അൽപ സമയം കൊണ്ടു തന്നെ നോട്ടു ബുക്ക് കുത്തി വരച്ചു പേജുകൾ ഏറെക്കുറെ തീർത്തു. ഇതു കണ്ട എന്റെ ജ്യേഷ്ഠൻ, പിതാവ് പുറത്ത് നിന്ന് വീട്ടിൽ വന്ന ഉടനെ, നൂറുദ്ദീൻ നോട്ട് ബുക്ക് മുഴുവനും കുത്തി വരഞ്ഞ് നഷ്ടപ്പെടുത്തി എന്ന് പറഞ്ഞപ്പോൾ, ഉപ്പ പറഞ്ഞു, സാരമില്ല, നീ അവന്റെ ഇത്തരം കണക്കുകൾ എഴുതി വെച്ചോളൂ. അവൻ വലുതായാൽ നമുക്ക് അവന്റെ സമ്പാദ്യത്തിൽ നിന്ന് കണക്കു പറഞ്ഞു വാങ്ങാം എന്ന് തമാശ പറഞ്ഞതേയുള്ളൂ.

മറ്റൊരു സംഭവം മൌലവി നൂറുദ്ദീൻ സാഹിബ് വിവരിക്കുകയാണ്, ഒരിക്കൽ ഉപ്പ എനിക്ക് വേണ്ടി കശ്മീരിൽ നിന്ന് കുട്ടികൾക്ക് വേണ്ടിയുള്ള ചെറിയ ചെറിയ കഥകളും മറ്റുപദേശങ്ങളും അടങ്ങിയ പൊതുവിൽ ഗുലിസ്താൻ എന്ന് വിളിക്കുന്ന പുസ്തകം വാങ്ങി കൊണ്ടു വന്നു തന്നു. കുറച്ചു ദിവസങ്ങൾക്ക് ശേഷം ഞാൻ അതിന്റെ മീതെ മഷിക്കുപ്പി അലസമായി വെക്കുകയും അത് തട്ടി മറിഞ്ഞ് മഷി ബുക്കിൽ പരക്കുകയും ചെയ്തു. ബുക്ക് മുഴുവനും ചീത്തയായി. എനിക്കും വലിയ വിഷമമായി. ഞാൻ ചെന്ന് പിതാവിനോട് പറഞ്ഞു, ഉപ്പാ, മഷിക്കുപ്പി മറിഞ്ഞ് ബുക്ക് മുഴുവനും ചീത്തയായി. പിതാവ് വളരെ സ്നേഹത്തോടെ പറഞ്ഞു, സാരമില്ല, നമുക്ക് വേറെ വാങ്ങിക്കാം. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറയുകയാണ്. ഞാനെന്റെ മാതാപിതാക്കളെ ഒരിക്കൽ പോലും ദ്വേഷ്യഭാവത്തിൽ കണ്ടിട്ടില്ല. എന്നാൽ ഞാൻ ചിലപ്പോൾ എന്റെ മകൻ അബ്ദുൽ ഹൈയ്യോടു അൽപം ദ്വേഷ്യം കാണിച്ചു പോകാറുണ്ട്. തന്റെ മാതാപിതാക്കളോട് നൂറുദ്ദീൻ സാഹിബിനു എന്തെന്നില്ലാത്ത സ്നേഹവും ബഹുമാനവുമാണുണ്ടായിരുന്നത്. അദ്ദേഹം പറയുന്നു. ഞാനെന്റെ മാതാപിക്കൾക്കു വേണ്ടി വളരെ ദീർഘമായി ദുആ ചെയ്യാറുണ്ട്. ഒരിക്കലും ഞാൻ ദുആ ചെയ്തു ക്ഷീണിക്കാറില്ല. അതു പോലെ തന്നെ സ്വന്തം മാതാപിതാക്കൾക്കു കൂടി ദുആ ചെയ്യാത്ത ഒരു മയ്യത്തു നമസ്ക്കാരവും ഞാൻ നമസ്ക്കരിച്ചിട്ടില്ല.

## ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന്റെ കുട്ടിക്കാലത്തെ ചില ഓർമ്മകൾ

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് കുട്ടിക്കാലത്തെ ചില സംഭവങ്ങൾ വിവരിച്ചു കൊണ്ട് പറയുകയാണ്. ഞാൻ ഒരിക്കലും ആരേയും ചീത്ത വിളിച്ചിരുന്നില്ല. കാരണം ചീത്ത വിളി എനിക്ക് അങ്ങേയറ്റം വെറുപ്പായിരുന്നു. എന്റെ മുന്നിൽ വെച്ചു പോലും മറ്റു കുട്ടികൾ പരസ്പരം ചീത്ത വിളിക്കാറുണ്ടായിരുന്നില്ല. ഞാൻ വരുന്നത് കണ്ടാൽ തന്നെ കുട്ടികൾ പരസ്പരം പറയും. അതാ അവൻ വരുന്നുണ്ട്. ഇനി സംസാരിക്കുമ്പോൾ സൂക്ഷിച്ചോളൂ.

ചെറിയ ക്ലാസ്സിൽ പഠിക്കുന്ന കാലത്ത് ഒരിക്കൽ ഉസ്താദ് ഞങ്ങളെ നമസ്ക്കരിക്കാനായി പള്ളിയിലേക്കയച്ചു. ഞങ്ങളിൽ വളരെ വികൃതിയും താന്തോന്നിയുമായ ഒരു കുട്ടി ഉണ്ടായിരുന്നു. അവൻ വുസു എടുത്ത ശേഷം എല്ലാവരേയും വിളിച്ചിട്ടു പറഞ്ഞു എന്തു നമസ്ക്കാരം. ആരു നമസ്കരിക്കാൻ. അതിന്റെ ആവശ്യമൊന്നുമില്ല. അവൻ നമസ്ക്കാരത്തിൽ നിന്നു മറ്റുള്ളവരെ പിന്തിരിപ്പിക്കുകയും ഉസ്താദിനോടു കള്ളം പറയാൻ പേരിപ്പിക്കുകയും ചെയ്തു. എന്നിട്ടു എല്ലാവരും നമസ്ക്കരിച്ചു എന്നു ഉസ്താദിനെ കാണിക്കാനായി നെറ്റിയിൽ കുറച്ചു മണ്ണും പൊടിയും പുരട്ടി. അവൻ വലുതായപ്പോൾ നല്ല ഒന്നാന്തരം കള്ളനായി മാറി. ഞങ്ങളുടെ പട്ടണത്തിൽ അവന്റെ പേര് കള്ളന്മാരുടേയും ഗുണ്ടകളുടേയും

തെമ്മാടികളുടേയും പട്ടികയിൽ ഒന്നാം സ്ഥാനത്തായിരുന്നു. ഒരിക്കൽ അവൻ പോലീസിൽ നിന്നും രക്ഷപ്പെടാനുള്ള ശ്രമത്തിനിടയിൽ ഉയരത്തിൽ നിന്നും ചാടിയതിന്റെ ഫലമായി വീഴുകയും നല്ല പരിക്കു പറ്റുകയും പിടിക്കപ്പെട്ടു ജയിൽ ശിക്ഷ അനുഭവിക്കേണ്ടി വരികയും ചെയ്തു. എല്ലായിപ്പോഴും നാം നമസ്ക്കാരം കൃത്യമായി ഹൃദയം കൊണ്ട് അനുഷ്ഠിക്കുകയാണ് വേണ്ടത്.

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറയുകയാണ്. ഞാൻ ഒരു തരത്തിലുള്ള കളികളിലും ഏർപ്പെട്ടിരുന്നില്ല. നീന്തലായിരുന്നു ഞാൻ ഏർപ്പെട്ടിരുന്ന ആകെയുള്ള കളി. എനിക്കു നീന്തൽ നല്ല വശമായിരുന്നു. ഞാൻ പല വലിയ നദികളിലും പുഴകളിലും നീന്തിയിട്ടുണ്ട്. സ്വദേശമായ ഭേരയുടെ അടുത്തുകൂടി ഒഴുകിയിരുന്ന ജഹ്ലം നദിയിൽ പോയി നീന്തിക്കുളിക്കുന്നത് എനിക്കു വലിയ ഇഷ്ടമായിരുന്നു. ഞാൻ പലപ്പോഴും അവിടെ നീന്താൻ പോയിട്ടുമുണ്ട്. നദിക്കു കുറുകെ നീന്തിയിട്ടുണ്ട്.ഒരിക്കൽ നല്ല തണുപ്പുകാലത്ത് വെറുതെ നദിക്കരയിൽ ചെന്നപ്പോൾ അവിടെ ചാരം ശരീരത്തിൽ തേച്ചിട്ടുള്ള ഏറെക്കുറെ നഗ്നനായ ഫക്കീറിനെ കണ്ടു.ഞാനയാളുടെ അടുക്കൽ ചെന്നിട്ടു വളരെ ആശ്ചര്യത്തോടെ ചോദിച്ചു നിങ്ങൾക്കു തണുപ്പനുഭവപ്പെടാത്തതെന്തുകൊണ്ടാണ്. അയാൾ പറഞ്ഞു ഞാൻ സൻഖിയ (ആർസനിക്ക് എന്ന വിഷവസ്തുവാണ് സൻഖിയ)യും അതുപോലെ ശരീരത്തിനു ചൂടു പകരുന്ന മറ്റു വസ്തുക്കളും കഴിക്കാറുണ്ട്. മാത്രവുമല്ല ചാരം ശരീരത്തിൽ തേച്ചു തേച്ചു പിടിപ്പിക്കുന്നതു കൊണ്ട് ചാരത്തിന്റെ ഒരു പാളി ശരീരത്തിൽ ഒട്ടി നിൽപുണ്ട്. അതുകൊണ്ടാണ് തണുപ്പനുഭവപ്പെടാത്തത്. ഇത്തരക്കാരുടെ ലക്ഷ്യം അല്ലാഹുവിനെ പ്രാപിക്കലോ അവന്റെ സാമീപ്യമോ ഒന്നും അല്ല സാധാരണക്കാരുടെ മുന്നിൽ അമാനുഷിക ശക്തിയുണ്ടെന്നു കാണിക്കൽ മാത്രമാണ്.

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറയുകയാണ്. എനിക്ക് വളരെ ചെറുപ്പകാലം തൊട്ട് പുസ്തകങ്ങളോട് എന്തെന്നില്ലാത്ത അഭിനിവേശമായിരുന്നു. ആ സമയത്തു പുസ്തകത്തിന്റെ ഉള്ളടക്കമല്ല ഞാൻ ശ്രദ്ധിച്ചിരുന്നത്. ഭംഗിയുള്ള പുറം ചട്ടയുള്ള പുസ്തകങ്ങൾ എന്നെ വല്ലാതെ ആകർഷിച്ചിരുന്നു. ഞാനത് ശേഖരിച്ചു വെക്കാൻ ശ്രമിക്കാറുണ്ട്. പിന്നീട് കുറച്ചു കൂടി വളരുകയും കാര്യങ്ങൾ കൂടുതലായി മനസ്സിലാക്കാൻ തുടങ്ങുകയും ചെയ്തപ്പോഴാണ് പ്രയോജനപ്രദങ്ങളായ പുസ്തകങ്ങൾ ശേഖരിക്കാൻ തുടങ്ങിയത്.

ഞങ്ങളുടെ പ്രദേശത്തു കുപ്രസിദ്ധനായ വളരെ വലിയ ഒരു വലിയ കൊള്ളക്കരനുണ്ടായിരുന്നു. സിക്കുകാരുടെ ഭരണകാലമായിരുന്നു അന്ന്. അവൻ പിടിക്കപ്പെട്ടപ്പോൾ അവന്റെ തല അറുത്തു വേറെയാക്കി. ഒരു സ്ഥലത്തു കെട്ടിത്തൂക്കി. ജനങ്ങളെല്ലാം അവനെ വളരെയധികം വെറുത്തിരുന്നു. അതുകൊണ്ട് ആ പ്രദേശത്തുള്ളവരെല്ലാം തന്നെ കെട്ടിത്തൂക്കിയ അവന്റെ മൃതദേഹം കാണാൻ പോയിരുന്നു. ഞാനും പോയി കണ്ടതു എനിക്കു നന്നായി ഓർമ്മയുണ്ട്. പക്ഷേ, തനിച്ചായിരുന്നോ അതോ മറ്റു വല്ലവരുടേയും കൂടെയാണോ പോയത് എന്നു ഓർമ്മയില്ല.

എന്റെ പിതാവ് വലിയ നടത്തക്കാരനായിരുന്നു. വളരെ ദൂരെ സ്ഥലങ്ങളിലേക്കു നടക്കുമായിരുന്നു. എന്നാൽ എനിക്ക് അധികം നടക്കാൻ സാധിക്കാറില്ല. കുറച്ചു നടക്കുമ്പോഴേക്കും ഞാൻ ആകെ ക്ഷീണിച്ചു പോകും. ചൂടും ദാഹവും അനുഭവപ്പെടും. എന്റെ മാതാവിനും അധികം നടക്കാൻ സാധിക്കാറില്ല. ഒരു പക്ഷേ ഞാൻ എന്റെ മാതാവിനെ പോലെയായിരുന്നിരിക്കണം. എന്നാൽ ഞാൻ യുവാവായിരുന്നപ്പോൾ പഠനകാലത്തു ധാരാളമായി നടക്കാറുണ്ടായിരുന്നു.

## സഹോദരൻ മൌലവി സുൽത്താൻ അഹ്മദ് സാഹിബ്

മൌലവി സുൽത്താൻ അഹ്മദ് സാഹിബ് ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ മൂത്ത സഹോദരനാണ്. നല്ലൊരു പൺഡിതനാണ്. തന്റെ അനുജന്റെ വിദ്യാഭ്യാസ കാര്യത്തിലും ശിക്ഷണ കാര്യങ്ങളിലും കൂടുതലായി അദ്ദേഹം ശ്രദ്ധ പതിപ്പിച്ചിരുന്നു. ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന്നും തന്റെ ജ്യേഷ്ഠനോട് അതിരറ്റ സ്നേഹവും ബഹുമാനവുമായിരുന്നു. കുട്ടിക്കാലത്തെ ഒരു സംഭവം വിവരിച്ചു കൊണ്ട് ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറയുകയാണ്. എന്റെ ചെറുപ്രായത്തിൽ ഭേരയിലെ വലിയ പള്ളിയിൽ ജ്യേഷ്ഠൻ മൌലവി സുൽത്താൻ അഹ്മദ് സാഹിബ് ഒരിക്കൽ പ്രസംഗിച്ചു കൊണ്ട് പറഞ്ഞത് ഞാൻ നന്നായി ഓർക്കുന്നു.

الدُنيا جِيفَة و طُلَابُهَا كِلابٌ

(അദ്ദുൻയാ ജീഫത്തുൻ വ തുല്ലാബുഹാ കിലാബുൻ) ഈ ഹദീസ് വിവരിച്ചു (ഇത് ഹദീസല്ല മറിച്ചു ഹദ്റത്ത് അലി (റ) യുടെ വാക്കുകളാണ് എന്നും ഇതിനെ കുറിച്ചു അഭിപ്രായമുണ്ട്) കൊണ്ട് അദ്ദേഹം പറഞ്ഞു. ജീഫത്തുൻ എന്നാൽ ചീഞ്ഞളിഞ്ഞ, ജീർണിച്ച ശവം എന്നാണർത്ഥം. ഈ ദുനിയാവ് ചീഞ്ഞളിഞ്ഞ ഒരു ശവം പോലെയാണ്. അതാണെല്ലാം അതു മാത്രം മതി എന്നു മനസ്സിലാക്കി കൊണ്ട് അതിനു വേണ്ടി കടിപിടി കൂടുന്നവർ നായിക്കളാണ്. ഇവിടെ കിലാബ് (നായ്ക്കൾ) എന്നു വിവരിച്ച സ്ഥലത്ത് ഗുറാബുൻ (കാക്കകൾ) എന്നു പറയാതിരുന്നതിന്റെ കാരണമെന്താണ് എന്നതിനെക്കുറിച്ചു വിവരിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു നായയും കാക്കയും രണ്ടും ശവം തീനികളാണ്. പക്ഷേ, നായകൾക്ക് ഒരു

പ്രത്യേക സ്വഭാവമുണ്ട്. അവയ്ക്കു ആവശ്യമുള്ളതിനേക്കാൾ എത്ര തന്നെ കൂടുതൽ ഭക്ഷണം ലഭിച്ചാലും മറ്റു നായ്ക്കൾ വന്നാൽ മുരണ്ടു കൊണ്ട് അവയെ ഓടിക്കാൻ ശ്രമിക്കും. തിന്നാൻ സമ്മതിക്കുകയില്ല.എല്ലാം തനിക്കു വേണം എന്ന ഭാവമാണ് അവറ്റകൾക്ക്. അതേ സമയം കാക്ക അങ്ങനെയല്ല. ഒരു കാക്കയ്ക്കു വല്ലതും കിട്ടിയാൽ കാ കാ എന്നു വിളിച്ചു കൊണ്ട് വർഗ്ഗ സ്നേഹം കാണിച്ചു എല്ലാവരേയും ക്ഷണിക്കും. നായകൾക്കു വർഗ്ഗ സ്നേഹമില്ല.എന്നാൽ കാക്കകൾ വർഗ്ഗ സ്നേഹമുള്ളവരാണ്.

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് (റ) ആ കാലത്തെ വിദ്യാഭ്യാസ രീതി വിവരിച്ചുകൊണ്ട് പറയുകയാണ്, ഞാൻ കുറച്ചു വലുതായപ്പോൾ പിതാവെന്നെ സ്ക്കൂളിൽ ചേർത്തു. ഒരു മുറിയിൽ പലതരത്തിലും വിവിധ മതചിന്താഗതിയിലുമുള്ള കുട്ടികൾ എല്ലാവരും ഒന്നിച്ചിരുന്നു ഒരു പാഠം പഠിക്കുന്ന അല്ലെങ്കിൽ പഠിപ്പിക്കുന്ന ഇന്നത്തെ രീതി പോലെയായിരുന്നില്ല അന്നത്തെ സ്ക്കൂൾസമ്പ്രദായം. എന്റെ ഉസ്താദാണെങ്കിൽ ഒരു പ്രത്യേക സ്വഭാവക്കാരനായിരുന്നു. അദ്ദേഹം പത്ത് കുട്ടികളെ പോലും ഒന്നിച്ചിരുത്തി പഠിപ്പിച്ചിരുന്നില്ല. ഓരോ കുട്ടിയേയും തന്റെ അടുക്കൽ വിളിച്ചു പാഠങ്ങൾ ഗ്രഹിക്കുവാനുള്ള അവന്റെ കഴിവനുസരിച്ചായിരുന്നു അവനെ പഠിപ്പിച്ചിരുന്നത്. ഉത്സാഹവും കഠിനാദ്ധ്വാനവും ചെയ്തു നന്നായി പഠിക്കുന്ന കുട്ടികൾക്ക് കൂടുതൽ പാഠങ്ങൾ ലഭിക്കുകയും അവർ മുന്നോട്ട് വേഗം എത്തുകയും ചെയ്തിരുന്നു. ഇതിലൂടെ അധ്യാപകർക്കും ശിഷ്യർക്കുമിടയിൽ ഒരു പ്രത്യേക ബന്ധം ഉയർന്നു വന്നിരുന്നു. ഉസ്താദിനെ കൂടുതൽ ആദരിക്കുകയും അവരെ സേവിക്കുകയും ചെയ്യുന്ന കുട്ടികളെ ഉസ്താദും കൂടുതൽ ശ്രദ്ധിച്ചിരുന്നു. ആ കാലത്ത് ട്യൂഷൻ സമ്പ്രദായം ഉണ്ടായിരുന്നതേയില്ല. അധ്യാപകർക്ക് ലഭിച്ചിരുന്ന വേതനത്തിൽ അവർ തൃപ്തരും സന്തുഷ്ടരുമായിരുന്നു. അതുകാരണം സ്ക്കൂൾ പഠനത്തിനു ശേഷം ഒഴിവു സമയങ്ങളിൽ ബുദ്ധിമതികളും പ്രതിഭാശാലികളുമായ കുട്ടികളെ പഠിപ്പിക്കാൻ അവർ എപ്പോഴും ഉത്സാഹം കാണിച്ചിരുന്നു.

സഹോദരൻ മൗലവി സുൽത്താൻ അഹ്മദ് സാഹിബിനു ലാഹോറിൽ ഒരച്ചടിശാല (Printing Press) ഉണ്ടായിരുന്നു. അതുകാരണം അദ്ദേഹം കൂടുതലായി ലാഹോറിൽ പോകാറുണ്ടായിരുന്നു. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറയുകയാണ്, 1853 കാലഘട്ടത്തിൽ ഞാൻ ജ്യേഷ്ടനോടൊപ്പം ലാഹോറിൽ വന്നു. അന്നെനിക്ക് ഏകദേശം പന്ത്രണ്ട് വയസ്സായി കാണും. ലാഹോറിലെത്തി കുറച്ചു കഴിഞ്ഞതേയുള്ളൂ, എനിക്കു തൊണ്ടവീക്ക(Quinsy)ത്തിന്റെ അസുഖം ബാധിച്ചു. ഗുലാം ദസ്തഗീർ ലാഹോരി എന്ന ഹക്കീം സാഹിബിന്റെ ചികിത്സയിലൂടെ രോഗം ഭേദപ്പെട്ടു. ഈ ഹക്കീം സാഹിബ് വളരെ പേരുകേട്ട ആളായിരുന്നു. അദ്ദേഹത്തിന്റെ പ്രസിദ്ധിയും വൈദ്യത്തിലുള്ള കഴിവും കണ്ടപ്പോൾ എനിക്കും വൈദ്യം പഠിക്കണമെന്നു എന്റെ ആ ചെറിയ പ്രായത്തിൽ തന്നെ എനിക്കു ആഗ്രഹം ജനിക്കുകയുണ്ടായി. പക്ഷേ, എന്റെ ജ്യേഷ്ഠൻ എന്നെ ഫാർസി ഭാഷ പഠിക്കുന്നതിനായി പ്രസിദ്ധനായ ഫാർസി ഉസ്താദ് മുൻശി മുഹമ്മദ് ഖാസിം സാഹിബ് കശ്മീരിയുടെ അടുക്കൽ കൊണ്ടു ചെന്നാക്കി. അദ്ദേഹം എന്നെ വളരെ താൽപര്യപൂർവ്വം അദ്ധ്വാനിച്ചു പാഠങ്ങൾ പഠിപ്പിക്കുകയും വായിപ്പിക്കുകയും എഴുതിപ്പിക്കുകയും ചെയ്തു. എനിക്ക് ഭാഷാ പഠനം എന്ന നിലയിൽ പഠിക്കാൻ വലിയ അഭിരുചി ഇല്ലാതിരുന്നിട്ടും അദ്ദേഹം എനിക്ക് ഫാർസിയുമായി നല്ല ബന്ധമുണ്ടാക്കി.

അതിനു ശേഷം ജ്യേഷ്ഠൻ കൈയെഴുത്ത് (Calligraphy) നന്നാക്കുന്നതിന്നായി അതിന്റെ വിദഗ്ദ്ധനായ ഉസ്താദ് മിർസാ ഇമാം വേർദിയുടെ അടുക്കൽ എന്നെ കൊണ്ടു ചെന്നാക്കി. മുകളിൽ പറഞ്ഞ രണ്ട് ഉസ്താദുമാരും ശിയാ വിശ്വാസികളായതുകൊണ്ട് ശിയ വിശ്വാസവുമായി ബന്ധപ്പെട്ട ധാരാളം കാര്യങ്ങൾ എനിക്ക് അവരിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു. 1855ൽ എനിക്ക് ലാഹോറിൽ നിന്നു ജന്മദേശമായ ഭേരയിൽതിരിച്ചു വരേണ്ടി വന്നു. ഭേരയിൽ എത്തിയ ഉടനെ തന്നെ ഫാർസി തുടർന്നു പഠിക്കുന്നതിന്നായി ഹാജി മിയാൻ ശറഫുദ്ദീൻ സാഹിബിന്റെ ക്ലാസ്സിൽ എന്നെ ചേർത്തു. കുറച്ചു നാളുകൾക്കു ശേഷം ജ്യേഷ്ഠൻ സുൽത്താൻ അഹ്മദ് സാഹിബും ഭേരയിലേക്ക് തിരിച്ചു വന്നു. അദ്ദേഹം എത്തിയ ഉടനെ എന്നെ അറബി ഗ്രാമറും ഭാഷയും പഠിപ്പിക്കാൻ തുടങ്ങി. എനിക്ക് അറബി പഠിക്കാൻ വളരെ താൽപര്യമുണ്ടായതുകൊണ്ട് വളരെ വേഗം തന്നെ സർഫ് നഹ്വും മറ്റ് പല അറബി ഖസീദകളും മന:പ്പാഠമാക്കുകയുണ്ടായി.

ആ കാലത്ത് ഖുർആൻ തർജ്ജുമ ചെയ്യുക എന്നത് പാടില്ലാത്ത കാര്യമായിരുന്നു. ആരും അതിന് മുതിരാറുമില്ല. അറബി ഗ്രാമർ, തർക്കശാസ്ത്രം, തത്വജ്ഞാനം മുതലായ വിഷയങ്ങളിൽ നല്ല പരിജ്ഞാനമില്ലാത്തവർ ഖുർആൻ അർത്ഥം പഠിക്കാൻ പാടില്ല എന്ന ചിന്തയായിരുന്നു അന്നത്തെ പണ്ഡിതന്മാർക്കിടയിൽ ഉണ്ടായിരുന്നത്. ഇതു മൂലം ആ കാലഘട്ടത്തിൽ ഖുർആൻ തർജ്ജമ പഠിക്കുക എന്നത് പ്രയാസകരമായിരുന്നു. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) ക്ക് ശേഷം 1150 വർഷം വരേയും ഖുർആനു മറ്റു ഭാഷയിൽ പരിഭാഷയില്ലായിരുന്നു. പണ്ഡിതന്മാരുടെ ശക്തമായ എതിർപ്പു കാരണം ആരും അതിനു തുനിഞ്ഞതുമില്ല. പിന്നീടാണ് ഹദ്റത്ത് ശാഹ് വലിയുല്ലാഹ്

സാഹിബ് (റഹ്മത്തുല്ലാഹ് അലൈഹി) ആദ്യമായി ഫാർസി ഭാഷയിൽ ഖുർആൻ പരിഭാഷ രചിക്കുന്നത്. അതോടെ ഈ യാഥാസ്ഥിതികരായ പണ്ഡിത വർഗ്ഗം അദ്ദേഹത്തിനെതിരിൽ പ്രക്ഷോപം കൂട്ടുകയും അദ്ദേഹത്തെ വാജിബുൽ ഖത്ൽ (വധാർഹൻ) ആയി പ്രഖ്യാപിക്കുകയും ചെയ്തു.

എന്നാൽ കുട്ടിയായ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) വളരെ ചെറുപ്രായത്തിൽ തന്നെ ഖുർആൻ തർജ്ജുമ പഠിക്കാൻ ആരംഭിച്ചിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ആ കാര്യം വളരെ പ്രാധാന്യത്തോടെ ശ്രദ്ധിക്കുകയും ചെയ്തിരുന്നു. വേറൊരു രീതിയിൽ ചിന്തിക്കുകയാണെങ്കിൽ, പിൽക്കാലത്ത് ഖിലാഫത്തു പദവിയിലിരുത്തി കൊണ്ട് ഖുർആന്റെ സേവനത്തിനായി അല്ലാഹു താൻ തന്നെ ആ മഹാത്മാവിനെ തയ്യാറാക്കിക്കൊണ്ടിരിക്കുകയായിരുന്നു എന്നു വേണമെങ്കിൽ പറയാം.

## തഹ്സീലി പരീക്ഷയും ഹെഡ്മാസ്റ്റർ ജോലിയും

1858 ൽ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ പതിനേഴാമത്തെ വയസ്സിൽ പിതാവ് അദ്ദേഹത്തെ നോർമൽ സ്ക്കൂളിൽ ചേർത്തു. ഈ സ്ക്കൂൾ വീട്ടിൽ നിന്നും രണ്ട് മൂന്ന് മൈൽ അകലെയായിരുന്നു. അറബി, ഫാർസി ഭാഷകളും മറ്റു ചില വിഷയങ്ങളും നേരത്തെ പഠിച്ചതു കാരണം ഈ സ്കൂൾ പഠനം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വളരെ എളുപ്പമായിരുന്നതുകൊണ്ട് ക്ലാസ്സിൽ എല്ലാ വിഷയത്തിലും ഒന്നാമനായിരുന്നു. അതുകാരണം അദ്ദേഹം ക്ലാസ്സിൽ വന്നില്ലെങ്കിലും ഹെഡ്മാസ്റ്ററായ മൗലവി സിക്കന്തർ അലി അദ്ദേഹത്തിന് ഹാജർ നൽകിയിരുന്നു. ഈ ഇളവു പ്രയോജനപ്പെടുത്തിക്കൊണ്ട് ഭൂമിശാസ്ത്രം, കണക്ക്, ജ്യോമട്രി മുതലായ വിഷയങ്ങൾ മറ്റൊരു ഉസ്താദിന്റെ സഹായത്തോടെ വീട്ടിൽ തന്നെ ഇരുന്നു പഠിക്കാൻ തുടങ്ങി. അതിലൂടെ ദിവസവുമുള്ള രണ്ട് മൂന്ന് മൈൽ യാത്രയും ഒഴിവാക്കാൻ പറ്റി. അവസാനം വളരെ ഉയർന്ന നിലയിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുകയും ആ കാലത്ത് വളരെ അംഗീകാരമുള്ള "തഹ്സീലി പരീക്ഷ'' എന്ന ഡിപ്ലോമ ഉന്നതനിലയിൽ പാസ്സാവുകയും ചെയ്തു. അതിനെ തുടർന്ന് ഭേരയിൽ നിന്നും ഏതാനും മൈൽ അകലെ ജഹ്ലം നദിക്കരയിൽ സ്ഥിതിചെയ്യുന്ന പിൻഡ്ദാദൻ ഖാൻ എന്ന സ്ഥലത്തെ സ്കൂളിൽ ഹെഡ്മാസ്റ്ററായി നിയമം ലഭിച്ചു. അപ്പോൾ അദ്ദേഹത്തിന് 21 വയസ്സായിരുന്നു പ്രായം. നാലു വർഷം ഈ സ്ക്കൂളിൽ ഹെഡ്മാസ്റ്ററായി ജോലി ചെയ്തു. ആ അവസരത്തിലും തന്റെ മൂത്ത സഹോദരൻ മൗലവി സുൽത്താൻ അഹ്മദ് സാഹിബ് നൂറുദ്ദീൻ സാഹിബിനെ അറബി ഭാഷയും അൽഫിയയും തർക്കശാസ്ത്രവും ശറഹും പഠിപ്പിക്കാറുണ്ടായിരുന്നു.

യാദൃഛികമാണെങ്കിലും ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ നാലുവർഷത്തെ ഈ ഔദ്യോഗിക ജീവിതത്തിനു പിൽകാലത്ത് തന്റെ യജമാനനും ഇമാമും ഹാദിയുമായിത്തീർന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതവുമായി ഒരു പ്രത്യേക സാദൃശ്യവും സാമ്യതയും ഉള്ളതായി കാണാം. ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്വന്തം ഇഷ്ടപ്രകാരമല്ലെങ്കിലും യുവാവായിരിക്കുന്ന അവസരത്തിൽ പിതാവിന്റെ നിർദ്ദേശ പ്രകാരം സിയാൽക്കോട്ടിൽ നാലുവർഷം ജോലി ചെയ്തിരുന്നു. രണ്ടുപേരുടേയും ജോലിയുടെ സ്വഭാവം വ്യത്യസ്ഥമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദി (അ)നു കാലത്തിന്റെ ഇമാമായിക്കൊണ്ട് മുഴുലോകത്തേയും പരിഷ്കരിക്കുകയും പുന:രുദ്ധരിക്കുകയും ചെയ്യേണ്ട അതിമഹത്തായ കർത്തവ്യമാണ് പിന്നീട് ചെയ്യേണ്ടിയിരുന്നത്. അതുകൊണ്ട് ആ മഹാത്മാവിനു ജില്ലാകോടതി (കച്ചേരി)യിൽ ജോലി ചെയ്യുവാനുള്ള അവസരം ലഭിച്ചു. അവിടെ അദ്ദേഹത്തിനു പലതരത്തിലുള്ള ആളുകളുമായി ഇടപഴകാനും അവരുടെ കാര്യങ്ങളും പ്രശ്നങ്ങളും മനസ്സിലാക്കാനും അവസരം കിട്ടി. എന്നാൽ ശിഷ്യനു പിൽകാലത്ത് ജമാഅത്തിന്റെ തഅ്ലീം തർബിയ്യത്തിന്റെ ചുമതലയായിരുന്നു അല്ലാഹു നിശ്ചയിച്ചത്. അതുകൊണ്ട് സ്ക്കൂളിൽ പ്രധാന അധ്യാപകന്റെ ജോലി നൽകിക്കൊണ്ട് അദ്ദേഹത്തിനു ആ രീതിയിലുള്ള പരിശീലനം നൽകുകയുണ്ടായി.

## അല്ലാഹുവിലുള്ള ദൃഢവിശ്വാസവും തവക്കലും

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) യുവാവായിരുന്ന അവസരത്തിലും അല്ലാഹുവിൽ ദൃഢവിശ്വാസം പുലർത്തുകയും എല്ലാ കാര്യങ്ങളും അല്ലാഹുവിൽ ഭരമേൽപിക്കുകയും ചെയ്യുന്ന സ്വഭാവക്കാരനായിരുന്നു. ഹെഡ്മാസ്റ്ററായി ജോലി ചെയ്യുന്ന അവസരത്തിൽ ഉണ്ടായ ഒരു സംഭവം അതിന് നല്ലൊരു ഉദാഹരണമാണ്. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) വിവരിക്കുകയാണ്.

ഞാൻ പിൻഡ്ദാദൻ ഖാനിൽ പ്രധാന അധ്യാപകനായി ജോലി നോക്കുന്ന അവസരത്തിൽ സ്ക്കൂളിൽ പരിശോധനക്കായി ഒരു ഇൻസ്പെക്ടർ വന്നു. ജനങ്ങൾ ആ കാലത്ത് കുതിരപ്പുറത്തും കഴുതപ്പുറത്തുമായിരുന്നു കൂടുതലും യാത്ര ചെയ്തിരുന്നത്. പരിശോധകൻ ഒരുകുതിരപ്പുറത്താണ് വന്നത്. അദ്ദേഹം സ്ക്കൂളിൽ എത്തിയ സമയം ഞാൻ ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുകയായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ ഭക്ഷണം കഴിക്കാൻ ക്ഷണിച്ചു. അദ്ദേഹം പറഞ്ഞു, താങ്കൾക്കെന്നെ മനസ്സിലായില്ലെന്നു തോന്നുന്നു. ഞാൻ ഗവൺമെന്റ് സ്ക്കൂളുകളുടെ ഇൻസ്പെക്ടറാണ്. പേര് ഖുദാ

ബക്ശ്. ഞാൻ പറഞ്ഞു. വളരെ സന്തോഷം. താങ്കൾ വളരെ സാത്വികനും മാന്യനുമായ ഒരു വ്യക്തിയാണ്. അധ്യാപകരിൽ നിന്നു ഭക്ഷണം സ്വീകരിക്കാത്ത ആളാണെന്ന കാര്യം വളരെ നല്ലത് തന്നെ. അങ്ങിനെ ഞാൻ ഭക്ഷണം കഴിച്ചു പൂർത്തിയാക്കി എന്റെ സീറ്റിൽ ചെന്നിരുന്നു. കുതിരയെ എവിടെയെങ്കിലും കൊണ്ടു ചെന്നു കെട്ടാനായി ആരെയെങ്കിലും ഞാൻ അയക്കുമെന്ന പ്രതീക്ഷയിൽ അദ്ദേഹം കുതിരയുടെ മൂക്കു കയറും പിടിച്ചു പുറത്ത് തന്നെ കാത്തു നിന്നു. ഞാൻ ആരേയും അയച്ചില്ല. കുറേ കഴിഞ്ഞിട്ടും ആരേയും അയക്കാതിരുന്നപ്പോൾ അദ്ദേഹം വന്ന് ആരെയെങ്കിലും അയക്കാൻ എന്നോടപേക്ഷിച്ചു.

ഞാൻ പറഞ്ഞു, ജനാബ്, താങ്കൾ സ്ക്കൂൾ അധ്യാപകരുടെ വീട്ടിലുണ്ടാക്കിയ ഭക്ഷണം കഴിക്കുകയില്ല. അത് കൈക്കൂലിയും കോഴയുമായി കരുതുന്നു. പിന്നെ ഞാനെങ്ങിനെ ഇവിടുത്തെ വിദ്യാർത്ഥികളിൽ ആരെയെങ്കിലും താങ്കളുടെ കുതിരയെ കെട്ടാനായി പറഞ്ഞയക്കും. കുട്ടികൾ ഇവിടെ കുതിരയെ മേയ്ക്കാനല്ല വരുന്നത്. അവർ പഠിക്കാൻ വേണ്ടി മാത്രമാണ് വരുന്നത്. ഞാൻ ആരെയെങ്കിലും അയച്ചാൽ ഒരുപക്ഷേ, കുതിരക്ക് വെള്ളവും പുല്ലും കൊടുക്കാനും താങ്കൾ നിർദ്ദേശിച്ചേക്കാം. ഞങ്ങളുടെ ഭക്ഷണത്തെ കൈക്കൂലിയായി കാണുന്ന താങ്കൾ, കുതിരക്ക് പുല്ലു നൽകിയാൽ അതും കൈക്കൂലിയായിപ്പോവില്ലേ?

അദ്ദേഹം ഒന്നും പറഞ്ഞില്ല. അപ്പോഴേക്കും അദ്ദേഹത്തിന്റെ സഹായി വന്നു. അയാൾ കുതിരയെ കൊണ്ടു പോയി കെട്ടി. അദ്ദേഹത്തിനു വേണ്ട ഭക്ഷണത്തിനുള്ള ഏർപ്പാടു ചെയ്തു. അതിനു ശേഷം അദ്ദേഹം എന്റെയടുക്കൽ വന്ന് എനിക്ക് കുട്ടികളുടെ പഠന നിലവാരം പരിശോധിക്കണമെന്നു പറഞ്ഞു. ഞാൻ ചെന്നു കുട്ടികളെ വിളിച്ചു ഒരുഭാഗത്ത് ഇരുത്തി. പരിശോധനക്കുള്ള എല്ലാ സൗകര്യവും ചെയ്തു കൊടുത്ത ശേഷം ഞാൻ മറ്റൊരു സ്ഥലത്ത് മാറിയിരുന്നു. അദ്ദേഹം കുട്ടികളുടെ പഠന കാര്യങ്ങൾ പരിശോധിച്ചു കൊണ്ടിരുന്നു.

ഇൻസ്പെക്ടർ തിരിച്ചു പോകാൻ നേരത്ത് എന്നോടു പറഞ്ഞു, താങ്കൾ വളരെ സമർത്ഥനും കഴിവുള്ള വ്യക്തിയും വലിയ സർട്ടിഫിക്കറ്റുകളും ഡിപ്ലോമയും കരസ്ഥമാക്കിയ ആളുമാണെന്നു ഞാൻ കേട്ടിട്ടുണ്ട്. ഒരുപക്ഷേ, ആ സർട്ടിഫിക്കറ്റുകളുടെയും അംഗീകാരത്തിന്റേയും പിൻബലത്തിലായിരിക്കാം താങ്കളിൽ അഹങ്കാരഭാവങ്ങൾ ഞാൻ കണ്ടത്. ഇതു കേട്ടപ്പോൾ ഞാൻ പറഞ്ഞു ഒന്നര മുഴം നീളവും ഒരു മുഴം വീതിയുമുള്ള ഒരു തുണ്ടു കടലാസ്സിനു ഞാനൊരിക്കലും ദൈവത്തിന്റെ സ്ഥാനം നൽകിയിട്ടില്ല. നൽകുകയുമില്ല. എന്നിട്ട് ജോലിക്കാരിൽ ഒരാളെ വിളിച്ചുകൊണ്ട് പറഞ്ഞു, എടൊ ആ പടച്ചവനെ (സർട്ടിഫിക്കറ്റിനെ ദൈവമെന്ന് പരിഹസിച്ചു കൊണ്ട് പറഞ്ഞതാണ്) ഇങ്ങോട്ട് എടുത്ത് കൊണ്ടു വരൂ. പിന്നീട് ഞാനാ സർട്ടിഫിക്കറ്റുകൾ ഇൻസ്പെക്ടരുടെ മുന്നിൽ വച്ചുവലിച്ചു കീറി തുണ്ടം തുണ്ടമാക്കിയ ശേഷം, ഞാൻ അല്ലാഹുവിനു പങ്കുക്കാരെ ചേർക്കാറില്ലെന്നും ഈ ലോകത്ത് ഒരു വസ്തുവിനും ദൈവത്തിന്റെ സ്ഥാനവും മഹത്വവും നൽകുകയുമില്ലെന്നും പറഞ്ഞു.

സാധാരണ നിലയിൽ വിദ്യാർത്ഥികൾ എത്രയോ രാത്രികൾ ഉറക്കമൊഴിച്ചു അദ്ധ്വാനിച്ചു പഠിച്ച ശേഷമാണു ഉയർന്ന പരീക്ഷകൾ ജയിക്കുന്നതും അംഗീകാരങ്ങൾ നേടുന്നതും. അതുകൊണ്ട് തന്നെ അങ്ങനെ ലഭിക്കുന്ന സർടിഫിക്കറ്റിനും ബിരുദങ്ങൾക്കും എല്ലാവരും എല്ലായിപ്പോഴും വലിയ വിലയാണു കൽപിക്കുന്നത്. അതാണു തങ്ങളുടെ ജീവിത വിജയത്തിനാധാരമെന്നവർ കരുതുന്നു. അത്തരത്തിലുള്ള അംഗീകാരങ്ങളും സർട്ടിഫിക്കറ്റുകളുമാണു ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് നിമിഷ നേരംകൊണ്ട് ഇല്ലാതാക്കിയത്. ഭൗതികോപാധികളെ താൻ ദൈവമായി കരുതുന്നില്ല എന്നു കാണിക്കലായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് തുടർന്നു പറയുകയാണു ഞാൻ ചെയ്തതു കണ്ട് ഇൻസ്പെക്റ്റർ ഖുദാ ബക്ശ് ആകെ സ്തബ്ദനായിപ്പോയി. ഇത്തരത്തിൽ സ്വന്തം ഡിപ്ലോമയും മറ്റ് സർട്ടിഫിക്കറ്റുകളും ഞാൻ നഷ്ടപ്പെടുത്തിയതിൽ അദ്ദേഹത്തിന്ന് എന്തെന്നില്ലാത്ത മനോവിഷമവും ദു:ഖവുമുണ്ടായി. അദ്ദേഹം പറഞ്ഞു, ഞാൻ കാരണം താങ്കൾക്ക് വലിയ നഷ്ടമാണുണ്ടായിരിക്കുന്നത്. ഞാനിത് പറഞ്ഞില്ലായിരുന്നുവെങ്കിൽ താങ്കൾക്ക് ഇത്തരത്തിലുള്ള നഷ്ടം സംഭവിക്കുകയില്ലായിരുന്നുവല്ലോ. എന്നാൽ ഡിപ്ലോമയും സർട്ടിഫിക്കറ്റുകളും വലിച്ചു കീറിയത് എന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. അതെനിക്കൊരു നഷ്ടവും ഉണ്ടാക്കിയില്ല. യാതൊരു കോട്ടവും സംഭവിച്ചുമില്ല. യഥാർത്ഥത്തിൽ സർട്ടിഫിക്കറ്റുകളും ഡിപ്ലോമയും വലിച്ചു കീറിയ ശേഷം എനിക്കു അല്ലാഹുവിൽ നിന്നു കുടുതൽ അനുഗ്രഹങ്ങൾ ലഭിച്ചുവെന്നു വേണം പറയാൻ. ലക്ഷക്കണക്കിനു രൂപ എന്റെ കൈയിൽ വന്നു ചേർന്നിട്ടുണ്ടായിരുന്നു. ദൈവീകാനുഗ്രഹങ്ങളുടെ മഹത്തായ ഒരു വാദായനമാണു അതിനു ശേഷം എനിക്കു തുറന്നു കിട്ടിയത്.(തുടരും)


**കടപ്പാട് & അവലംബം**

1. ഹയാത്തെ നൂർ By മൗലാനാ അബ്ദുൽ ഖാദർ സാഹിബ് സൌദാഗർ മൽ. റബ്‌വാ
2. മിർഖാത്തുൽ യഖീൻ ഫീ ഹയാതി നൂറുദ്ദീൻ By അക്ബർ ശഹ്ഖാൻ സാഹിബ്. നജീബാബാദി.
3. ഹദ്റത്ത് മൌലവി നൂറുദ്ദീൻ സാഹിബ് (റ) ഇംഗ്ലീഷ് By ഹദ്റത്ത് സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ)
4. സവാനിഹ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ By റസിയ ദർദ് സാഹിബ, കറാച്ചി.
5. അൽ ഫസ്ൽ, ഉറുദു ദിനപത്രങ്ങൾ, റബ്‌വാ.

ഇസ്‌ലാമിക രാജ്യങ്ങളിലെ ന്യൂനപക്ഷങ്ങൾ - 6

# സുരക്ഷിതരായ ഢിമ്മി പൗരന്മാർ

മുസ്‌ലിം രാജ്യങ്ങളിൽ കഴിയുന്ന അമുസ്‌ലിംകളായ പൗരന്മാരോട് മുസ്‌ലിം ഭരണകൂടം അനുവർത്തിക്കേണ്ട പ്രാമാണിക സമീപനങ്ങളെക്കുറിച്ചും റസൂൽ തിരുമേനി (സ) യുടെയും ഖുലഫാ ഉർറാശിദായുടെയും മാതൃകയെ സംബന്ധിച്ചുമുള്ള വിവരണം. Minorities in an Islamic State എന്ന ലഘു കൃതിയുടെ വിവർത്തനം. വിവ: കെ. വി. ഹസ്സൻ കോയ കോഴിക്കോട്.

മാലിക്ക് സൈഫുർറഹ്മാൻ

അതേ പ്രകാരം ഹദ്റത്ത് ഉമർ (റ) മേൽ നോട്ടത്തിന്നായി ഉദ്യോഗസ്ഥന്മാർക്ക് നില നിൽക്കുന്ന ഉത്തരവു പുറപ്പെടുവിച്ചിരുന്നു. ഒരു മുസ്‌ലിം ഢിമ്മികളോട് അന്യായം പ്രവർത്തിക്കരുതായിരുന്നു. അവരുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായി എന്തെങ്കിലും, ദോഷം ഉണ്ടാവരുത് എന്ന് ശ്രദ്ധിക്കേണ്ടിയിരുന്നു. അവരുടെ സ്വത്തുക്കളിൽ അതിക്രമിച്ചു കടക്കാതിരിക്കാൻ മുസ്‌ലികളുടെ ഭാഗത്ത് നിന്ന് ശ്രദ്ധയുണ്ടായിരിക്കണം. കരാറിലെ ഓരോ വ്യവസ്ഥയും ശ്രദ്ധാപൂർവ്വം എല്ലാ വിധത്തിലും പാലിക്കപ്പെടണം.[58]

അതേ പോലെ മഹ്ദിനാറിലെ ജനങ്ങളുമായുണ്ടാക്കിയ കരാർ നിർദ്ദേശിക്കുന്നത് അവരുടെ മതം മാറ്റാൻ ബലപ്രയോഗിക്കുന്ന ഒരു ശ്രമവും ഉണ്ടാകരുത്. അവരുടെ മതപരമായ കൃത്യനിർവ്വഹണത്തിൽ കൈകടത്തുന്നത് പൊറുപ്പിക്കപ്പെടുകയുമില്ല.[59]

ചുരുക്കത്തിൽ ഓരോ കരാറും ആധികാരികമായ ചരിത്രരേഖകളായി നമുക്ക് കൈമാറിയത് അമുസ്‌ലിം പൗരന്മാരുടെ ജീവനും സ്വത്തിനും മതത്തിനും സംരക്ഷണം നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ടാണ്. അവരുടെ സംസ്ക്കാരവും നാഗരികതയും അസ്പർശ്യമായി മാറ്റമില്ലാതെ നിലകൊണ്ടു. സാമൂഹികവും രാഷ്ട്രീയവുമായ അവരുടെ ജീവിതത്തിൽ ഒരു ഉപാധിയും വെച്ചില്ല. അപ്രകാരം നിർബന്ധ സൈനിക സേവനത്തിൽ നിന്നും അവർ ഒഴിവാക്കപ്പെട്ടിരുന്നു. മുസ്‌ലിംകളെ പോലെയായിരുന്നില്ല. അതുകൊണ്ടാണ് ചില സമയങ്ങലിൽ മിലിറ്ററി യൂണിഫോം ധരിക്കാൻ അവരെ അനുവദിക്കാതിരുന്നതും ആയുധം കൈയ്യിൽ വെക്കാൻ അനുവദിക്കാതിരുന്നതും. ഇത് സംബന്ധമായി ഇമാം അബൂ യൂസുഫ് പറയുന്നു:

അമുസ്‌ലിം പൗരന്മാർക്ക് ഏതു വസ്ത്രവും ധരിക്കാമായിരുന്നു. മിലിറ്ററി യൂണിഫോം ഒഴികെ. അവർക്ക് ആയുധം കൈയ്യിൽ വെക്കാനും അനുമതിയുണ്ടായിരുന്നില്ല. കാരണം മിലിറ്ററി യൂണിഫോം അവർ ധരിച്ചാൽ മുസ്‌ലിം പട്ടാളക്കാരാണെന്ന ആശയക്കുഴപ്പമുണ്ടാകും.[60]

വേഷവിതാനപരമായ ഏകീകരണത്തിനെതിരെ മറ്റൊരു കാരണം ഹദ്റത്ത് ഉമർ ശഠിച്ചിരുന്നത് മുസ്‌ലിംകൾ സാധാരണ ജീവിതം നയിക്കണെമെന്നായിരുന്നു. വീട്ടിൽ നിന്നും നെയ്തെടുത്ത പരുക്കൻ വസ്ത്രങ്ങൾ ധരിക്കുകയും കഠിനവും സന്മാർഗ്ഗനിഷ്ഠയുള്ളതു മായ ജീവിതം നയിക്കണമെന്നുമായിരുന്നു. കീഴടക്കപ്പെട്ട ഇറാനികളെ പോലെ ഭോഗാസ്ക്തിയുള്ളതും എളുപ്പമുള്ളതുമായ ജീവിതം നയിക്കരുതെന്നും അദ്ദേഅഹം ആഗ്രഹിച്ചു.

അബൂ ഉസ്മാൻ നഹ്ദി പറയുന്നു: ഉത്ബ ബിൽ ഫർഹതിന്റെ കീഴിൽ ഞങ്ങൾ ഒരു അതിർത്തി പര്യവേഷണ യാത്രയിൽ അസർബൈജാനിൽ ഇറങ്ങി. ഞങ്ങൾക്ക് ഹദ്റത്ത് ഉമർ (റ)ൽ നിന്നും ഒരു മാർഗ്ഗനിർദ്ദേശം കിട്ടി. അതിൽ അദ്ദേഹം ഉത്തരവിട്ടിരുന്നത് ഞങ്ങൾ തെഹ്ബാന്റും (ഒരു പ്രത്യേക തരം വസ്ത്രം) വിരിപ്പുകളും ചെരുപ്പും ഉപയോഗിക്കമെന്നും, ട്രൗസറുകളും കാലുറകളും ഉപയോഗിക്കുന്നത് നിർത്തുകയും ചെയ്യുക. ചുരുക്കത്തിൽ നിങ്ങളുടെ പിതാവായ ഇസ്മയേലിന്റെ വസ്ത്രവിധാനങ്ങൾ പാലിക്കു

ക. ഇറാനികളുടെ ജീവിത വഴികൾ ഉപേക്ഷിക്കുക. എന്തെന്നാൽ അത് നിങ്ങളെ സുഖലോലുപരും ഭോഗാസക്തരുമാക്കും. തുറന്ന ആകാശങ്ങൾക്കും കീഴിൽ ജീവിക്കുക എന്തെന്നാൽ അറബികൾക്ക് അതൊരു സൂര്യസ്നാനമാണ് രോഗത്തിന്ന് കാരണമാവുന്ന വിഷങ്ങൾ രക്തത്തിൽ നിന്നും അത് ഇല്ലാതാക്കും. കർക്കശമായി ഞെരുങ്ങിയ ജീവിതം നയിക്കുക.[61]

ഇത് മുസ്ലിംകൾക്ക് കഠിനവും ലളിതവുമായ ജീവിത രീതി ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു മാർഗ്ഗ നിർദ്ദേശമാണെന്ന് വ്യക്തമായിരുന്നു. അതുകൊണ്ട് മുസ്ലിംകൾക്ക് അനു വദിക്കപ്പെട്ടത് ഥിമ്മി പൗരന്മാർക്ക് നിന്ന് വ്യത്യസ്തമായി ലളിതവും വേറിട്ടതുമായ ഒരു വസ്ത്ര് ധാരണ രീതിയായിരുന്നു. നിർഭാഗ്യവശാൽ ഥിമ്മി പൗരന്മാർക്ക് പ്രത്യേക വസ്ത്രധാരണം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നുവെന്ന് വിശ്വസിക്കുന്ന വിധം ആശയക്കുഴപ്പമുണ്ടായി. ഇതെല്ലാ തെളിയിക്കുന്നത് ഥിമ്മി പൗരന്മാർക്ക് അവർക്കിഷ്ടപ്പെട്ട വസ്ത്രം ധരിക്കാമെന്നാണ്. മതപരമോ സാമൂഹികമോ ആയ ഒരു വിലക്കും ഉണ്ടായിരുന്നില്ല. സന്മാർഗ്ഗികളായ ഖിലാഫത്തിന് ശേഷം ഉമയ്യാദുകളുടെ ഭരണ കാലത്ത് ഥിമ്മികൾക്ക് ചില നിയമ പരിമിതികൾ ഉണ്ടായിരുന്നു എന്നത് സത്യമാണ്. അത് രാഷ്ട്രീയമായ കാര്യലാഭത്തിന് വേണ്ടിയുള്ള സമ്മർദ്ദമുണ്ടായപ്പോഴാണ്. പരിതാപകരമെന്ന് പറയട്ടെ പിന്നീടുള്ള നിയമജ്ഞന്മാർ അതിൽ മതപരമായ പരിവേശം ചാർത്തി. അല്ലാമാ കാശാനി പറയുന്നു:

ഥിമ്മികൾക്കെതിരായി ആദ്യമായി പരിമിതികൾ ചുമത്തിയത് ഉമയ്യാദ് ഖലീഫ ഉമറുബിനു അബ്ദിൽ അസീസ് ആണ്. മുസ്ലിംകൾ എന്ന് തോന്നിക്കുന്ന ചില കുതിര സവാരിക്കാർ ഖലീഫയുടെ അടുത്ത് കൂടെ കടന്നുപോയി. മുസ്ലിംകൾ എന്ന് കരുതി ഖലീഫ അവരെ ആ നിലക്ക് അഭിവാദ്യം ചെയ്തു. അദ്ദേഹത്തിന്റെ അകമ്പടിക്കാരിൽ ചിലർ അവർ കൃസ്ത്യാനികൾ ആണെന്നും മുസ്ലിംകൾ അല്ലെന്നും പറഞ്ഞു. അദ്ദേഹത്തിന് ഈ തെറ്റ് ഇഷ്ടപ്പെട്ടില്ല. മടങ്ങിയെത്തിയ ശേഷം ക്രിസ്ത്യാനികൾ വ്യത്യാസത്തിന്റെ അടയാളമായി സുന്നാർ ധരിക്കണമെന്നും ഒരു പ്രത്യേകം ചെരിപ്പ് ധരിക്കണമെന്നും കുതിര സവാരി നടത്തരുതെന്നും ഉത്തരവിട്ടു. ആ സമയത്ത് മുസ്ലിംകളാരും തന്നെ എതിർത്തിരുന്നില്ല. വളരെ കാലം കഴിഞ്ഞപ്പോൾ അത് ഇജ്മാഇന്റെ പദവിയിലെത്തുകയാണുണ്ടായത്.[62]

മേൽ കൊടുത്ത വിവരണങ്ങളിൽ നിന്നുള്ള ബാഹ്യമായ തെളിവെന്തെന്നാൽ ഉമർബ്നു അബ്ദിൽ അസീസിന്റെ കാലം വരെ മുസ്ലിംകളും ഥിമ്മികളും തമ്മിൽ വിവേചനം ഇല്ലായിരുന്നു എന്നാണ്. ഈ നിബന്ധനകൾ ചുമത്തേണമെന്ന ഉത്തരവുകൾ ഹദ്റത്ത് ഉമറി (റ)ന്റേതായിരുന്നില്ല. ഉമയ്യാദ് ഖലീഫയായിരുന്ന ഹദ്റത്ത് ഉമർ ഇബ്നു അബ്ദിൽ അസീസിന്റെതായിരുന്നു.

ഇനി നമുക്ക് മൂന്നാം ഖലീഫയായിരുന്ന ഹദ്റത്ത് ഉഥ്മാൻ(റ)ന്റെയും മറ്റു സഹാബാക്കളുടെയും സമ്പ്രദായം എന്തായിരുന്നുവെന്ന് നോക്കാം. ഇവിടെയും മുസ്ലിംകളും ഥിമ്മികളും തമ്മിൽ വിവേചനം കണ്ടെത്താൻ കഴിയുകയില്ല. ഹദ്റത്ത് ഉഥ്മാൻ (റ) ന് ഫറാഫിസാ കൽബിയ്യായുടെ മകളായ നൈലാ എന്നൊരു ക്രിസ്തീയ ഭാര്യയുണ്ടായിരുന്നു. അതേ പ്രകാരം നബി തിരുമേനി (സ) യുടെ പ്രശസ്ത സഹാബിയായിരുന്ന ഹദ്റത്ത് ത്വൽഹ(റ) യുടെ ഭാര്യ ഒരു സിറിയൻ ജൂതസ്ത്രീ ആയിരുന്നു. നാലാമത്തെ ഖലീഫയായ ഹദ്റത്ത് അലി (റ) യുടെ ശേഷവും ദീർഘകാലം ഇതേ അവസ്ഥ തന്നെയായിരുന്നു. വിശ്വാസികളുടെ മാതാവും നബിതിരുമേനി (സ) തന്റെ ഭാര്യ ഹദ്റത്ത് സഫിയാ (റ) യുടെ ജൂതന്മാരായ ബന്ധുക്കളോട് നല്ല ബന്ധമാണ് പുലർത്തിയിരുന്നത്. ജൂതമത വിശ്വാസിയായിരുന്ന അവർ മുസ്ലിം ആയി നബി (സ) യുടെ ഭാര്യ ആയതിന്ന് ശേഷം റസൂൽ തിരുമേനി അവരുടെ യഹൂദരായ ബന്ധുക്കളെ ബഹുമാന്യരായ അതിഥികളായി വീട്ടിൽ സൽക്കരിച്ചിരുന്നത്. ഹദ്റത്ത് സഫിയ (റ) യുടെ ഒസിയത്ത് പ്രകാരം അവരുടെ സ്വത്തിന്റെ മൂന്നിലൊന്ന് അനന്തരാവകാശം തന്റെ ജൂതനായ അനന്തരവനാണ് നൽകിയത്.[64]

ചില വിമർശകന്മാർ ചൂണ്ടിക്കാണിക്കുന്നത് മുസ്ലികളും കീഴടക്കപ്പെട്ട മുസ്ലികളും തമ്മിൽ തീർച്ചയായും കരാറുകൾ ഉണ്ടായിരുന്നുവെന്നും മുസ്ലിംകൾക്ക് അവരുമായി തുല്യ പദവിയാണുണ്ടായിരും സ്വാതന്ത്ര്യവും ഉണ്ടായിരുന്നുവെന്നുമാണ്. പക്ഷേ മുസ്ലിംകൾ അവരെ ബഹുമാനിക്കുകയോ കരാറിലെ ചൈതന്യത്തിനനുസരിച്ച് ഉയരുകയോ ചെയ്തിരുന്നില്ല എന്നാണ് അവരുടെ ആക്ഷേപം. ശരീയത്ത് ശരിതന്നെയെങ്കിലും മുസ്ലിംകൾ ഥിമ്മികളെ ബഹുമാനിച്ചിരുന്നില്ല. മുസ്ലിംകൾ വാഗ്ദാനം പാലിച്ചിരുന്നില്ല എന്നാണ് അവരുടെ ഈ ആക്ഷേപത്തിന്ന് അടിസ്ഥാനം. മുസ്ലിംകൾ മദീനയിലെയും ഖൈബറിലേയും നജ്റാനിലെയും ക്രിസ്ത്യാനി കളും യഹൂദരുമായുണ്ടാക്കിയ കരാർ ലംഘിച്ചിരുന്നുവെന്നുമാണ്. അവർ നാടുകടത്തപ്പെടുകയും അവരുടെ സംരക്ഷണം പിൻവലിക്കുകയും ചെയ്തു എന്നാണ് ആക്ഷേപം. ഈ ആക്ഷേ പത്തിന്നുള്ള മറുപടി ഓരോ കരാറുമായി ബന്ധപ്പെട്ട് ചില കർത്തവ്യങ്ങൾ ഉണ്ടെന്നും ഉഭയ കക്ഷികളും അത് പാലിക്കപ്പെടണമെന്നുമാണ്, ഈ കർത്തവ്യങ്ങൾ ആദരപൂർവ്വം നിർവ്വഹിക്കപ്പെട്ടില്ലെങ്കിൽ കരാർ ഇല്ലാതാവും. കരാർ ബാദ്ധ്യത ലംഘിച്ചത് ഏത് കക്ഷിയാണ് എന്നതാണ് പ്രധാന പ്രശ്നം. മദീനയിലെ ജൂതന്മാരു

മായുണ്ടാക്കിയ കരാറിൽ ജൂതന്മാർ പറഞ്ഞിരുന്നത് തങ്ങൾ കൂറുള്ള വരും സമാധാന കാംഷികളായ പൗരന്മാരുമായി ജീവിക്കുമെന്നും ശത്രുക്കളുമായി ബന്ധം പുലർത്തു കയില്ലെന്നുമാണ്. ഈ ഗൗരവര മായ പ്രതിജ്ഞ ജൂതന്മാർ അനാദരി ച്ചു എന്നതാണ് വസ്തുത,. കരാറിലെ വ്യവസ്ഥകളിലൊന്ന് ശത്രുക്കളുമായുള്ള ഏറ്റുമുട്ടലിൽ മദീനയിലെ ജൂതന്മാർ മുസ്ലിംകളെ സഹായിക്കുമെന്നാണ്. പക്ഷേ ബദർ യുദ്ധത്തിൽ ജൂതന്മാർ മുസ്ലിം കൾക്കെതിരിൽ സജീവമായി ഗൂഢാലോചനയിൽ പങ്കെടുക്കുക യും മുസ്ലിംകൾക്കെതിരായി ചാരവൃത്തി നടത്തി ഒട്ടാകെ കരാറിന്റെ ബാദ്ധ്യതക്കെതിരിൽ, അക്ഷരാർത്ഥത്തിൽ പ്രവർത്തിച്ചു. അവരുടെ ഗൂഢാലോചന എത്ര ത്തോളമെത്തിയെന്നു വെച്ചാൽ നബി തി രുമേനി (സ) യെ വധിക്കാൻ പോലും ശ്രമിച്ചു. നബി തിരു മേനി (സ) മദീനയിലെ ജൂത ഗോത്രമായ ബനൂനദീർ സന്ദർശിച്ച പ്പോൾ ജൂതരിലൊരാൾ നബി (സ) യെ വധിക്കാൻ തിരുമേനി(സ) ക്ക് നേരെ ആട്ടു കല്ല് എറിഞ്ഞു. തക്കസയത്ത് റസൂൽ തിരുമേനി (സ) ക്ക് അപകടത്തെ കുറിച്ച് അറിയിക്കപ്പെട്ടത് കാരണം തിരു മേനി(സ) പരിക്ക് പറ്റാതെ രക്ഷപ്പെട്ടു. ഖന്തക്ക് യുദ്ധത്തിൽ മദീനയിലെ മറ്റൊരു ജൂതഗോത്ര മായ ബനൂഖു റൈസ മുസ്ലിംകളെ പുറകിൽ നിന്ന് കുത്താൻ ശ്രമിക്കുകയും അക്രമികളായ മക്കാപട്ടാളത്തെ സഹായിക്കുക യും ചെയ്തു. തിരുമേനി (സ) യെ കുറിച്ചോർമ്മിക്കപ്പെടുകയും അവരുടെ ബാദ്ധ്യതകളെ കുറിച്ച് പറയുകയും ചെയ്തപ്പോൾ ആ നിർണ്ണായക നിമിഷത്തിൽ ജൂതർ കരാറുമായുള്ള തങ്ങളുടെ ബന്ധം തള്ളിപ്പറയുകയും മുസ്ലിംകളു മായി സുഹൃദ് ബന്ധമില്ലെന്ന് പോലും പറഞ്ഞു. യഥർത്ഥത്തിൽ അഹ്സാബ് യുദ്ധം ജൂതരുടെ പദ്ധതികളുടെയും ഗൂഢാലോചന കളുടെയും ഫലമായിരുന്നു. ജൂതന്മാർ തങ്ങളുടെ ചാരന്മാരെ രാജ്യത്തിന്റൊ കോണുകളിൽ അയക്കുകയും മുസ്ലിംകൾക്കെ തിരിൽ വിദ്വേഷത്തിന്റെ അഗ്നി ജ്വലിപ്പിക്കുകയും മുസ്ലിംകൾക്കെ തിരെ ഒറ്റക്കെട്ടായി അറബ് ഗോത്ര ങ്ങൾ സംഘടിക്കുകയും ചെയ്തു.

നബി തിരുമേനി (സ) ഖൈബർ കീഴടക്കിയപ്പോൾ തങ്ങളെ അവിടെ താമസിക്കാൻ അനുവദിക്കണമെന്ന് ജൂതന്മാർ തിരുമേനി (സ) യോടപേക്ഷിച്ചു. തിരുമേനി (സ) അവരുടെ അപേക്ഷ സ്വീകരിക്കുകയും ഇപ്രകാരം പ്രഖ്യാപിക്കുകയും ചെയ്തു. ***'അഖിർക്കും മാ അഖിർഖുമുല്ലാഹ്'*** സമാധാനം നിലനിർത്തുകയും രാജ്യത്തോട് കൂറു പുലർത്തുകയും ചെയ്യുന്നിട ത്തോളം കാലം അവർക്ക് താമസി ക്കാം. എന്നിരിക്കിലും ജൂതന്മാർക്ക് താമസിക്കാൻ പറ്റിയില്ല. അവർ പതിവുപോലെ മുസ്ലിംകൾക്കെ തിരെ ഗൂഢാലോചന നടത്തുന്നത് വിനോദമായി കരുതി. ഒരിക്കലവർ അബ്ദുല്ലാഹിബ്നു ഉമറിനെ (റ) വീടിന്റെ മേൽക്കൂരയിൽ നിന്നും താഴെക്കെറിഞ്ഞു. അദ്ദേഹം മരിച്ചി ല്ല. പക്ഷേ ഗുരുതരമായി പരുക്കേറ്റു.

നജ്റാണിലെ കൃസ്ത്യാനി കൾ കരാറിനു വിപരീതമായി രഹസ്യത്തിൽ യുദ്ധ സാമഗ്രികൾ ഒരുക്കുകയും വിപ്ലവമുണ്ടാക്കാൻ ശ്രമിക്കുകയും ഹിജാസിന്നും എത്തിയോപ്യക്കു മിടയിൽ ഒരു നിഷ്പക്ഷ രാജ്യമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്തു. ശക്തരായ ശത്രുക്കൾക്കെതിരെ ദ്വിമുഖാക്ര മണ യുദ്ധം ചെയ്യുകയായിരുന്ന പ്പോൾ അക്രമികളായ നാൽപ്പതി നായിരം ക്രിസ്ത്യാനികൾ ചില്ലറ ഭീഷണിയൊന്നുമായിരുന്നില്ല ഉ യർത്തിയത്. ഈ സാഹചര്യങ്ങളിൽ ജൂതന്മാർക്കും ക്രിസ്ത്യാനികൾക്കു മെതിരെ കൈകൊണ്ട ഒരു നടപടിയും ഭാവന എത്രതന്നെ വലിച്ചു നീട്ടിയാലും അനീതിയല്ല. അത്തരം നടപടി ക്രമസമാധാനം നിലനിർത്തനാണെങ്കിൽ അത് ഗവർന്റിന്റെ പ്രധാനപ്പെട്ട ഒരു ചുമതലയാണ്. അത് കുറ്റവാളികളു ടെ മത വിശ്വാസങ്ങളെ ഒട്ടും ബാധിക്കുന്നില്ല. ഒരു ഗവർമെന്റിന്ന് അതിന്റെ നിയമ പരിധിയിൽ വരുന്ന തുറന്ന വെല്ലു വിളികളെയും ഗൂഢാലോചനയും അനുവദിക്കാൻ സാദ്ധ്യമല്ല. അത്ഭുതകരമായ വസ്തുതയെന്താണെന്ന് വെച്ചാൽ ജൂതന്മാർക്കും ക്രിസ്ത്യാനികൾക്കു മെതിരിൽ കൈകൊണ്ട നടപടി വളരെ മൃദുലമായിരുന്നു. മദീന യിൽ നിന്നും പുറത്താക്കപ്പെട്ട ബനൂനദീറിന്ന് യുദ്ധസാമഗ്രികളട ക്കമുള്ള അവരുടെ ആസ്തികൾ എടുത്ത് കൊള്ളാൻ അനുവാദം നൽകപ്പെട്ടു. ഖൈബറിലെ ജൂത ന്മാരുടെ ജന്മഭൂമി നിലവിളുള്ള മാർക്കറ്റ് നിരക്കിൽ വാങ്ങിയതായി രുന്നു. അവർക്ക് യാത്രചെയ്യാനും സാധനങ്ങൾ കൊണ്ടുപോകാനും സൗകര്യങ്ങൾ ചെയ്തു കൊടുത്തി ട്ടുണ്ടായിരുന്നു. നജ്റാണിലെ ക്രിസ്ത്യാനികളെ നാടുകടത്തിയ പ്പോൾ അവർക്ക് പോകാനുള്ള എല്ലാ ചെലവുകളും വഹിച്ചിരുന്നത് സർക്കറാണ്. വഴിയിൽ അവർക്ക് വേണ്ട സഹായങ്ങൾ ചെയ്ത് കൊടുക്കാൻ പ്രാദേശിക അധികാ രികളോട് സർക്കാർ ഉത്തരവിട്ടി രുന്നു. ഇറാഖിലോ ഇറാനിലോ എവിടെ വേണമെങ്കിലും താമസി ക്കാൻ അവർ അനുവദിക്കപ്പെട്ടി രുന്നു. സൗജന്യമായി ഭൂമിയും നൽകിയിരുന്നു. അതിലുപരി രണ്ട് പൂർണ്ണ വർഷങ്ങളിൽ നികുതിയട ക്കേണ്ടതില്ലായിരുന്നു.[65]

ചുരുക്കത്തിൽ മുസ്ലിംകൾ ഉണ്ടാക്കിയ കരാറുകളും എഗ്രിമെ ന്റുകളും ഗവൺമെന്റിനെ സംബ ന്ധിക്കുന്ന ഇസ്ലാമിക നിയമം ഈ കരാറുകളും തത്വങ്ങളും ആദരിക്ക പ്പെട്ട രീതി, പ്രവാചകന്റെ വ്യക്തി പരമായ മാതൃകയും തിരുനബി (സ) സഹാബാക്കളുടെ മാതൃകയും ഖലീഫമാരുടെയും മാതൃകയും എല്ലാം തെളിയിക്കുന്നത് അമുസ്ലിംകൾക്ക് ലഭിച്ച സഹാനു ഭൂതി മുസ്ലിംകളിൽ നിന്നുള്ള

പരിഗണന, അവക്കൊന്നും സമാന മായ കാര്യങ്ങൾ ജൂതന്മരുടെയും ക്രിസ്ത്യാനികളുടെയും മറ്റു മതസ്ഥരുടേയും ചരിത്രത്തിന്റെ താളുകളിൽ കാണാൻ കഴിയുക യില്ല. ഇന്നും അവ അതിജയിക്കാ തെ നിലകൊള്ളുന്നു. ഇത്തരം ന്യൂനപക്ഷ പ്രശ്നം നേരിടുന്ന ആധുനിക ജാനാധിപത്യരാജ്യങ്ങൾ ക്ക് ഇത് മഹത്തായ പാഠമാണ്. ഇന്ത്യയിൽ നോക്കൂ ന്യൂനപക്ഷ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നത് ജനാധിപത്യപരമായ രീതിയിലല്ല. അമേരിക്കയിലെ വെള്ളക്കാർ അവിടുത്തെ നീഗ്രോ കളെ കൊണ്ട് തങ്ങളുടെ ഭാരം വഹിപ്പിക്കുകയാണ്. കമ്മ്യൂണിസ്റ്റു കൾ കമ്മ്യൂണിസ്റ്റുകളല്ലാത്തവരെ വളരെ ക്രൂരമായ രീതിയിലാണ് കൈകാര്യം ചെയ്തത്. പിന്നീടുണ്ടാ യ മുസ്ലിം രാജ്യങ്ങളിലെ രാജാക്കന്മാർ പോലും തങ്ങളുടെ ഭരണത്തിന് കീഴിലുള്ള ന്യൂനപക്ഷ ങ്ങളോട് അനുവർത്തിച്ച നയങ്ങളു മായി ഇവക്കൊന്നും താരതമ്യം പോലുമില്ല. ഈ ഭരണ കൂടങ്ങളൊ ന്നും അതിന്ന് പോലും യോഗ്യമല്ല. എന്നിട്ടും മുസ്ലിം വിമർശകന്മാർ ഇസ്ലാമിനെ വിമർശിക്കുന്നതിൽ സംതൃപ്തി കണ്ടെത്തുന്നു.

## ഇസ്ലാമിലെ അഭിപ്രായ പ്രകടന സ്വാതന്ത്യം

നമുക്ക് അഭിപ്രായ പ്രകടന സ്വാതന്ത്ര്യമെടുക്കാം. അല്ലെങ്കിൽ ഇസ്ലാം അമുസ്ലിംകൾക്ക് അവരുടെ സന്ദേശം പ്രചരിപ്പിക്കാ നും എത്തിക്കാനും അനുവദിക്കു ന്നുണ്ടോ എന്ന പ്രശ്നം എടുക്കാം. സാങ്കേതികാർത്ഥത്തിൽ വിശുദ്ധ ഖുർആൻ അതിനെ തബ്ലീഗ് എന്ന് വിളിക്കുന്നു. അത്കൊണ്ടർത്ഥ മാക്കുന്നത് ഒരാളുടെ സ്വന്തം മതത്തിന്റെ നല്ല വശങ്ങൾ വാസ്ത വികവും അക്രമരഹിതവുമായ രീതിയിൽ പ്രബോധനം ചെയ്യുക എന്നതാണ്. ഈ ആശയ പ്രകാരം മതപരിവർത്തനം ചെയ്യപ്പെടുന്ന ആൾ അയാളുടെ സ്വന്തം അഭിപ്രായത്തിന്മേലാണ് അപ്രകാരം ചെയ്യുന്നത്. മതത്തിന്നെതിരെയോ അതിന്റെ തത്വങ്ങൾക്കെതിരെയോ ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അതിന്ന് യുക്തിപരമായും ശാന്തവുമായി മറുപടി നൽകപ്പെടണം. മതഭ്രാന്തി ന്റെ ഹാലിളക്കം സൃഷ്ടിച്ചു കൊണ്ടും ആ സങ്കൽപ്പത്തോടു കൂടിയുമായിരിക്കരുത് അത്.

യഥാർത്ഥത്തിൽ തബ്ലീഗ്, പരസ്പര വിശ്വസ്തതയും നല്ല സുഹൃദ് ബന്ധവും വർദ്ധിപ്പിക്കു കയും അജ്ഞതയുടെയും അവിശ്വസ്തതയുടെയും അകൽച്ച യുടെയും പ്രതിബന്ധം നീക്കുക യും ചെയ്യുന്നു. ഇത് സംബന്ധിച്ച് അല്ലാഹു പറയുന്നു:

**'അല്ലാഹുവിലേക്ക് ജനങ്ങ ളെ ക്ഷണിക്കുകയും സൽക്കർമ്മ ങ്ങൾ അനുഷ്ഠിക്കുകയും താൻ അനുസരണയുള്ളവനിൽപെട്ട വനാണെന്ന് പറയുകയും ചെയ്യുന്ന ഒരുവനേക്കാൾ നല്ല വാക്കു പറഞ്ഞവൻ ആരുണ്ട്? നല്ലതു ചീത്തയും സമമാകുകയില്ല. അതിനാൽ ഏറ്റവും നല്ലതേതോ അത്കൊണ്ട് (ചീത്തയെ) തടയുക. അപ്പോൾ നീയുമായി ശത്രുതയിൽ കഴിഞ്ഞുകൂടുന്നവർ പെട്ടന്നതാ ഒരു ആത്മ മിത്രമെന്ന പോലെ ആയിത്തീരുന്നു. എന്നാൽ സ്ഥിര ചിത്തത കൈകൊണ്ടവർക്കല്ലാതെ അത് പ്രാപ്യമാകുകയില്ല. (നന്മയു ടെ) വലിയ അംശം കരസ്ഥമാക്കി യവർക്കല്ലാതെ (അത് പ്രാപ്യ മാകുകയില്ല.) പിശാചിൽനിന്നുള്ള വല്ല ദുഷ്പ്രേരണകളും നിന്നെ ബാധിക്കുന്നതായാൽ, അപ്പോൾ നീ അല്ലാഹുവിനെ അഭയം പ്രാപിച്ചുകൊള്ളുക. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവ നും എല്ലാം അറിയുന്നവനുമാണ്.' (വിശുദ്ധ ഖുർആൻ 41:34-37)**

**'തത്വജ്ഞാനവും സദുപദേ ശവും കൊണ്ട് നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് നീ ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവനോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ നാഥന്റെ മാർഗ്ഗ ത്തിൽ നിന്ന് വ്യതിചലിച്ചു പോകു ന്നവനെ സംബന്ധിച്ച് അല്ലാഹു നന്നായി അറിയുന്നവനാണ്. നേർമാർഗ്ഗം പ്രാപിച്ചവനേയും അവൻ നന്നായറിയുന്നു.**

**നിങ്ങൾ ശിക്ഷിക്കുകയാ ണെങ്കിൽ അക്രമിക്കപ്പെട്ടത് ഏത് അളവിലാണോ അതിന് തുല്യ മായിക്കൊണ്ട് മാത്രം നിങ്ങൾ പ്രതികാരം ചെയ്തു കൊള്ളുക. എന്നാൽ നിങ്ങൾ ക്ഷമിക്കുക യാണെങ്കിൽ ക്ഷമാശീലർക്ക് അത് ഏറ്റവും നല്ലത് തന്നെ.' (വിശുദ്ധ ഖുർആൻ 16: 126, 127)**

**(അവസനിച്ചു)**

---

പേജ് 13 ൽ നിന്ന് തുടർച്ച

ദൈവം ഒരു നിഗൂഢനിധി പോലെയാണ്. തികവാർന്ന നില യിൽ താൻ സ്വീകാര്യത നല്കിയിട്ടുള്ളവർ മുഖേനയാണ് അല്ലാഹു തന്റെ മുഖം കാണിക്കു ന്നത്. തന്റെ ഇഷ്ടജനം പീഡിപ്പി ക്കപ്പെടുമ്പോൾ അല്ലാഹുന്റെ അടയാളം തീർച്ചയായും വെളിപ്പെ ടുന്നു. അവരെ ദ്രോഹിക്കുന്നത് പരിധി വിടുമ്പോൾ ദൈവികാ ടയാളം സമീപസ്ഥമാണെന്ന് മനസ്സിലാക്കിക്കൊള്ളുക. അല്ല, അത് പടിവാതിൽക്കൽ എത്തിയിരി ക്കുന്നു. എന്തെന്നാൽ, ഹൃദയം കൊണ്ടും മനസ്സു കൊണ്ടും തന്റേതായിത്തീരുന്നവരെ ദൈവം സ്നേഹിക്കുന്നതു പോലെ ആരും തന്റെ മക്കളെ സ്നേഹിക്കുകയില്ല. അത്തരത്തിലുള്ള ജനങ്ങളാണവർ. അവൻ

അവർക്കുവേണ്ടി അദ്ഭുത പ്രവൃത്തികൾ കാണിക്കുന്നു. സിംഹം ഉറക്കത്തിൽ നിന്ന് സടകുട ഞ്ഞെഴുനേല്ക്കുന്നതു പോലെ അവൻ തന്റെ ശൗര്യം കാണി ക്കുന്നു. ദൈവം മറഞ്ഞിരിക്കുന്നവ നാണ്. ഇവരാണ് അവനെ വെളി പ്പെടുത്തുന്നത്. ആയിരമായിരം മറകൾക്കപ്പുറമാണ്, അവൻ. ഈ ജനങ്ങളിലൂടെയാണ് അവൻ തന്റെ മുഖം കാണിക്കുന്നത്. ***തുടരും***

# വിടപറഞ്ഞ പണ്ഡിത സുഹൃത്ത്

**എ. എം. മുഹമ്മദ് സലീം**

(എഡിറ്റർ സത്യദൂതൻ)




അഹ്മദിയ്യാ ജമാഅത്തിന്റെ പ്രചാരണ രംഗത്ത് ഊർജ്ജസ്വല മായ സേവനമർപ്പിച്ച ഒരു മുബല്ലി ഗായിരുന്നു മൗലവി മഹ്മൂദ് അഹ്മദ് സാഹിബ്. യുവത്വത്തിന്റെ പ്രസരി പ്പും ചടുലതയും കഴിയുന്നതിന്ന് മുമ്പേ കാലയവനികക്കുള്ളിലേക്ക് മറഞ്ഞ എന്റെ സുഹൃത്തുകൂടിയാ യ മൗലവി സാഹിബിന്റെ പരലോക ജീവിതം അല്ലാഹു അവസാനി ക്കാത്ത അനുഗ്രഹങ്ങൾക്കൊണ്ട് സമ്പന്നമാകട്ടെ. അല്ലാഹു തന്റെ മഅ്ഫിറത്തിന്റേയും പൊറുമയുടേ യും കരങ്ങൾകൊണ്ട് മൗലവി സാഹിബിനെ സ്വീകരിക്കുമാറാകട്ടെ.

വാഗ്ദത്ത മസീഹിന്റെയും ഖലീഫമാരുടെയും ഗ്രന്ഥങ്ങളിലുള്ള അദ്ദേഹത്തിന്റെ അവഗാഹം അത്ഭു തപ്പെടുത്തുന്നതായിരുന്നു. അറബി ഭാഷയുടെ മൂല പദങ്ങളെ സംബന്ധി ച്ച മൗലവി സാഹിബിന്റെ വ്യുൽപ ത്തി പല വൈജ്ഞാനിക വിഷയങ്ങ ളുടെ കുരുക്കഴിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയിരുന്നു. അറബി ഭാഷയിലുള്ള ആഴത്തിലുള്ള ഈ അറിവ് അദ്ദേഹത്തിന് തന്റെ പിതാവിൽ നിന്നുള്ള ജനിതക സിദ്ധിയായിക്കാം. മാത്രമല്ല സാധാര ണ നിലയിൽ പണ്ഡിതന്മാർക്കുണ്ടാ കുന്ന യാഥാസ്ഥിതികത്വം അദ്ദേഹ ത്തെ ബാധിച്ചിരുന്നില്ല. പരന്ന വായനയിലൂടെ തന്റെ വിജ്ഞാനം നവീകരിച്ചു കൊണ്ടിരുന്നതായി രുന്നു അതിന്ന് കാരണമെന്ന് കരുതുന്നു. ജമാഅത്തിന്റെ പ്രമാണി ക നിലപാടുകളിൽ നിന്നുകൊണ്ട് തന്നെ അദ്ദേഹം നൽകുന്ന വിശദീക രണങ്ങളിൽ പ്രത്യുൽപന്നമതിത്വവും യുക്തിബോധവും നിഴലിച്ചിരുന്നു. ഒരു വിജ്ഞാനാന്വേഷകന്റെ ദാഹത്തെ ശമിപ്പിക്കാനുതകുന്ന തായിരുന്നു അവ. ഏത് വിഷയത്തെ പറ്റിയും നിർഭയമായി അദ്ദേഹത്തോട് ചർച്ചചെയ്യാം. പല വിഷയങ്ങളെ സംബന്ധിച്ചും മൗലവി സാഹിബു മായി ദീർഘമായി സംഭാഷണം നടത്താൻ എനിക്ക് അവസരമുണ്ടാ യിട്ടുണ്ട്. ഒരു പണ്ഡിത സുഹൃത്തി ന്റെ ഈ വേർപാട് മായാത്ത നോവായി ഹൃദയത്തിൽ അവശേഷി ക്കുന്നു.

ജമാഅത്ത് എവിടെയും എതിരാളികളുടെ അക്ഷൗഹിണി കൊണ്ട് വലയിതമാണ്. വിമർശന ങ്ങളുടെ പ്രതിരോധങ്ങളെ വാദപ്രതി വാദത്തിലൂടെയും മറുപടി പ്രസംഗങ്ങളിലൂടെയും ഭേദിക്കുക എന്നത് ജമാഅത്തിന്റെ പ്രധാനപ്പെട്ട ഒരു പ്രചാരണ രംഗമാണ്. വാദപ്രതി വാദങ്ങളിലും ഖണ്ഡന മണ്ഡനങ്ങളി ലും ഒരു ജീനിയസ്സായിരുന്നു മൗലവി സാഹിബ്. ഇക്കാര്യത്തിൽ എതിരാളികളെ നിലംപരിശാക്കുന്ന ആയോധന കലയിൽ നിപുണനായി രുന്നു അദ്ദേഹം. അതുപോലെ ആത്മീയ പ്രധാനമായ വിഷയങ്ങ ളും അവതരിപ്പിക്കാനുള്ള പാടവം മൗലവി സാഹിബിന്നുണ്ടായിരുന്നു. പ്രഭാഷണ കലയിലായിരുന്നു അദ്ദേഹത്തിന്റെ പ്രതിഭ തിളങ്ങിയി രുന്നത്. മലയാളത്തിൽ പ്രൗഢമായ ഒരു ഭാഷ സ്വായത്തമാക്കിയിട്ടും മൗലവി സാഹിബ് എഴുത്തിൽ വിമുഖനായിരുന്നു. ഞാൻ ഒരിക്കൽ ഇതിനെ പറ്റി ചോദിച്ചപ്പോൾ എന്റെ രംഗം പ്രഭാഷണമാണ് എന്നായി രുന്നു അദ്ദേഹത്തിന്റെ പ്രതികരണം. അറിവ് വരമൊഴിപോലെ വാമൊഴി യായും രേഖപ്പെടുത്തപ്പെടുന്ന ഇക്കാലത്ത് അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളും ക്ലാസ്സുകളും ഉത്തരവാദിത്വപ്പെട്ടവർ ഇലക്ട്രോണി ക് മാധ്യമങ്ങളിൽ ചിട്ടയോടെ ക്രോഡീകരിക്കപ്പെടുന്നത് പ്രയോജ നകരമായിരിക്കും. മൗലവി സാഹിബി ന്റെ വിയോഗത്തിൽ സത്യദൂതൻ അഗാതമായ അനുശോചനം രേഖ പ്പെടുത്തുന്നു. മൗലവി സാഹിബിന്റെ നിര്യാണം മുഖേന ജമാഅത്തിന്നും കുടുംബാംഗങ്ങൾക്കും സുഹൃത്തു ക്കൾക്കും ഉണ്ടായ നഷ്ടം അല്ലാഹു വേഗം പരിഹരിക്കുമാറാകട്ടെ. അല്ലാഹു മൗലവി സാഹിബിന്ന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

# സ്മരണയിൽ മായാത്ത മഹാപ്രതിഭ

മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ



1979. ഞാൻ ബയ്അത്ത് ചെയ്തിട്ട് ഒരു വർഷമായിട്ടുണ്ട്. ആ വർഷമാണ് ഞാൻ മഹ്മൂദിനെ കാണുന്നത്. കരുനാഗപ്പള്ളിയിൽ സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്ന പിതാവിന്റെ അടുക്കൽ ഒമ്പതാം ക്ലാസിലെ പരീക്ഷ എഴുതി അവധിക്കാലത്ത് വന്നതായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പിതാവിൽനിന്ന് വിശുദ്ധ ഖുർആൻ ഓതാനും ഉർദു എഴുതാനും മതപരമായ അറിവുകരസ്ഥമാക്കാനും ഞാൻ അന്ന് അവിടെ ഒരുവർഷമായി താമസിച്ചു വരികയായിരുന്നു. ഖാദിയാൻ ജാമിഅ അഹ്മദിയ്യായിലേക്ക് പ്രവേശനത്തിനുള്ള ഫോറം അയച്ച് അനുമതിക്കുവേണ്ടി കാത്തിരിക്കുകയുമായിരുന്നു. എന്റെ പ്രായം 24;മഹ്മൂദിന് 14. എങ്കിലും ഞങ്ങൾ സുഹൃത്തുക്കളായി. ആചാരോപചാരങ്ങൾ ഒന്നുമില്ലാത്ത സുഹൃത് ബന്ധം. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഖാദിയാനിലെ വിദ്യഭ്യാസ വകുപ്പിൽനിന്ന് എനിക്കു കത്തുവന്നു; ഖാദിയാനിൽ ഇന്റർവ്യുവിന് എത്താൻ. ഞാൻ ആലപ്പുഴയ്ക്കുവന്നു. പിറ്റെ ദിവസം ഉച്ചയോടെ മഹ്മൂദ് വീട്ടിലെത്തി എന്നോടു പറഞ്ഞു, 'ഉടനെ പുറപ്പെടണമെന്ന് ഉപ്പ പറഞ്ഞിരിക്കുന്നു. ഉപ്പ മിഷൻ ഹൗസിലുണ്ട്.' വസ്ത്രങ്ങൾ കഴുകാനൊന്നും സമയം കിട്ടിയില്ല. വേഗം മുല്ലയ്ക്കൽ ടൗണിൽപോയി ഒരു ബാഗ് വാങ്ങി തിരിച്ചെത്തി. വീട്ടുകാരെയൊക്കെ സമാധാനപ്പെടുത്തുകയും മിഷൻ ഹൗസിലെത്തുകയും ഞാനും മഹ്മൂദും മൗലവി സാഹിബും പാലക്കാടു ജില്ലയിലെ അലനല്ലൂരിലേക്ക് പുറപ്പെടുകയും ചെയ്തു. ഇടയ്ക്ക് ചേലക്കര ഇറങ്ങി. പിറ്റേന്നാണ് അലനല്ലൂരിനടുത്തുള്ള തിരുവിഴാം കുന്നിലെത്തിയത്. അവിടെ ചെന്നതിനുശേഷം എന്റെ കാര്യങ്ങൾ നോക്കിയിരുന്നത് മഹ്മൂദായിരുന്നു. ഇത് 1979 മെയ് മാസം ആദ്യമായിരുന്നു. ടിക്കറ്റ് റിസർവേഷൻ കിട്ടാത്തതുകൊണ്ട് 20 ദിവസത്തിലേറെ അവിടെ നില്ക്കേണ്ടിവന്നു. അക്കാലം ഇന്നത്തെപോലെ ഞാനോർക്കുന്നു. മെയ് അവസാനത്തോടെ ടിക്കറ്റ് ശരിയായി. എന്നെ യാത്ര അയക്കാൻ ഒലവക്കോടു(ഇന്നത്തെ പാലക്കാട് ജംഗഷനിൽ)വന്നത് മഹ്മൂദായിരുന്നു. വണ്ടി ഇളകുമ്പോൾ ഞങ്ങളിരുവരും ഏങ്ങലടിച്ച്, കെട്ടിപ്പിടിച്ച് കരയുകയായിരുന്നു. കണ്ണെത്താദൂരംവരെ മഹ്മൂദ് കൈയുയർത്തി യാത്ര പറഞ്ഞുകൊണ്ടിരുന്നു. പിന്നീട് മദ്രസ അവധിക്ക് നാട്ടിൽ വരുമ്പോൾ ഞാൻ കുറച്ചുദിവസം മഹ്മൂദിന്റെ വീട്ടിൽ നില്ക്കുക പതിവായി. തനിച്ച് അഹ്മദിയായ എന്നെ സംബന്ധിച്ചിടത്തോളം അതൊരു സ്വർഗീയാനുഭൂതി നല്കിക്കൊണ്ടിരുന്നു.

2-4-1965 ലായിരുന്നു മഹ്മൂദിന്റെ ജനനം. പിതാവ് എന്റെ ഗുരുവര്യനും ധൈര്യവാനും നിർഭയനും അല്ലാഹുവിന്റെ സന്ദേശ പ്രബോധകനുമായ മർഹൂം കെ. മുഹമ്മദ് അലവി സാഹിബ്. മാതാവു ചേലക്കരയിലെ മർഹൂം കുഞ്ഞുമൊയ്തീൻ സാഹിബിന്റെ മൂത്ത മകൾ കങ്കാടിയിൽ ഖദീജ സാഹിബ.

മഹ്മൂദിന്റെ പ്രാഥമിക വിദ്യഭ്യാസം മുറിയക്കണ്ണി എ.എൽ.പി സ്കൂളിലായിരുന്നു; തുടർ പഠനം അലനല്ലൂർ ഗവൺമെന്റ് ഹൈർ സെക്കന്ററി സ്കൂളിലും. 1980 ലാണ് എസ്. എസ്. എൽ. സി പരീക്ഷ പാസായത്. അതിനുശേഷം അദ്ദേഹം മണ്ണാർക്കാട് എം.ഇ.എസ്സ് കോളേജിൽ ചേർന്നുവെങ്കിലും ഒരു വർഷം കഴിഞ്ഞപ്പോൾ പിതാവ് പറഞ്ഞു: 'എനിക്ക് മഹ്മൂദ് ഖാദിയാനിൽ പോകുന്നതാണ് ഇഷ്ടം.' ഈ വാക്കുകൾ കേട്ട അദ്ദേഹം ഭൗതിക വിദ്യഭ്യാസം നിറുത്തി ഖാദിയാനിലേക്ക് പുറപ്പെട്ടു. 6-9-1981 ൽ ജാമിഅ അഹ്മദിയ്യാ ഖാദിയാനിൽ ചേർന്നു. 1988-ൽ മൗലവി ഫാളിൽ പാസായി, 89-ൽ പ്രബോധന രംഗത്തേക്ക് വന്നു. എന്റെ മതപ്രവർത്തനം അപ്പോൾ ആറാം വയസിലെത്തിയിരുന്നു.

ഒരു സംഭവം ഓർമ വരികയാണ്. മഹ്മൂദ് മൗലവി വളരെ ചെറിയ കുട്ടിയായിരിക്കുമ്പോഴാണെന്ന് തോന്നുന്നു, ഒരു ദിവസം നാട്ടിലെത്തിയ അദ്ദേഹത്തിന്റെ പിതാവ് തന്റെ ജീവിതസമ്പാദ്യമായ വിലപിടിച്ച ഗ്രന്ഥങ്ങൾ അലക്ഷ്യമായി കിടക്കുന്നതുകണ്ട് വിങ്ങിപൊട്ടി. അദ്ദേഹം ദുആ ചെയ്തു: 'അല്ലാഹുവേ! എന്റെ ഈ ഗ്രന്ഥങ്ങൾ പ്രയോജനപ്പെടുത്തുകയും ജനങ്ങൾക്കെത്തിച്ചു കൊടുക്കുകയും ചെയ്യുന്ന ഒരു

മകനെ നീ എനിക്ക് നല്കേണമേ.' മഹ്മൂദ് മൗലവി ഈ ദുആ സ്വീകാര്യതയുടെ അടയാളമായി നമ്മുടെ മുന്നിൽ നില്ക്കുന്നു. മൗലവി സാഹിബിന്റെ ഗ്രന്ഥങ്ങൾക്കുപുറമെ നിരവധി വിലപിടിച്ച ഗ്രന്ഥങ്ങളുടെ ഒരുശേഖരം അദ്ദേഹത്തിന്റെ വീട്ടിൽ സുരക്ഷിതമായിരിക്കുന്നു. അദ്ദേഹത്തിന്റെ അനുജനും സഹോദരിമാരായ അഞ്ചു പേരുടേയും ഭർത്താക്കന്മാരും ഇന്ന് ദീനിസേവനത്തിൽ വ്യാപൃതരാണ്. അവരെല്ലാം ആ ഗ്രന്ഥങ്ങളിൽനിന്ന് ഫലമെടുക്കുകയും മറ്റുളളവർക്ക് പ്രയോജനപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു.

മൗലവി മഹ്മൂദിന്റെ കേരളത്തിലേക്കുളള കേന്ദ്ര നിയമനം കേരള അഹ്മദികൾക്ക് ഏറെ സന്തോഷം പകർന്നു. പെട്ടെന്നാണ് അദ്ദേഹം കേരളത്തിലും സമീപസംസ്ഥാനങ്ങളിലും എന്നല്ല ഇന്ത്യമുഴുവൻ ശ്രദ്ധേയനായി മാറിയത്. പ്രസംഗങ്ങൾ, മുഖാമുഖ പ്രബോധനം, ചർച്ചകൾ, സംവാദങ്ങൾ, വാദപ്രതിവാദങ്ങൾ, ആക്ഷേപങ്ങൾക്ക് പ്രമാണബദ്ധമായുള്ള മറുപടികൾ തുടങ്ങിയവയിലെല്ലാം അദ്ദേഹം നിറസാന്നിധ്യമായിരുന്നു. ഏകദേശം എല്ലാ സ്ഥലങ്ങളിലും ഞാനും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ഒരു വിധത്തിൽ പറഞ്ഞാൽ ഞാൻ അദ്ദേഹത്തിന്റെ സീനിയറായിരുന്നുവെങ്കിലും എന്റെ ഗുരുവായിരുന്നു മഹ്മൂദ്. കാന്തപുരം അബൂബക്കർ മുസ്‌ലിയാർ കേരളത്തിൽ കമ്പളക്കാട്, കുറ്റിച്ചിറ, മഞ്ചേരി, മട്ടാഞ്ചേരി തുടങ്ങി അഞ്ചുസ്ഥലങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ രൂക്ഷമായ വിമർശനം നടത്തിയപ്പോൾ തൊട്ടടുത്ത ദിവസങ്ങളിൽത്തന്നെ അഞ്ചുസ്ഥലങ്ങളിലും മറുപടി നല്കിയത് മൗലവി മഹ്മൂദായിരുന്നു. കൂടെ ഞാനുമുണ്ടായിരുന്നു. പന്നീട് അദ്ദേഹം ഒരിടത്തും പരസ്യമായി അത്തരം പ്രസംഗം നടത്തിയത് അറിയാൻ കഴിഞ്ഞിട്ടില്ല. കൊടിയത്തൂരിലെ 'അഞ്ചുമൻ ഇശാഅത്തെ ഇസ്‌ലാം കാർ' എവിടെയൊക്കെ ജമാഅത്തിന്നെതിൽ പ്രസംഗിച്ചുവോ അവിടെയൊക്കെ അദ്ദേഹം പാഞ്ഞെത്തുകയും വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങൾ സ്റ്റേജിൽ നിരത്തി അവരുടെ ആക്ഷേപങ്ങൾക്ക് വായടപ്പൻ മറുപടി നല്കുകയും ചെയ്തു. ഒരു വിധത്തിൽ പറഞ്ഞാൽ അഞ്ചുമൻ ഇശാഅത്തെ ഇസ്‌ലാമിന്റെ തകർച്ചയ്ക്കുളള മുഖ്യകാരണം മൗലവി മഹ്മൂദ് തന്നെയായിരുന്നു.

വായന മഹ്മൂദിന് ഒരു ഹരമായിരുന്നു. താൻ പഠിച്ചത് മറ്റുളളവരിൽ എത്തിക്കുക എന്നത് അദ്ദേഹത്തിന്റെ ആവേശമായിരുന്നു. എതിരാളികൾക്ക് മറുപടി പറയുമ്പോൾ തെളിവുകൾ വളരെ സൂക്ഷ്മതയോടെ മാത്രമെ പറഞ്ഞിരുന്നുള്ളു. യഥാർഥഗ്രന്ഥം നോക്കി തൃപ്തിവരാതെ കാര്യങ്ങൾ ഉദ്ധരിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ വാക്കുകളിൽ ഗാംഭീര്യം മുഴച്ചുനിന്നു. മറ്റു സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും അദ്ദേഹം വാഗ്ദത്ത മീസിഹിന്റെ ശബ്ദം എത്തിച്ചു. അഹ്മദികൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)വിശദീകരിച്ചിട്ടുളള ആത്മീയവിഷയങ്ങൾ ആശയങ്ങളൊന്നും ചോരാതെ പറഞ്ഞുകൊടുക്കുകയും അവരുടെ ആത്മീയജീവിതത്തിന് കരുത്ത് പകരുകയും ചെയ്തു. അതുകൊണ്ടുതന്നെ അഹ്മദികളുടെ മനസ്സുകളിൽ മൗലവി മഹ്മൂദ് എന്നെന്നും മായാതെ നില്ക്കുന്നതായിരിക്കും.

രോഗശയ്യയിലാകുകയും പൊതുരംഗത്ത് പ്രവർത്തിക്കാൻ ആരോഗ്യം അനുവദിക്കാതിരിക്കുകയും ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞു: 'ഒരു മനുഷ്യന് സ്വന്തം കാര്യംപോലും ചെയ്യാൻ പറ്റാതെ വരികയും ഒരു വാഖ്ഫെ സിന്ദഗിക്ക്-ദീനിപ്രവർത്തനത്തിന് ജീവിതം അർപണം ചെയ്ത വ്യക്തിക്ക് ശരിയായ നിലയിൽ ജമാഅത്തിന് സേവനം ചെയ്യാൻ കഴിയാതെ വരികയും ചെയ്താൽ പിന്നെ അല്ലാഹുവിലേക്ക് പോകുന്നതാണ് ഗുണകരം.' അദ്ദേഹം പലപ്പോഴും ഇതു പറഞ്ഞിരുന്നതായി ചിലർ പറഞ്ഞു.

അദ്ദേഹം ജമാഅത്തംഗങ്ങളോടു പറയാറുണ്ടായിരുന്നു: 'കാലത്തിന്റെ ഖലീഫയ്ക്കാണ് അല്ലാഹു അവസരോചിതം കാര്യങ്ങൾ മനസ്സിലാക്കികൊടുക്കുന്നത്. അതുകൊണ്ട് ഖലീഫ എന്തു പറയുന്നുവോ അത് നടപ്പിലാക്കേണ്ടത് നമ്മുടെ ബാധ്യതയാണ്.'

1985 മെയ് മാസത്തിന്റെ ആദ്യദിനങ്ങൾ. ഒരു ദിവസം ഞാനും മൗലവി മഹ്മൂദും മസ്ജിദ് മുബാറക്കിൽ അസ്ർ നമസ്കരിച്ച് ഹോസ്റ്റൽ മുറിയിലെത്തി. ഞാൻ കട്ടിലിൽ മലർന്നുകിടക്കുകയായിരുന്നു. നല്ലൊരു ഫുട്ട്ബാൾ കളിക്കാരനായ മഹ്മൂദ് കളിക്കാൻവേണ്ടി ബൂട്ടിന് ലൈസു കെട്ടുകയാണ്. അപ്രതീക്ഷിതമായി ഒരു ചോദ്യം. 'എന്റെ എളാമായെ നിനക്ക് കെട്ടാമോ?' 'കെട്ടിച്ചുതന്നാൽ കെട്ടും' ക്ഷണത്തിലായിരുന്നു എന്റെ മറുപടി. അതിനുമുമ്പേ സ്വപ്നത്തിൽപോലും വന്നിട്ടില്ലാത്ത ഒരു വിഷയമായിരുന്നു അത്. ഈ സംസാരത്തിനുശേഷം 20 ദിവസത്തിനുള്ളിലാണ് എന്റെ നിക്കാഹ് നടന്നത്. പെട്ടെന്ന് വാർത്തകൾ കൈമാറാനും വിവരങ്ങളറിയാനുമൊന്നും ഒരു സംവിധാനവും ഇല്ലാതിരുന്ന അക്കാലത്ത് ആരവങ്ങളില്ലാതെ, കൂടിയാലോചനകളില്ലാതെ, പെണ്ണുകാണൽ ഇല്ലാതെ, എന്റെ കുടുംബബന്ധുക്കളെയൊന്നും അറിയിക്കാൻ പറ്റാതെ, 1985 മെയ് 15 ഞായറാഴ്ച ഹദ്റത്ത് മിർസാ വസീം അഹ്മദ് സാഹിബ് മർഹൂം മസ്ജിദ് മുബാറക്കിന്റെ നാലുഭിത്തിക്കുള്ളിൽ മഗ്‌രിബ് നമസ്കാരത്തിനുശേഷം എന്റെ നിക്കാഹ് വിളംബരം ചെയ്തത് എന്റെ ജീവിതത്തിലെ അതിപ്രധാനവും നിർണായകവുമായ സംഭവമായിരുന്നു, അതിന് നിമിത്തമായത് 'തന്റെ എളമായെ കെട്ടാമോ?' എന്ന മൗലവി മഹ്മൂദിന്റെ ചോദ്യവും. നമ്മൾ ഒരിക്കലും ആ മഹാപ്രതിഭയെ മറക്കരുത്.

ശേഷം പേജ് 35 ൽ

# സ്നേഹധനനായ മൗലവി സാഹിബ്

എസ്.വി. ശബീൽ അഹ്മദ് ശാഹിദ്

അല്ലാഹുവുമായി ചെയ്ത കരാർ പാലിച്ച ചിലയാളുകൾ ആ സത്യവിശ്വാസികളിലുണ്ട്. അവരിൽ ചിലർ തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിയിരിക്കുന്നു. മറ്റ് ചിലർ അതിനായി അവസരം പാർത്തിരിക്കുകയുമാണ്. അവർ തങ്ങളുടെ നിലപാടിൽ ഒരു മാറ്റവും വരുത്തിയിട്ടുമില്ല.(33.24)

ഒക്ടോബർ 15 ചൊവ്വാഴ്ച ദിവസം വൈകുന്നേരം ആറ് മണിയോടടുത്ത സമയം. കേരള സമ്പർക്ക് ക്രാന്തി എക്സ്പ്രസ് അതിശീഘ്രം മുന്നേറുകയാണ്. വിനീതൻ അപ്പർ ബർത്തിൽ കിടക്കുകയാണ്. പരിശുദ്ധ ഖാദിയാൻ ദാറുൽ അമാനിലേക്ക് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ വാർഷിക ഇജ്തിമയിൽ പങ്കെടുക്കുവാനാണ് യാത്ര. സഹപ്രവർത്തകനും ആത്മമിത്രവുമായ മൗലവി ഹിദായത്തുല്ലാഹ് സഖാഫി സാഹിബ് പെട്ടെന്ന് എന്റെ കയ്യിൽ തട്ടി വിളിച്ചു. ഒരു ദുഃഖ വാർത്തയുണ്ട്. മൗലവി മഹ്മൂദ് അഹ്മദ് സാഹിബ് വഫാത്ത് ആയിരിക്കുന്നു. ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. ഞാൻ സീറ്റിൽ നിന്നും പെട്ടെന്ന് താഴേക്കിറങ്ങി. ഫോണെടുത്തു വീട്ടിലേക്കു വിളിച്ചു. ട്രെയിൻ യാത്രയിൽ ആയതിനാൽ നെറ്റ് വർക്ക് കിട്ടുന്നില്ല. വാട്ട്സ്ആപ്പ് തുറന്നു നോക്കിയപ്പോൾ മാത്തോട്ടം അമീർ ജനാബ് റഫീഖ് അഹമ്മദ് സാഹിബിന്റെ വോയിസ് മെസ്സേജ്. അങ്ങനെ വാർത്ത സ്ഥിരീകരിച്ചു.

മൗലവി സാഹിബിന്റെ രണ്ടാമത്തെ മകൾ ഡോ. സലീഹ മഹ്മൂദിനെയാണ് വിനീതൻ വിവാഹം കഴിച്ചിട്ടുള്ളത്. അദ്ദേഹം എനിക്ക് പിതൃതുല്യനായിരുന്നു. അതിലും ഉപരിയായി എല്ലാ കാര്യങ്ങളും പരസ്പരം പങ്കുവയ്ക്കുന്ന നല്ല രണ്ടു ആത്മമിത്രങ്ങളായിരുന്നു ഞങ്ങൾ. 2018 ഒക്ടോബർ 26 നാണ് അദ്ദേഹം രോഗബാധിതനായി കുവൈത്തിൽ നിന്ന് നാട്ടിലേക്ക് തിരിച്ചെത്തുന്നത്. അദ്ദേഹം എന്നോട് പറഞ്ഞത് ഇപ്രകാരമാണ്. കുവൈത്ത് ജമാഅത്തിൽ ഒരു തർബിയത്ത് ക്ലാസ്സ് നടന്നുകൊണ്ടിരിക്കുമ്പോൾ അതിയായ ക്ഷീണം തോന്നി. അതു കാരണം അദ്ദേഹം മർകസിലെ തന്റെ റൂമിൽ പോയി വിശ്രമിക്കുകയായിരുന്നു. തുടർന്ന് ചെറിയ നെഞ്ച് വേദന അനുഭവപ്പെടുകയും ആശുപത്രിയിലേക്ക് കൊണ്ടു പോവുകയുമാണ് ചെയ്തത്. പിന്നീട് രണ്ട് വൃക്കകളുടെയും പ്രവർത്തനം അവതാളത്തിലാണെന്ന് അവിടെ വച്ച് നടത്തിയ ടെസ്റ്റുകളിൽ നിന്നും തെളിഞ്ഞു. ഉടൻതന്നെ ഡയാലിസിസ് ആരംഭിക്കണമെന്നായിരുന്നു ഡോക്ടർ അഭിപ്രായപ്പെട്ടത്. പിന്നെ ആലോചിച്ചു നില്ക്കാതെ അദ്ദേഹം നാട്ടിലേക്ക് വന്നു. നാട്ടിലെത്തിയ ഉടനെ ഞങ്ങൾ അദ്ദേഹത്തെ മംഗലാപുരത്തുള്ള മംഗള കിഡ്നി ഹോസ്പിറ്റലിൽ കൊണ്ടുപോയി. ടെസ്റ്റുകൾ എല്ലാം നടത്തി. അവിടത്തെ ഡോക്ടറുടെ നിർദേശവും പെട്ടെന്ന് തന്നെ ഡയാലിസിസ് ആരംഭിക്കേണ്ടതായി വരുമെന്നായിരുന്നു. ക്രിയാറ്റിൻ കൂടുതൽ ആയിരുന്നു. മാത്രമല്ല തുടർ പരിശോധനയിൽ നിന്നും മനസ്സിലായത് 90% കിഡ്നിയുടെ പ്രവർത്തനം നിലച്ചിട്ടുണ്ടെന്നും ഈ രോഗം മൗലവി സാഹിബിനെ പിടികൂടിയിട്ട് ഏകദേശം അഞ്ചു വർഷമായി എന്നുമായിരുന്നു. എന്നാൽ രോഗാവസ്ഥയെ അദ്ദേഹം സധൈര്യം നേരിട്ടു. ഒരിക്കലും നിരാശനാകുകയോ പരിഭ്രമിക്കുകയോ ചെയ്യുകയുണ്ടായില്ല. "അരനൂറ്റാണ്ട് ജീവിച്ചില്ലേ, ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ജീവിതം ബോണസ് ആണ്" ഇതായിരുന്നു ഉപ്പ പറഞ്ഞുകൊണ്ടിരുന്നത്.

1965 മെയ് അഞ്ചിനാണ് മൗലവി സാഹിബിന്റെ ജനനം. പിതാവ് മർഹും മൗലവി മുഹമ്മദ് അലവി സാഹിബും മാതാവ് ഖദീജ സാഹിബയുമാണ്. മൗലാനാ മുഹമ്മദ് അലവി സാഹിബ് ഒരു പണ്ഡിതനായിരുന്നു. അദ്ദേഹം വലിയ സാത്വികനും അല്ലാഹുവിന്റെ വലിയും ആയിരുന്നു. ബൈഅത്ത് ചെയ്ത ശേഷം നാല്പതാം വയസ്സിൽ ഇസ്‌ലാം അഹ്മദിയ്യത്തിനുവേണ്ടി ജീവിതം സമർപ്പണം ചെയ്തുകൊണ്ട് മുബല്ലിഗാകുന്നതിനുവേണ്ടി ഖാദിയാനിലേക്ക് യാത്രതിരിച്ചു. "താങ്കൾക്ക് ഇത്രയും പ്രായമായില്ലേ, നാട്ടിൽ പോയി വിവാഹം കഴിച്ചിട്ട് അതിലുണ്ടാകുന്ന കുട്ടിയെ ഖാദിയാനിലേക്ക് പഠിക്കാൻ വിടുക" എന്നായിരുന്നു ഒരാൾ അദ്ദേഹത്തോട് പറഞ്ഞത്. അദ്ദേഹം തന്റെ ഉദ്ദേശത്തിൽ നിന്ന് പിൻമാറിയില്ല. മുമ്പ് തൊട്ടേ അദ്ദേഹം ഖലീഫത്തുൽ മസീഹ് സാനിയ്ക്ക് അറബിയിൽ കത്തുകൾ എഴുതാറുണ്ടായിരുന്നു. അറബി പാണ്ഡിത്യവും ദീനീ വിജ്ഞാനവും കണക്കിലെടുത്തുകൊണ്ട് അദ്ദേഹത്തിന് മദ്രസ അഹ്മദിയ്യയിൽ അഡ്മിഷൻ ലഭിച്ചു. മാത്രമല്ല ഏഴു വർഷത്തെ കോഴ്സ്

ചുരുങ്ങിയ കാലയളവിൽ മുഴുവൻ ആക്കാനും കർമ്മരംഗത്തേക്ക് പ്രവേശിക്കാനും അദ്ദേഹത്തിനായി. ഒരിക്കൽ അദ്ദേഹം ഡ്യൂട്ടി സ്ഥലത്തുനിന്നും വീട്ടിലേക്ക് വന്നപ്പോൾ എന്താണ് കാണുന്നത്. താൻ നിധിയായി സൂക്ഷിക്കുന്ന ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെയും മറ്റും വിലപിടിപ്പുള്ള ഗ്രന്ഥങ്ങൾ ഒരു വാഴച്ചുവട്ടിൽ കൂട്ടിയിട്ടിരിക്കുന്നു. കോരിച്ചൊരിയുന്ന മഴ കാരണം അദ്ദേഹത്തിന്റെ വീടിന്റെ ഒരു ഭാഗം ഇടിഞ്ഞുവീണിരുന്നു. സാധനങ്ങൾ മാറ്റിവയ്ക്കുന്ന സന്ദർഭത്തിലാണ് അങ്ങനെ സംഭവിച്ചത്. പക്ഷേ ഈ കാഴ്ച കണ്ടമാത്രയിൽ മനംനൊന്ത മൗലവി സാഹിബ് നിന്ന ഇടത്തു തന്നെ കൈയുയർത്തി ഇങ്ങനെ ദുആ ചെയ്തു. "അല്ലാഹുവേ ഈ പുസ്തകങ്ങളുടെ വില മനസ്സിലാക്കുന്ന ആൺസന്താനങ്ങളെ എനിക്ക് നല്കി അനുഗ്രഹിക്കേണമേ." ആ പിതാവിന്റെ ഉള്ളുരുകിയ പ്രാർഥനയുടെ ഫലമായി മൗലാനാ മഹ്മൂദ് അഹ്മദ് സാഹിബിനെ അല്ലാഹു അദ്ദേഹത്തിന് നല്കി.

പ്രീഡിഗ്രിക്ക് ശേഷമാണ് മൗലവി സാഹിബ് ഖാദിയാനിലേക്ക് പോയത്. അദ്ദേഹം എന്നോട് ഒരിക്കൽ പറഞ്ഞു. ഞാൻ ഖാദിയാനിലേക്ക് പോയത് ഏഴുവർഷത്തെ കോഴ്സ് പെട്ടെന്ന് പൂർത്തിയാക്കണമെന്ന നിയ്യത്തോടെയായിരുന്നു. എന്നാൽ എന്റെ ഉപ്പ ജാമിഅ അഹ്മദിയ്യയുടെ പ്രിൻസിപ്പളായ മൗലാനാ ഹക്കീം മുഹമ്മദ് ദീൻ സാഹിബിന് ഇപ്രകാരം കത്തെഴുതി. ഞാൻ എന്റെ മകൻ മഹ്മൂദ് അഹ്മദിനെ ഖാദിയാനിലേക്ക് അയച്ചിട്ടുണ്ട്. അവന് ഏഴ് വർഷം മുഴുവൻ അവിടെ നിർത്തി ഉറുദുവും അറബിയും നല്ലവണ്ണം കൈകാര്യം ചെയ്യാൻ പഠിപ്പിക്കുക. അതോടുകൂടി എന്റെ പദ്ധതികളെല്ലാം പൊളിഞ്ഞു. ഏഴു വർഷം മുഴുവൻ പഠിച്ച് മുബല്ലിഗായി കർമ്മ രംഗത്ത് പ്രവേശിക്കുകയും ചെയ്തു.

മൗലവി സാഹിബിന്റെ സഹപാഠികൾ പറയുന്നത് തുടക്കം മുതൽ തന്നെ അദ്ദേഹത്തിന് വായനശീലമുണ്ടായിരുന്നുവെന്നാണ്. ദിവസത്തിന്റെ വലിയൊരുഭാഗം അദ്ദേഹം വായനയിൽ മുഴുകിയിരുന്നു. എത്രത്തോളമെന്നാൽ രാത്രി 11 മണി ആയി ഹോസ്റ്റലിൽ വെളിച്ചം അണഞ്ഞ ശേഷം ദാറുൽ മസീഹിന്റെ മുൻവശത്തുണ്ടായിരുന്ന ഒരു സ്ട്രീറ്റ് ലൈറ്റിൽ നിന്നും വരുന്ന വെളിച്ചത്തിൽ പാതിരാത്രി വരെ വായിച്ചിരിക്കുമായിരുന്നു. അവസാനവർഷം മൗലവി സാഹിബിന്റെ ഉപ്പയുടെ നിർദ്ദേശമനുസരിച്ച് അദ്ദേഹം അവധിക്കാലം ഖാദിയാനിൽ തന്നെ നിന്ന് അതീവ ഗൗരവത്തോടെ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെഗ്രന്ഥപാരായണം ചെയ്യാൻ രണ്ടു മാസം മുഴുവൻ ചെലവഴിച്ചു. അദ്ദേഹം ഒഴിവുള്ളപ്പോൾ ദിനേന 14 മുതൽ 16 മണിക്കൂർ വരെ വായനയിൽ മുഴുകിയിരുന്നു. അസുഖം ബാധിച്ച് വീട്ടിൽ വന്നതിനുശേഷം അദ്ദേഹം ക്ഷീണം കൊണ്ട് വായിക്കാൻ പറ്റാത്തപ്പോഴൊക്കെ എന്നോട് പറഞ്ഞിരുന്നത് കുവൈത്തിൽ ആയിരുന്നപ്പോൾ ദിവസവും ജമാഅത്തിന്റെ സേവനങ്ങൾക്കും വായനയ്ക്കുമായി 14 മണിക്കൂർ ചെലവഴിച്ചിരുന്നു എന്നാണ്. ജാമിഅയിൽ നിന്നും ലഭിക്കുന്ന സ്റ്റൈപ്പന്റും തുടർന്ന് ജമാഅത്തിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന വേതനവും മിച്ചം വെച്ച് വാങ്ങിയ രണ്ടു ലക്ഷത്തിലേറെ രൂപയുടെ ഗ്രന്ഥങ്ങൾ മൗലവി സാഹിബിന്റെ ലൈബ്രറിയിൽ ഉണ്ട്. അറബി ഉറുദു ഇംഗ്ലീഷ് മലയാളം തമിഴ് മുതലായ ഭാഷകളിലുള്ള ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ വായനയിൽ ഉൾപ്പെട്ടിരുന്നു. ദുർലഭമായിരുന്ന പല ഗ്രന്ഥങ്ങളെയും അന്വേഷിച്ചു കൊണ്ട് ദൂരയാത്രകൾ നടത്തുകയും ഫോട്ടോകോപ്പി എടുത്തു ബൈൻഡ് ചെയ്ത് വെക്കുകയും ചെയ്യുമായിരുന്നു. രോഗബാധിതനായി കോഴിക്കോട് ഡയാലിസിസിന് പോകുമ്പോഴും അദ്ദേഹം പുസ്തകം അല്ലെങ്കിൽ ടാബ് കയ്യിൽ കരുതുമായിരുന്നു. അറിവിനെയും പുസ്തകങ്ങളെയും ജീവശ്വാസമായി പ്രണയിച്ച വ്യക്തിയായിരുന്നു മൗലവി സാഹിബ് എന്ന് അതിശയോക്തി കൂടാതെ പറയാനാകും.

ചൈനയിൽ പോയിട്ടാണെങ്കിലും അറിവ് കരസ്ഥമാക്കണം എന്ന നബി(സ) യുടെ കല്പന മൗലവി സാഹിബ് എന്നും പാലിച്ചിരുന്നു. കാരണം അദ്ദേഹത്തിന് ആവശ്യമായിട്ടുള്ള അറിവുകൾ ലഭിക്കുന്ന സ്ഥലങ്ങളിൽ നിന്നെല്ലാം തന്നെ അദ്ദേഹം അത് കരസ്ഥമാക്കിയിരുന്നു. അതിനുവേണ്ടി അഹോരാത്രം പരിശ്രമിക്കുകയും ഒരുപാട് യാത്രകൾ നടത്തുകയും ചെയ്തിരുന്നു. പലപ്പോഴായി അദ്ദേഹം പറഞ്ഞിരുന്നത് മൗലവി മർഹൂം അബുൽ വഫാ സാഹിബ് ജീവിച്ചിരുന്ന കാലഘട്ടങ്ങളിൽ അറിവ് സമ്പാദിക്കുന്നതിന് വേണ്ടിയും അതുപോലെ അറബി ഗ്രന്ഥങ്ങളിൽ മനസ്സിലാവാത്ത ഭാഗങ്ങൾ പഠിക്കുന്നതിനു വേണ്ടിയും അദ്ദേഹത്തിന്റെ അടുക്കൽ പോവാറുണ്ടായിരുന്നു എന്നാണ്. അറിവ് സമ്പാദിക്കുന്നതിന് വേണ്ടി അദ്ദേഹം ധാരാളം യാത്രകൾ നടത്തുകയും സമ്പത്ത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിജ്ഞാനം സത്യവിശ്വാസിയുടെ കളഞ്ഞുപോയ നിധിയാണെന്നും അത് അവന് എവിടെ വെച്ച് കിട്ടിയാലും സ്വായത്തമാക്കണമെന്നുമുള്ള നബി (സ)യുടെ പാഠം തന്നെയായിരുന്നു അതിന് നിദാനം. അദ്ദേഹത്തോട് എന്ത് സംശയങ്ങൾ ചോദിച്ചാലും വളരെ വിശദമായി നമുക്ക് മനസ്സിലാവുന്നത് വരെ അത് വിശദീകരിച്ചു തരുമായിരുന്നു. മൗലവി സാഹിബിനോട് സംസാരിച്ചിരിക്കുമ്പോൾ പലപ്പോഴും എനിക്ക് തോന്നിയിരുന്ന കാര്യം അദ്ദേഹത്തിന് സിവിൽ സർവീസ് പരീക്ഷ പോലുള്ള ബൗദ്ധികമായ ഉന്നത നേട്ടങ്ങൾ എല്ലാം തന്നെ നിസ്സാരമായ സംഗതിയായിരുന്നു എന്നാണ്. കാരണം ഓരോ വിഷയങ്ങളെ സംബന്ധിച്ചും വളരെ ഗഹനമായിട്ടുള്ള വായനയും അറിവും

അദ്ദേഹത്തിന്റെ മുഖമുദ്രയാണ്. ഇനി ഹദ്റത്ത് മസീഹ് മൗഊദ് (അ) ലോകത്തിനു മുമ്പാകെ അവതരിപ്പിച്ച ആത്മീയവും ആധ്യാത്മികവുമായ ജ്ഞാനങ്ങളെ കുറിച്ച് അദ്ദേഹത്തിനുണ്ടായ അവഗാഹം എത്രത്തോളമുണ്ടെന്നു പരിശോധിക്കാം. അമീറുൽ മുഅ്മിനീൻ ഖുതുബ നൽകി കൊണ്ടിരിക്കുമ്പോൾ അതിൽ ഉദ്ധരിക്കുന്ന മസീഹ് മൗഊദ് (അ)ന്റെ ഉദ്ധരണികൾ പലതും അദ്ദേഹം അമീറുൽ മുഅ്മിനീനൊപ്പം തന്നെ ഉരുവിടുമായിരുന്നു. ഖുതുബ കഴിഞ്ഞ ഉടൻ റൂഹാനി ഖസായിൻ എടുത്ത് പരിശോധിക്കുകയും അത് ഇന്ന ബുക്കിൽ നിന്നുള്ളതാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുമായിരുന്നു. അതുപോലെതന്നെ മറ്റുള്ളവരെ പഠിപ്പിക്കുന്ന കാര്യത്തിലും പാവപ്പെട്ട കുട്ടികളെ വിദ്യാസമ്പന്നരാക്കുന്ന കാര്യത്തിലും മൗലവി സാഹിബിന് പ്രത്യേക ശ്രദ്ധയായിരുന്നു. തൻറെ രണ്ട് പെൺകുട്ടികളെയും അദ്ദേഹം ഹോമിയോ ഡോക്ടർമാരാക്കുകയും ചെയ്തു.

ദീനി സേവനത്തിനുള്ള ഒരവസരവും അദ്ദേഹംപാഴാക്കിയിരുന്നില്ല. തബ്ലീഗ് പരിപാടികൾ വളരെയധികം നടന്നുകൊണ്ടിരുന്ന കാലമായിരുന്നതിനാൽ കേരളത്തിൽ ഉള്ളപ്പോഴും തമിഴ്നാട്ടിൽ ആയിരുന്നപ്പോഴും വളരെ കുറഞ്ഞ സമയങ്ങൾ മാത്രമേ അദ്ദേഹം തന്റെ കുടുംബത്തോടൊപ്പം ചിലവഴിച്ചിരുന്നുള്ളൂ. പലപ്പോഴും അദ്ദേഹം രാത്രി വളരെ വൈകി വീട്ടിൽ എത്തുകയും അതിരാവിലെ തന്നെ തിരിച്ചു പോവുകയും ചെയ്യുമായിരുന്നു. അധികവും അദ്ദേഹം ബൈക്കിൽ തന്നെയാണ് യാത്ര ചെയ്തിരുന്നത്. അതുകൊണ്ടുതന്നെ എന്നെ ബൈക്കിൽ കാണുമ്പോൾ നമ്മുടെ സഹോദരന്മാർ ചിരിച്ചുകൊണ്ട് ചോദിക്കാറുള്ളത് അമ്മോശനെ പോലെ എപ്പോഴും ബൈക്കിലാണല്ലെ യാത്ര എന്നാണ്. ചേലക്കരയിൽ ഡ്യൂട്ടി ചെയ്തുകൊണ്ടിരുന്ന സമയത്താണ് ആദ്യമായിട്ട് അദ്ദേഹത്തിന്റെ ഉപ്പ അദ്ദേഹത്തിന് ഒരു ബൈക്ക് വാങ്ങി കൊടുക്കുന്നത്. അതിനുള്ള കാരണം മറ്റൊന്നുമായിരുന്നില്ല കൊടുവായൂർ ജമാഅത്ത് സ്ഥാപിക്കുന്നതിനുവേണ്ടി ഒരുപാട് യാത്രകൾ അദ്ദേഹത്തിന് ചെയ്യേണ്ടതായി വന്നിട്ടുണ്ട്. അലവി സാഹിബ് അദ്ദേഹത്തോട് ഒരു ബൈക്ക് വാങ്ങുകയാണെങ്കിൽ യാത്ര എളുപ്പത്തിൽ ചെയ്യാം എന്ന് ഉപദേശിക്കുകയും അതിനുവേണ്ടിയുള്ള സൗകര്യം ചെയ്തു കൊടുക്കുകയും ചെയ്തു. മൗലവി മഹമൂദ് അഹ്മദ് സാഹിബിന്റെ ഇത്തരത്തിലുള്ള അശ്രാന്ത പരിശ്രമങ്ങളിലൂടെ കേരളത്തിലും, തമിഴ്നാട്ടിലും, ലക്ഷദ്വീപിലും ഗൾഫ് രാജ്യങ്ങളിലും ധാരാളം പേര് അഹ്മദിയ്യത്ത് സ്വീകരിച്ചുകൊണ്ട് ജമാഅത്തിലേക്ക് പ്രവേശിച്ചിട്ടുണ്ട്. അതുപോലെതന്നെ കേരളത്തിലും തമിഴ്നാട്ടിലും ചില ജമാഅത്തുകൾ അദ്ദേഹം മുഖേന സ്ഥാപിതമാവുകയും ചെയ്തിട്ടുണ്ട്. തിരിപ്പൂർ ജമാഅത്ത് സ്ഥാപിക്കുന്നതിലും അവിടെ പള്ളിക്ക് സ്ഥലം വാങ്ങുന്നതിലും മൗലവി മഹ്മൂദ് അഹ്മദ് സാഹിബിന് വലിയ പങ്കുണ്ടെന്ന് അവിടത്തെ സദർ ജനാബ് അബ്ദുർ റഹീം സാഹിബ് ഈ വിനീതനോട് ഒരിക്കൽ പറഞ്ഞിരുന്നു. അതുപോലെതന്നെ നമ്മുടെ മഞ്ചേരി ജമാഅത്ത് സ്ഥാപിതമാകുന്നതും അവിടെ ധാരാളം പേര് ജമാഅത്തിലേക്ക് പ്രവേശിക്കുന്നതും മൗലവി സാഹിബിന്റെ ഖുർആൻ ക്ലാസിന്റെ ഫലമായിട്ടായിരുന്നു. മൗലവി സാഹിബ് കരുളായി ജമാഅത്തിൽ സേവനമനുഷ്ഠിച്ചു കൊണ്ടിരുന്ന കാലഘട്ടങ്ങളിൽ നിലമ്പൂരിൽ ഒരു മുറി വാടകയ്ക്ക് എടുക്കുകയും അവിടെ എല്ലാ ആഴ്ചയിലും ഖുർആൻ ക്ലാസ് സംഘടിപ്പിക്കുകയും ചെയ്തിരുന്നു. അതിന്റെ ഫലമായിട്ട് ചില സഹോദരന്മാർ ജമാഅത്തിൽ പ്രവേശിച്ചിട്ടുണ്ട്. ചരിത്രസംഭവമായ കോയമ്പത്തൂർ സംവാദത്തിൽ മൗലവി മുഹമ്മദ് ഉമർ സാഹിബിനെയും മൗലവി മർഹൂം അയ്യൂബ് സാഹിബിനെയും സഹായിക്കുന്നതിനുവേണ്ടി ഖലീഫത്തുൽ മസീഹ് റാബി (റഹ്) പാകിസ്ഥാനിൽ നിന്നും മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബിനെയും, മൗലാനാ ഹാഫിള് മുസഫർ അഹ്മദ് സാഹിബിനെയും സഹായികളായി അയച്ചപ്പോൾ തെളിവുകളും മറ്റും തിരഞ്ഞെടുക്കാനും സഹായിക്കാനും വേണ്ടി മൗലവി മഹ്മൂദ് അഹ്മദ് സാഹിബും ഉണ്ടായിരുന്നു. പിന്നീട് 1998ൽ കോഴിക്കോട് വെച്ച് നടന്ന മുജാഹിദ് അഹ്മദിയ്യാ സംവാദത്തിൽ ജമാഅത്തിന്റെ ഭാഗത്തുനിന്നും സംവദിച്ചിരുന്നത് അദ്ദേഹം തന്നെയായിരുന്നു. 2015 കണ്ണൂർ ജില്ലയിലെ പഴയങ്ങാടിക്കടുത്തുള്ള ഏഴോം എന്ന സ്ഥലത്ത് വെച്ച് മുജാഹിദുകാരുമായി നടന്ന സംവാദവും നടത്തിയിരുന്നത് അദ്ദേഹമാണ്. കേരളത്തിലുടനീളം അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിനെ എതിരാളികൾ നഖശിഖാന്തം എതിർക്കുകയും വിമർശിക്കുകയും ആക്ഷേപങ്ങൾ ഉന്നയിക്കുകയും ചെയ്തപ്പോഴെല്ലാം അവരുടെ ആക്ഷേപങ്ങൾക്ക് മറുപടി നൽകുന്നതിന് മുൻപന്തിയിൽ മൗലവി സാഹിബായിരുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ ചെറിയ പ്രായം മുതൽ തന്നെ ജമാഅത്തുമായും പള്ളിയുമായും എനിക്ക് നല്ല ഒരു ബന്ധമായിരുന്നു. ജമാഅത്തിൽ മുബല്ലിഗായിട്ട് സേവനമനുഷ്ഠിച്ചിരുന്ന എല്ലാവരോടും എനിക്ക് വളരെയധികം സ്നേഹാദരവായിരുന്നു. മൗലവി മഹ്മൂദ് അഹ്മദ് സാഹിബിനെ ഞാൻ കണ്ടിരുന്നത് പ്രത്യേകം ചില പരിപാടികളിൽ മാത്രമാണ്. അദ്ദേഹം ജമാഅത്തിന്റെ തബ്ലീഗ് പ്രസംഗങ്ങളിലും, ചോദ്യോത്തരവേദികളിലും, സംവാദങ്ങളിലും ശോഭിച്ചു നിന്നിരുന്നു. ഞാൻ ഖാദിയാനിലേക്ക് വരുമ്പോൾ എന്റെ കുടുംബാംഗങ്ങളും ജമാഅത്തിലുള്ളവരും ഉപദേശിച്ചിരുന്നത് വെറും ഒരു മൗലവി ആയാൽ പോരാ മറിച്ച് മഹ്മൂദ്

മൗലവിയെയും ഇസ്മായിൽ മൗലവിയെയും പോലെയാകണമെന്നായിരുന്നു.

ഭക്തിനിർഭരമായ ജീവിതത്തിനുടമയായ മൗലവി സാഹിബ് വിശുദ്ധ ഖുർആനെ അങ്ങേയറ്റം സ്നേഹിച്ചിരുന്നു. ഏതുകാര്യം സംസാരിക്കുമ്പോഴും വിശുദ്ധ ഖുർആനുമായി അതിനെ ബന്ധിപ്പിക്കുകയും ഖുർആൻ ആ വിഷയത്തെ സംബന്ധിച്ച് എന്ത് അധ്യാപനമാണ് നല്കുന്നത് എന്ന് വളരെ ആഴത്തിൽ വിവരിക്കുക പതിവായിരുന്നു. വിശുദ്ധ ഖുർആനിലെ കല്പനകളെ ജീവിതത്തിലേക്ക് പകർത്തുന്ന കാര്യത്തിലും അദ്ദേഹം അതീവ ശ്രദ്ധ ചെലുത്തി. വളരെയധികം അനുകമ്പയോടെയായിരുന്നു ജനങ്ങളോട് പെരുമാറിയിരുന്നത്. എത്രവലിയ തിരക്കുകളായാലും എന്തെങ്കിലും ആവശ്യത്തിനുവേണ്ടി അതല്ലെങ്കിൽ ഏതെങ്കിലും സംശയനിവാരണത്തിന് വേണ്ടി ഫോണിലൂടെ ബന്ധപ്പെടുന്ന ആളുകളുമായി മണിക്കൂറുകളോളം സംസാരിക്കുവാനും അവരുടെ ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും പരിഹരിക്കാനും മൗലവി സാഹിബ് സമയം കണ്ടെത്തിയിരുന്നത് നമ്മളെ അദ്ഭുതപ്പെടുത്തിയിരുന്നു. ഒരിക്കൽ ഒരു സഹോദരൻ ഫോണിലൂടെ തന്റെ ഭാര്യയുടെ അസുഖത്തെ സംബന്ധിച്ച് പറയുകയുണ്ടായി. ഇപ്പോൾ ഹോസ്പിറ്റലിൽ ആണെന്നും ഭാര്യയുടെ ചികിത്സക്ക് വേണ്ടി ഒരു ഭീമമായ സംഖ്യ ആവശ്യമുണ്ടെന്നും അറിയിച്ചപ്പോൾ വിഷമിക്കേണ്ട ഞാൻ പരിശ്രമിക്കാം എന്ന് പറഞ്ഞുകൊണ്ട് കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ തന്നെ ഒരു ലക്ഷത്തി പന്ത്രണ്ടായിരം രൂപ സംഘടിപ്പിച്ചുകൊണ്ട് ആ സഹോദരന്റെ ഭാര്യയുടെ ചികിത്സക്ക് വേണ്ടി അയച്ചു കൊടുക്കുകയുണ്ടായി. തിരിപ്പൂർ ജമാഅത്ത് സദ്ർ അബ്ദുർറഹിം സാഹിബ് ഖാദിയാനിൽ വച്ച് എന്നോട് പറഞ്ഞ ഒരു സംഭവം വിവരിക്കാം. മൗലവി സാഹിബ് കോയമ്പത്തൂരിൽ സേവനമനുഷ്ഠിച്ച് കൊണ്ടിരിക്കുന്ന കാലത്ത് അദ്ദേഹം ഒരു ബലിപെരുന്നാളിന്റെ അവസരത്തിൽ, തന്നെ ഫോൺ വിളിച്ചു കൊണ്ട് ജമാഅത്തിൽ എല്ലാവരും പെരുന്നാളിന് ഡ്രസ്സ് എടുത്തോ എന്ന് ചോദിച്ചു. അപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു. എനിക്കും എന്റെ ഭാര്യക്കും ഉള്ള ഡ്രസ്സ് എന്റെ അളിയൻ വാങ്ങി തന്നിട്ടുണ്ട്. എന്നാൽ ജമാഅത്തിലെ മറ്റു സഹോദരങ്ങൾ ഡ്രസ്സ് എടുത്തിട്ടില്ല. ഉടനെതന്നെ മൗലവി സാഹിബ് തിരിപ്പൂർ ജമാഅത്തിലെ ദരിദ്രരായ അഹ്മദികൾക്കു വേണ്ടിയുള്ള വസ്ത്രങ്ങൾ സംഘടിപ്പിച്ചുകൊണ്ട് ഒരു ബോക്സ് നിറയെ പുതു വസ്ത്രങ്ങൾ അയച്ചു കൊടുക്കുകയുണ്ടായി. ഇതുപോലെ ഒരുപാട് സംഭവങ്ങൾ പല ആളുകളും എന്നോട് വിവരിച്ചിട്ടുണ്ട്. പാവങ്ങളോടുള്ള അനുകമ്പയും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടി മൗലവി സാഹിബ് കാണിച്ചിരുന്ന കാരുണ്യവും ശ്ലാഘനീയമായിരുന്നു. ഒരിക്കൽ ഒരു വഖ്ഫെ സിന്ദഗി തന്റെ കുട്ടിയുടെ ഉപരിപഠനത്തിന് ഫണ്ട് ലഭിക്കുന്നതിനായി ഖാദിയാനിലേക്ക് അപേക്ഷ നല്കി. ഇപ്പോൾ ഫണ്ടില്ല എന്ന് മറുപടി ലഭിച്ചു. അദ്ദേഹത്തിന്റെ കയ്യിലും വേണ്ടത്ര കാശ് ഉണ്ടായിരുന്നില്ല. ഈ വിവരങ്ങളെല്ലാം മൗലവി സാഹിബിനോട് പറഞ്ഞപ്പോൾ മൗലവി സാഹിബ് ഇൻശാ അല്ലാഹ് ഞാൻ നോക്കട്ടെ, നാലോ അഞ്ചോ ഗഡുക്കൾ ആയിട്ട് ഞാൻ അത് തരാം എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം മറ്റുചില സഹോദരങ്ങളെ കൂടി ഇക്കാര്യം അറിയിച്ചു. അങ്ങനെ അവരെല്ലാവരും കൂടി വലിയൊരു ഭാരിച്ച സംഖ്യ ആ കുട്ടിയുടെ പഠനത്തിനുവേണ്ടി നല്കുകയാണുണ്ടായത്.നമ്മുടെ ജമാഅത്തിലെ കുട്ടികൾക്ക് കോളേജുകളിൽ അഡ്മിഷൻ വാങ്ങി കൊടുക്കുന്ന കാര്യത്തിലും അദ്ദേഹത്തിന് പ്രത്യേക ശ്രദ്ധയായിരുന്നു. അവർക്ക് നല്ല രീതിയിലുള്ള മാർഗോപദേശം നല്കുകയും ചെയ്തിരുന്നു. കഴിഞ്ഞമാസം തിരുവിഴാം കുന്നിലെതന്റെ വീടിനടുത്തുള്ള ഒരു യുവാവിന്റെ വിസയുമായി ബന്ധപ്പെട്ട കാര്യം സംസാരിക്കുകയുണ്ടായി. എന്നോട് പറഞ്ഞു ചണ്ഡീഗഢിൽ നമ്മുടെ ആരെങ്കിലും ഉണ്ടെങ്കിൽ എത്രയും പെട്ടെന്ന് അന്വേഷിക്കുക. കാരണം വളരെ പാവപ്പെട്ട ഒരു കുടുംബമാണ്. ഉമ്മയുടെ ആഭരണം പണയം വെച്ചിട്ടാണ് അവൻ വിസയ്ക്ക് വേണ്ടിയുള്ള പണം കണ്ടെത്തിയിട്ടുള്ളത്. ഞാൻ പറഞ്ഞു, ശരിയാക്കാം.എന്റെ സുഹൃത്താണ് അവിടെ മുബല്ലിഗ്. ഇതിനെ സംബന്ധിച്ച് വീണ്ടും എന്നെ ഓർമിപ്പിക്കുകയും നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്തു. കുടുംബത്തിനും ജമാഅത്തിനും പൊതുജനങ്ങൾക്കും ഒരുപോലെ സേവനങ്ങൾ അർപ്പിച്ചിരുന്ന വ്യക്തിത്വമായിരുന്നു മൗലവി സാഹിബിന്റേത്.മാത്രമല്ല പാവങ്ങളുടെ കണ്ണീരൊപ്പുന്നവരെ മൗലവി സാഹിബ് വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. വാണിയമ്പലം ജമാഅത്തിലെ മർഹൂം സി കെ ഗഫൂർ സാഹിബിനെ കുറിച്ച് എപ്പോഴും അദ്ദേഹം സ്മരിക്കുകയും അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്യുകയും ചെയ്തിരുന്നു. വീട്ടിലെത്തുമ്പോൾ മിക്കവാറും പത്ത് മണി കഴിയും. എന്നിരുന്നാലും എന്നെ മൗലവി സാഹിബ് കാത്തിരിക്കുകയും 12 മണിയോളം ഞങ്ങൾ സംസാരിക്കുകയും ചെയ്യുമായിരുന്നു. അധികവും വൈജ്ഞാനിക ചർച്ചകളായിരുന്നു. കൂടാതെ സംസാരത്തിനിടയിൽ എങ്ങനെയാണ് കുടുംബപ്രശ്നങ്ങളൊക്കെ രഞ്ജിപ്പിലാക്കേണ്ടതെന്നും പറഞ്ഞുതരുമായിരുന്നു. അതുപോലെ കല്ല്യാണ പ്രായമായ കുട്ടികളുടെ ബന്ധങ്ങൾ നമ്മൾ ശരിയാക്കി കൊടുക്കുകയാണെങ്കിൽ അതിന് അല്ലാഹുവിൽനിന്നുള്ള അതിരറ്റ പ്രതിഫലം ലഭിക്കുമെന്നും മൗലവി സാഹിബ് ഉപദേശിക്കുകയും, സി.കെ ഗഫൂർ സാഹിബ് അത്തരത്തിലുള്ള ഒരു മഹദ്

വ്യക്തിയായിരുന്നു എന്ന് സ്മരിക്കുകയും ചെയ്തിരുന്നു.

മൗലവി സാഹിബിന് അല്ലാഹുവുമായിട്ട് സുദൃഢമായ ഒരു ബന്ധമാണ് ഉണ്ടായിരുന്നത്. എല്ലാ കാര്യങ്ങളും എപ്പോഴും അല്ലാഹുവിൽ ഭരമേല്പിക്കുന്നശീലമായിരുന്നു. ഒരിക്കൽ അദ്ദേഹം പഴയങ്ങാടിയിൽ നിന്നും ജമാഅത്തിന്റെ ഒരു പരിപാടി കഴിഞ്ഞ് തിരിച്ചുവരുമ്പോൾ ട്രെയിൻ ടിക്കറ്റ് എടുക്കുവാനുള്ള കാശ് അദ്ദേഹത്തിന്റെ പക്കൽ ഉണ്ടായിരുന്നില്ല. അല്ലാഹു അതിനുള്ള സംവിധാനം ഉണ്ടാക്കിതരും എന്ന ദൃഢവിശ്വാസത്തോടുകൂടി റെയിൽവേ സ്റ്റേഷനിലേക്ക് പോയി. അവിടെ ചെന്നതും മുമ്പിൽ ഒരു പേഴ്സ് കിടക്കുന്നതാണ് കാണുന്നത്. ഉടൻ തന്നെ അദ്ദേഹം അത് കൈയിലെടുത്തു കൊണ്ട് ഇതിന്റെ ഉടമസ്ഥൻ ആരെങ്കിലുമുണ്ടോ എന്ന് ഉച്ചത്തിൽ പലതവണ ചോദിച്ചു. എന്നാൽ ആരും തന്നെ മുന്നോട്ട് വന്നില്ല. ഇത് അല്ലാഹു തനിക്കു വേണ്ടി ഒരുക്കിയ സംവിധാനമാണ് എന്ന് മനസ്സിലാക്കി കൊണ്ട് അദ്ദേഹം അതിലുള്ള കാശു കൊണ്ട് ടിക്കറ്റെടുത്തു യാത്ര ചെയ്തു. എന്നാൽ ആ പേഴ്സ് ആരുടേതാണ് എന്ന് ചിന്തിച്ചു വ്യാകുലനാകുകയും അല്ലാഹുവേ ഇതിന്റെ അവകാശിയെ എന്റെ മുമ്പിൽ കൊണ്ടുവരണമേ എന്ന് ദുആ ചെയ്യുകയും ചെയ്തു. രണ്ടു ദിവസങ്ങൾക്ക് ശേഷം മൗലവി സാഹിബ് വീണ്ടും പഴയങ്ങാടി റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ ഇറങ്ങിയപ്പോൾ ഒരാൾ എന്തോ തിരഞ്ഞു കൊണ്ടിരിക്കുന്നത് കണ്ടു. എന്താണ് തിരയുന്നതെന്ന് അന്വേഷിച്ചപ്പോൾ താൻ നാട്ടിലേക്ക് അയക്കാൻ കുറച്ച് പൈസ കൊണ്ടു വന്നിരുന്നു പക്ഷേ ആ പേഴ്സ് കാണാനില്ല എന്ന് അയാൾ പറയുകയുണ്ടായി. ഉടൻതന്നെ അദ്ദേഹം പോക്കറ്റിൽ നിന്നും പേഴ്സെടുത്തു കൊണ്ട് ഇതാണോ നിങ്ങളുടെ പേഴ്സ് എന്ന് ചോദിച്ചു. അതെയെന്ന് അയാൾ മറുപടി നൽകി. അതിൽ നിന്ന് എടുത്ത തുക തിരിച്ചു വെച്ചുകൊണ്ട് അയാൾക്ക് അത് നൽകുകയും അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുകയും ചെയ്തു. ഇതുപോലെയുള്ള മറ്റൊരു സംഭവം കൂടിയുണ്ട്. മൗലവി സാഹിബ് തന്റെ മകളുടെ കല്യാണത്തിന് ആഭരണം വാങ്ങുന്നതിനു വേണ്ടി പോകുമ്പോൾ പണത്തിന്റെ സാരമായ കുറവുണ്ടായിരുന്നു. എത്രയാണ് ഇനിയും വേണ്ടതെന്ന് തന്റെ സഹോദരനോടു പറയുകയും ചെയ്തു. അദ്ദേഹം പറഞ്ഞു, അല്ലാഹു അതിനുള്ള സംവിധാനം ഉണ്ടാക്കി തരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഏതായാലും ഞാൻ എന്റെ എ.ടി.എം ഒന്ന് ചെക്ക് ചെയ്യട്ടെ എന്ന് പറഞ്ഞു. അതിൽ കൃത്യം അത്ര തന്നെ സംഖ്യ വന്നു കിടപ്പുണ്ടായിരുന്നു.

മസീഹ് മൗഊദ്(അ) രചിച്ച ഗ്രന്ഥങ്ങൾ പലതും നമുക്ക് മനസ്സിലാക്കാൻ പ്രയാസമാണല്ലേ എന്ന് ഞാൻ ഒരിക്കൽ മൗലവി സാഹിബിനോട് പറഞ്ഞപ്പോൾ, എന്നെ ഉപദേശിച്ചു കൊണ്ട് പറഞ്ഞത് ഇക്കാര്യത്തിൽ ഖാദിയാനിലെ മസ്ജിദ് മുബാറക്കിൽ സ്ഥിതിചെയ്യുന്ന ബൈത്തുൽ ഫിക്ർ എന്ന മുറിയിൽ പോയി കരഞ്ഞുകൊണ്ട് അല്ലാഹുവിനോട് ദുആ ചെയ്യുക. അല്ലാഹുവേ നിന്റെ മസീഹ് ബൃഹത്തായ പല ഗ്രന്ഥങ്ങളും രചിച്ചിട്ടുള്ളത് ഈ മുറിയിൽ വെച്ചാണ്.മാത്രമല്ല നീ നിന്റെ മസീഹിന് സാന്ത്വനമായി അറിയിച്ചിട്ടുള്ളത് നാം എല്ലാ കാര്യങ്ങളും ഇവിടെ അതായത് ബൈത്തുൽ ഫിക്റിൽ നിനക്ക് എളുപ്പമാക്കി തന്നില്ലയോ? എന്നാണല്ലോ. ഇങ്ങനെ നമ്മൾ ദുആ ചെയ്തുകൊണ്ട് അല്ലാഹുവിന്റെ മസീഹ് രചിച്ച ഗ്രന്ഥങ്ങൾ പാരായണം ചെയ്താൽ അല്ലാഹു നമുക്ക് അതെല്ലാം തന്നെ എളുപ്പത്തിൽ മനസ്സിലാക്കിത്തരും.

മൗലവി സാഹിബിനെ സംബന്ധിച്ച് എത്ര പറഞ്ഞാലും അവസാനിക്കാത്ത ഓർമ്മകളാണ് എനിക്കുള്ളത്. പക്ഷേ അതൊന്നും തന്നെ ഇവിടെ വിവരിക്കുക എളുപ്പമുള്ള കാര്യമല്ല. അതുകൊണ്ട് ഞാൻ ചുരുക്കുകയാണ്. ദീനീ സേവനത്തിന് വേണ്ടി അദ്ദേഹത്തിനുള്ള താല്പര്യവും ആത്മാർഥതയും സ്തുത്യർഹമായിരുന്നു. കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ വെച്ച് ഡയാലിസിസ് ചെയ്യുന്നതിന് വേണ്ടി വലതു കൈയിൽ ഫിസ്റ്റുല ഘടിപ്പിക്കണം എന്ന് ഡോക്ടർ പറഞ്ഞപ്പോൾ, അത് നിങ്ങൾ ഇടതുകൈയിൽ ഫിറ്റ് ചെയ്തു കൊള്ളുക കാരണം ഇനി ജീവിതം ബാക്കിയുണ്ടെങ്കിൽ വല്ല ഗ്രന്ഥവും രചിച്ചുകൊണ്ട് അല്ലെങ്കിൽ ഉറുദു ഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി കൊണ്ട് ജമാഅത്തിനു വേണ്ടി സേവനം ചെയ്യണം എന്നാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. ജമാഅത്തിനു സേവനം ചെയ്യുവാൻ ലഭിക്കുന്ന ഒരു അവസരവും തന്നെ നമ്മൾ പാഴാക്കാൻ പാടില്ല എന്ന് അദ്ദേഹം എപ്പോഴും എന്നെ ഉപദേശിച്ചിരുന്നു. ഞാൻ ആദ്യമായിട്ട് വാണിയമ്പലം ജമാഅത്തിൽ മുബല്ലിഗായി നിയമിതനായ നാളുകളിൽ അവിടെ ഒരു പബ്ലിക് പ്രോഗ്രാം സംഘടിപ്പിക്കുകയുണ്ടായി. വണ്ടൂർ ടൗണിൽ വച്ചായിരുന്നു പരിപാടി നിശ്ചയിച്ചിരുന്നത്. ജമാഅത്തിനെ പരിചയപ്പെടുത്തിക്കൊണ്ട് പ്രസംഗിക്കണമെന്ന് മലപ്പുറം ജില്ലാ അമീർ സാഹിബ് എന്നോട് ആവശ്യപ്പെട്ടപ്പോൾ എനിക്ക് വളരെയധികം ഭയം തോന്നുകയും എനിക്കതിന് സാധിക്കുമോ എന്ന് ഞാൻ പല പ്രാവശ്യം ആലോചിക്കുകയും ചെയ്തു. ഞാൻ ഉടനെതന്നെ മൗലവി സാഹിബിന് മെസ്സേജ് ചെയ്തു കൊണ്ട് വിവരമറിയിച്ചു. എനിക്ക് വളരെയധികം ടെൻഷനുണ്ട് വലിയ ഒരു സദസ്സിൽ പബ്ലിക്കിൽ എങ്ങനെ സംബോധന ചെയ്യണം എന്നൊരു ധാരണയും ഇല്ല എന്ന് പറഞ്ഞപ്പോൾ എന്നെ ഉപദേശിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞത് ജമാഅത്തിനു വേണ്ടി വഖ്ഫ് ചെയ്തിട്ടുള്ള നമുക്ക് എപ്പോഴും

അല്ലാഹുവിന്റെ സഹായവും സംരക്ഷണവും ഉണ്ടാകും. നമ്മോടൊപ്പം എല്ലാ സന്ദർഭങ്ങളിലും മലക്കുകളുടെ സാന്നിധ്യം ഉണ്ടാകും. മാത്രമല്ല നമ്മൾ ജമാഅത്തിന്റെ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുന്നത് കാണുമ്പോൾ മസീഹ് മൗഊദ് (അ)ന്റെ ആത്മാവ് വളരെയധികം സന്തോഷിക്കുകയും ചെയ്യും. അതിനു വേണ്ടി ദുആ ചെയ്യുകയും വിഷയം നന്നായി പഠിച്ചു കൈകാര്യം ചെയ്യുന്നതിനു വേണ്ടി പ്രയത്നിക്കുകയും ചെയ്യുക. ഇൻശാഅല്ലാഹ് ഒരു പ്രശ്നവും ഉണ്ടാകില്ല എന്ന് പറഞ്ഞുകൊണ്ട് എനിക്ക് ധൈര്യം പകർന്നു തരികയാണ് ചെയ്തത്. എല്ലായ്പ്പോഴും എനിക്ക് താങ്ങും തണലും നൽകിക്കൊണ്ട് എന്നെ കൈപിടിച്ച് ഉയർത്തിക്കൊണ്ടുവന്നത് എന്റെ പ്രിയങ്കരനായ ഉപ്പ തന്നെയാണ്. അദ്ദേഹം ഇന്ന് ഈ ലോകത്തു നിന്നു വിടവാങ്ങിയപ്പോൾ എല്ലാ ധൈര്യവും ചോർന്നു പോയതു പോലെയാണ് എനിക്ക് അനുഭവപ്പെടുന്നത്. ഉർദുവിൽ ഒരു പഴമൊഴിയുണ്ട് "ഏക് ആലിം കാ മർനാ ഏക് ആലം കാ മർനാ ഹെ." അതായത് ഒരു പണ്ഡിതന്റെ വിയോഗം ഒരു ലോകത്തിന്റെ തന്നെ വിയോഗമാണ്. മൂന്ന് പതിറ്റാണ്ടോളം അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനു വേണ്ടി അഹോരാത്രം പ്രയത്നിക്കുകയും പ്രവർത്തിക്കുകയും, ശത്രുക്കളുടെ നീചവും നിന്ദ്യവുമായിട്ടുള്ള ആക്ഷേപങ്ങൾക്കും വിമർശനങ്ങൾക്കും മറുപടി നൽകിക്കൊണ്ട് ഗർജിച്ചിക്കുകയുംചെയ്തിരുന്ന ആ ശബ്ദം ഇന്ന് നിലയ്ക്കുമ്പോൾ, ആ യഥാർഥ മുജാഹിദിന് വേണ്ടി ആത്മാർഥമായി നമുക്ക് ദുആ ചെയ്യാം, അല്ലാഹുവേ നിന്റെ ഈ എളിയ ദാസൻ നിന്നോട് ചെയ്തിട്ടുള്ള കരാർ പാലിക്കുന്നതിനായി കാഴ്ച വെച്ച കർമ്മങ്ങൾ നീ സ്വീകരിച്ചു കൊണ്ട് നിന്റെ ഇഷ്ട ദാസരിൽ ഉൾപ്പെടുത്തുകയും നിന്റെ സ്വർഗത്തിന് അവകാശിയാകുകയും ചെയ്യേണമേ. ആമീൻ

**പേജ് 29 ൽ നിന്ന് തുടർച്ച**

ഒക്ടോബർ 15 ചൊവ്വാഴ്ച വൈകുന്നേരം ആറു മണിയോടടുത്താണ് അദ്ദേഹം വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ബുധനാഴ്ച ഉച്ച കഴിഞ്ഞ് രണ്ടുമണിക്ക് അദ്ദേഹത്തിന്റെതന്നെ വീട്ടുവളപ്പിൽ ജനാസ നമസ്കരിച്ചു. അഹ്മദികളും അനഹ്മദികളുമായ നൂറുകണക്കിന് ആളുകൾ ജനാസയിൽ പങ്കെടുത്തു. പാലക്കാട് ഇൻചാർജും മൗലവി മഹ്മൂദ് സാഹിബിന്റെ പിതൃവ്യപുത്രനുമായ മൗലവി കെ.അബ്ദുസ്സലാം സാഹിബ് നമസ്കാരത്തിന് നേതൃത്വം നല്കി. അതിനുശേഷം ജനാസ എറണാകുളത്തേക്ക് കൊണ്ടുപോകുകയും നിയമപരമായ കാര്യങ്ങൾ പൂർത്തിയാക്കി വ്യാഴാഴ്ച രാവിലെ 5.30നുള്ള ഫ്ളൈറ്റിൽ ഖാദിയാനിലേക്ക് കൊണ്ടുപോകുകയും വൈകുന്നേരം നാലര മണി കഴിഞ്ഞ് ജനാസ നമസ്കാരത്തിനുശേഷം മഹ്ദി ഇമാം അന്ത്യവിശ്രമം കൊള്ളുന്ന ബിഹിശ്തി മഖ്ബറയിൽ ഖബ്റടക്കുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

കവിത

# സ്മരണാഞ്ജലി

## എച്ച്. എസ്. കാവശ്ശേരി

ആത്മീയ സാഗത്തി-
ലാഴത്തിലൂളിയിട്ടും
ജ്ഞാനത്തിൻ മണിമുത്തു
രത്നങ്ങൾ ശേഖരിച്ചും

കാലത്തിൻ മസീഹിന്റെ
ജ്ഞാനപീയുഷം നമ്മെ
ആസ്വദിപ്പിച്ച പ്രിയ
മിത്രം ഹാ മിഴി പൂട്ടി !

സത്യത്തിന്നെതിരികൾ -
ക്കെതിരിലെന്നും ധീര
യോദ്ധാവായ്ത്തന്നെ നില
കൊണ്ടതായ് കണ്ടു ഞങ്ങൾ

ഊണിലുമുറക്കിലും
മറ്റൊരു ചിന്ത നിന
ക്കുള്ളതായ് ഞങ്ങൾക്കെന്നും
തോന്നിയതില്ല സത്യം!

രാപ്പകൽ രണാങ്കണ
പാതയിലിറങ്ങു വാൻ
കോപ്പുകളൊരുക്കൂട്ടി
കാത്തുകാത്തിരുന്നു നീ

വാഗ്ദത്ത മസീഹിന്റെ
സിംഹ ഗർജ്ജനം നിന്നിൽ
മാറ്റൊലിക്കൊണ്ടീടവെ
കോൾമയിർക്കൊണ്ടു ഞങ്ങൾ

വന്ദ്യനാം പിതാവിൽ നി-
ന്നാവാഹിച്ചിരുന്നൊരാ
ദീനിയാം ജ്ഞാന സിദ്ധി
നിന്നിലുമൊഴുകവെ

ആത്മീയ വിഹായസ്സിൻ
വീഥിയിലെന്നും ശുഭ്ര
താരകമായിത്തന്നെ
തിളങ്ങിത്തെളിഞ്ഞു നീ!

ദീനിന്നായ് സമർപ്പണം
ചെയ്യുവാൻ കഴിഞ്ഞതിൻ
ചാരിതാർത്ഥ്യമാ മുഖ-
ത്തന്ത്യമായ്ക്കണ്ടു ഞങ്ങൾ!

ഒത്തിരി തലമുറ-
ക്കോർക്കുവാൻ മാത്രം കീർത്തി
ഇത്തിരിക്കാലം കൊണ്ടേ-
യാർജ്ജിച്ച സഹോദരാ

ജന്നത്തും മഗ്ഫിറത്തും
എന്നെന്നും ലഭിക്കുവാൻ
വിങ്ങുന്ന ഹൃദയത്താ-
ലിരന്നീടുന്നു ഞങ്ങൾ.

# ഊർജ്ജസ്വലനായ പ്രഭാഷണ പ്രതിഭ



## ഹിദായത്തുല്ലാ സഖാഫി

വഖഫെ സിന്ദഗീ (ദൈവമാർഗ്ഗത്തിൽ ജീവിതം സമർപ്പിച്ചയാൾ) എന്ന മഹത്തായ കർമ്മം തന്റെ ജീവിതത്തിൽ അന്വർത്ഥമാക്കിയ സൗഭാഗ്യവാനായിരുന്നു മർഹൂം കെ. മഹ്മൂദ് മൗലവി സാഹിബ്. ജമാഅത്തിന്റെ ഏത് പ്രോഗ്രാമും എവിടെയാണെങ്കിലും അതിൽ പങ്കെടുക്കാനും വിജയിപ്പിക്കാനും പരിശ്രമിച്ച് വ്യക്തിയയിരുന്നു അദ്ദേഹം. അതിന് വേണ്ടി എത്ര പ്രയാസങ്ങൾ നേരിടേണ്ടി വന്നാലും അതൊന്നും മുഖവിലക്കെടുത്തിരുന്നില്ല. ലക്ഷദ്വീപിൽ നടക്കുന്ന ജമാഅത്തിന്റെ പബ്ലിക്ക് പരിപാടിയിൽ എന്നും ക്ഷണിക്കപ്പെടുന്ന വ്യക്തിയായിരുന്നു മൗലവി മഹ്മൂദ് സാഹിബ്. മുറിയക്കണ്ണി ജമാഅത്തിൽ വിനീതൻ ഡ്യൂട്ടിയിലായിരുന്ന കലത്തും അല്ലാത്തപ്പോഴും മൗലവി സാഹിബുമൊത്ത് ദ്വീപിൽ പോകാൻ പല അവസരങ്ങളും വിനീതനുണ്ടായി. സാധാരണ ഞാൻ ഒറ്റക്ക് പോകുമ്പോൾ കപ്പൽ പുറപ്പെടുന്നതിന് മുമ്പ് തലേ ദിവസം തന്നെ എറണാകുളം പള്ളിയിൽ പോയി കൂടുകയും അവിടുന്ന് പിറ്റേ ദിവസം യാത്രപുറപ്പെടുകയും ചെയ്യുമായിരുന്നു പതിവ്. എന്നാൽ മൗലവി സാഹിബുണ്ടാകുമ്പോൾ അതിന് കഴിഞ്ഞിരുന്നില്ല. കാരണം അദ്ദേഹത്തിന് ജമാഅത്തിന്റെ തിരക്കുകൾ ധാരളമുണ്ടാകും. ചിലപ്പോൾ യാത്രാ തലേന്ന് ദൂരസ്ഥലങ്ങളിലായിരിക്കും. ദ്വീപിൽ പോകേണ്ട ദിവസമായാൽ ഞാൻ ഫോണിൽ വിളിച്ച് ഓർമ്മപ്പെടുത്തുമ്പോൾ പറയും നിങ്ങൾ ടെൻഷനടിക്കണ്ട ഞാൻ സമയത്ത് തന്നെ എത്തും യാത്രക്കുള്ള ഒരുക്കങ്ങൾ നടത്തി ഞാൻ കാത്തിരിക്കും. രാത്രി മൗലവി സാഹിബ് എന്റെ താമസ സ്ഥലത്തെത്തും. തന്റെ ബൈക്കിൽ എന്നെയും കൂട്ടി അദ്ദേഹത്തിന്റെ വീട്ടിലെത്തും. അവിടുന്ന് മൗലവി സാഹിബിന്റെ ലഗേജുമെടുത്ത് ആര്യമ്പാവ് എന്ന സ്ഥലത്തെത്തും. അവിടെനിന്ന് ബസ്സിൽ നേരെ പാലക്കാട്. പിന്നെ എറണാകുളം. നേരം വെളുക്കുമ്പോഴേക്കും എറണാകുളത്തെത്തും. യാത്രയിലെ പ്രയാസങ്ങൾ മൗലവി സാഹിബിന് ഒരു പ്രശ്നമേ അല്ലായിരുന്നു. എന്നാൽ കപ്പലിൽ കയറിയാൽ ക്യാമ്പിനിൽ ചുരുണ്ടു കൂടി കിടക്കും. കപ്പലിന്റെ ഇളക്കം മൗലവി സാഹിബിന് അസഹ്യമായിരുന്നു. ഞാൻ തമാശയായി പറയും ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര. മൗലവി സാഹിബ് ചിരിച്ചു കൊണ്ട് ചർദ്ദിക്കാതിരിക്കാനുള്ള ഗുളിക എന്നിൽ നിന്നും വാങ്ങി കഴിക്കും. ദ്വീപിൽ എത്തികഴിഞ്ഞാൽ യാത്രാ ക്ഷീണമൊന്നും കണക്കിലെടുക്കാതെ പ്രോഗ്രാമിന്നിറങ്ങും. 2005 ൽ കവരത്തി ദ്വീപിൽ ബേക്കറി ജംഗ്ഷനിൽ (ബോട്ട് ജെട്ടി) ജമാഅത്തിന്റെ ഒരു പബ്ലിക്ക് പ്രോഗ്രാം സംഘടിപ്പിച്ചിരുന്നു. വൈകിട്ട് 5 മുതൽ 10 മണി വരെയാണ് മൈക്ക് പെർമിറ്റ് അനുവദിച്ചിരുന്നത്. അന്നേ ദിവസം ജമാഅത്തംഗങ്ങൾ അവിടെ എത്തി പ്രസംഗവേദി ഒരുക്കുകയും ബിസ്മില്ലാ ബേക്കറി ഉടമയുടെ അനുമതിയോടെ അവരുടെ തന്നെ ഹോട്ടലിൽ നിന്നും വൈദ്യുതി കണക്ഷൻ എടുക്കുകയും മൈക്കിൽ ജമാഅത്തിന്റെ പാട്ടുകൾ കേൾപ്പിച്ച് കൊണ്ടിരിക്കുകയും ചെയ്തു. മഗ്‌രിബ് നമസ്ക്കാര ശേഷമായിരുന്നു പ്രസംഗ പരിപാടി. ഞങ്ങൾ എല്ലാവരും തൊട്ടടുത്ത മുറിയിൽ നമസ്ക്കരിക്കാനായിപ്പോയി. മഗ്‌രിബും ഇശായും ജം ആക്കി നമസ്ക്കരിച്ചു. തിരിച്ചു വന്നപ്പോൾ പ്രസംഗവേദി ആകെ ഇരുട്ടിൽ!! സംഭവിച്ചതെന്തന്നാൽ അവിടുത്തെ സുന്നി മഹല്ലിലെ പണ്ഡിതന്മാരുടെ സമ്മർദ്ദം കാരണം വൈദ്യുതി കണക്ഷൻ തന്നിരുന്ന ബിസ്മില്ല ബേക്കറിക്കാർ അത് പിൻവലിച്ചു ഇനി എന്ത് ചെയ്യും അടുത്ത് കടകളിൽ നിന്നും ആരും വൈദ്യുതി തരാൻ തയ്യാറല്ല. ജമാഅത്തംഗങ്ങൾ പ്രയാസത്തിലും വിഷമത്തിലുമായി. ദുആയിൽ മുഴുകി. നൂറുക്കണക്കിന് ആളുകൾ തടിച്ചു കൂടിയിരുന്നു. പരിഹാസത്തിന്റെ ചിരികൾ വിരോധികളുടെ ഭാഗത്ത് നിന്ന് കേട്ടു തുടങ്ങി. പോലീസ് ഡ്യൂട്ടിയിലുണ്ടായിരുന്നതിനാൽ വിരോധികൾ വല്ലാതെ ശല്യം ചെയ്യാൻ നിന്നില്ല. ഒരു ജനറേറ്റർ കിട്ടിയെങ്കിൽ നമ്മുടെ കാര്യങ്ങൾ നടത്താമെന്ന് അഭിപ്രായം വന്നു. എങ്കിലും അവിടുത്തെ ജമാഅത്തംഗവും ഹാർബർ ഡിപ്പാർട്ട്മെന്റിൽ ജെ ഇയുമായിരുന്ന സി. ജി അബ്ദുൽ ഖയ്യൂം സാഹിബ് തന്റെ ഓഫീസിൽ ഒരു ജനറേറ്റർ ഉണ്ടെന്നും അതുകൊണ്ട് വന്നാൽ കാര്യങ്ങൾ നടക്കുമെന്നും പറഞ്ഞു. എന്നാൽ വാഹനമായി

ശേഷം പേജ് 43 ൽ

# പരിശ്രമശാലിയായ പണ്ഡിതൻ



## പി. എം. സലീം

2012 റമദാൻ മാസത്തിലാണ് മൗലവി മഹ്മൂദ് അഹ്മദ് സാഹിബ് കുവൈത്തിൽ മുറബ്ബിയായി നിശ്ചയിക്കപ്പെട്ടത്. കുവൈത്തിലേക്ക് നിശ്ചയിക്കപ്പെട്ട ആദ്യത്തെ മുറബ്ബി ആയിരുന്നു മൗലവി സാഹിബ്.

മഹ്മൂദ് മൗലവി കുവൈത്തിലേക്ക് വരുന്നു എന്നറിഞ്ഞപ്പോൾ ജമാഅത്തിലെ ഒരു പണ്ഡിതൻ വരുന്നു എന്നതിനേക്കാൾ വളരെ അടുത്ത ഒരു സുഹൃത്ത് വരുന്നു എന്ന സന്തോഷമായിരുന്നു എനിക്ക്. ഖാദിയാൻ ജാമിഅ അഹ്മദിയ്യയിൽ പഠിക്കുന്ന കാലം മുതൽ തുടങ്ങിയതായിരുന്നു ആ സൗഹൃദം. ആദ്യമായി മഹ്മൂദ് മൗലവി സാഹിബിനെ കാണുന്നത് ഖാദിയാനിൽവെച്ചായിരുന്നു. ബൈഅത്ത് ചെയ്ത് ഒന്നു രണ്ട് വർഷങ്ങൾക്ക്ശേഷം, 1985 ൽ ഏതാനും മാസങ്ങൾ ഖാദിയാനിൽ പോയി താമസിക്കാൻ ഈയുള്ളവന് സൗഭാഗ്യം ലഭിച്ചിരുന്നു. ഇന്നത്തെ പല പ്രമുഖ പണ്ഡിതന്മാരും ഖാദിയാനിൽ പഠിച്ചുകൊണ്ടിരുന്ന സുവർണ്ണ കാലമായിരുന്നു അത്.

കുവൈത്ത് ജമാഅത്തിനെ വ്യവസ്ഥാപിതമായ രീതിൽ ജമാഅത്തീ സംവിധാനത്തിലേക്ക് വളർത്തിക്കൊണ്ടുവന്ന കാര്യത്തിൽ മൗലവി സാഹിബ് വഹിച്ച പങ്ക് ചെറുതല്ല. അദ്ദേഹം കുവൈത്ത് ജമാഅത്തംഗങ്ങൾക്കിടയിൽ വരുത്തിയ സ്വാധീനം അത്ഭുതകരമായിരുന്നു.

മൗലവി സാഹിബ് വരുന്നതിനു മുമ്പ് കുവൈത്ത് ജമാഅത്ത് ചിട്ടയായ ഒരവസ്ഥയിൽ ആയിരുന്നില്ല. കുവൈത്തിൽ രണ്ട് നമസ്കാര സെന്ററുകൾ (മർക്കസുകൾ) ഉണ്ടായിരുന്നെങ്കിലും ഒറ്റ ജമാഅത്തായാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. അത് വ്യവസ്ഥപിതമായ രീതിയിൽ രണ്ട് ഹൽഖകൾ ആക്കി വിഭജിക്കുന്നതിലും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിലും പോഷക സംഘടനകളെ പ്രോത്സാഹിപ്പിക്കുന്നതിലും മൗലവി സാഹിബ് നിർണ്ണായക പങ്കാണ് വഹിച്ചത്. അതുകൊണ്ട് ജമാഅത്തിനുണ്ടായ പുരോഗതി വളരെയേറേയായിരുന്നു.

ഓരോ അംഗത്തോടും വ്യക്തിപരമായ അടുപ്പം പുലർത്താൻ മൗലവി സാഹിബ് എപ്പോഴും ശ്രദ്ധിച്ചിരുന്നു. മൗലവി സാഹിബിന് സുഖമില്ലാതെ നാട്ടിൽ പോയ അവസരത്തിൽ പാക്കിസ്താൻ സ്വദേശിയായ ജനാബ് തഹ്സീൻ സാഹിബ് ദിവസവും അദ്ദേഹത്തിന്റെ സുഖവിവരം അന്വേഷിക്കുകയും സലാം പറയാൻ പറയുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ വിഷമം കണ്ട് ഞാൻ മൗലവി സാഹിബിനോട്, സമയം കിട്ടുമ്പോൾ ഒന്ന് അദ്ദേഹത്തെ വിളിക്കാൻ പറഞ്ഞു. അതനുസരിച്ച് മൗലവി സാഹിബ് പല പ്രാവശ്യം അദ്ദേഹത്തെ വിളിച്ചെങ്കിലും അദ്ദേഹം ഫോൺ എടുത്തില്ല. ഇക്കാര്യം ഞാൻ തഹ്സീൻ സാഹിബിനോട് ചോദിച്ചപ്പോൾ തൊണ്ടയിടറിക്കൊണ്ട് അദ്ദേഹം പറഞ്ഞ്, ഈ അവസ്ഥയിൽ അദ്ദേഹത്തിന്റെ ശബ്ദം കേട്ടാൽ എനിക്ക് കരച്ചിൽ നിയന്ത്രിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഞാൻ ഫോൺ എടുക്കാത്തത് എന്നാണ്. മൗലവി സാഹിബ് വ്യക്തികളിൽ ചെലുത്തിയ സ്വാധീനത്തിന്റെ ചെറിയൊരു ഉദാഹരണമാണ് ഇത്.

നല്ലോരു സ്പോർട്സ്മാൻ കൂടിയായിരുന്നു മൗലവിസാഹിബ്. പഠിക്കുന്ന കാലത്ത് തന്നെ അദ്ദേഹം നല്ലൊരു ഫുട്ബോൾ കളിക്കാരൻ ആയിരുന്നു. കുവൈത്തിൽ എല്ലാ വെള്ളിയാഴ്ചയും സുബ്ഹി നമസ്കാരശേഷം ഖാദിമീങ്ങൾ ഫുട്ബോൾ കളിക്കാൻ പോകുമ്പോൾ മൗലവി സാഹിബും അവരുടെ കൂടെ കൂടുമായിരുന്നു.

റമദാൻ മാസത്തിലാണ് മൗലവി സാഹിബ് വന്നതെന്ന് പറഞ്ഞുവല്ലോ. റമദാൻ മാസത്തിൽ എല്ലാ ദിവസവും തറാവീഹ് നമസ്കാരത്തിനു മുമ്പായി അര മണിക്കൂർ ക്ലാസ് ഉണ്ടാകുമായിരുന്നു; ഉർദുവിലും തുടർന്ന് മലയാളത്തിലും. കഴിഞ്ഞ ആറ് വർഷമായി മുടങ്ങാതെ ഈ ക്ലാസ് നടന്നുകൊണ്ടിരുന്നിട്ടും ഒരു ക്ലാസ്സ് പോലും ആവർത്തനമായി ആർക്കും അനുഭവപ്പെട്ടില്ല. വ്യത്യസ്ത വിഷയങ്ങൾ, അതും റമദാനുമായി ബന്ധപ്പെട്ടവ, തിരഞ്ഞെടുക്കുന്ന

തിൽ അദ്ദേഹം പുലർത്തിയ നിഷ്കർഷ അത്ഭുതാവഹമായിരുന്നു. ഇതിനു പുറമേ എല്ലാ വ്യാഴാഴ്ചകളിലും തർബിയ്യത്ത് ക്ലാസുകൾ, അതും ഉർദുവിലും മലയാളത്തിലും. ഈ ക്ലാസുകൾ എല്ലാം വീഡിയോ റെക്കോർഡ് ചെയ്ത് അദ്ദേഹത്തിന്റെ പേരിൽ തുടങ്ങിയ ബ്ലോഗിൽ അപ്‌ലോഡ് ചെയ്യാൻ സാധിച്ചു എന്നത് ഒരനുഗ്രഹമായികരുതുന്നു.

മൗലവി സാഹിബിന്റെ ഉർദു അറബി ഭാഷാ പാണ്ഡിത്യം അപാരമായിരുന്നു. ഉർദു മാതൃഭാഷയായ പാക്കിസ്താനി സഹോദരന്മാർ അത്ഭുതത്തോടെ അക്കാര്യം എടുത്ത് പറയുമായിരുന്നു. അദ്ദേഹത്തിന്റെ പല ഭാഷാ പ്രയോഗങ്ങളും സാധാരണ ഉർദു സംസാരിക്കുന്നവർക്ക് മനസ്സിലാക്കുവാൻ പ്രയാസമാണ് എന്നവർ പറയും. അറബികളായ സഹോദരന്മാരും അദ്ദേഹത്തിന്റെ അറബി ഭാഷാ പാണ്ഡിത്യത്തെ എപ്പോഴും പുകഴ്ത്തുമായിരുന്നു. ഹദ്‌റത്ത് മസീഹ് മൗഊദിന്റെയും ഖുലഫാക്കളുടെയും പുസ്തകങ്ങളിൽ നിന്നുള്ള വിജ്ഞാനം തന്നെയായിരുന്നു ഇതിനു കാരണം. അവതരിപ്പിക്കുന്ന വിഷയങ്ങളുടെ ഗഹനതയ്ക്കൊത്ത് ഭാഷയും ഗഹനമായിരിക്കണം എന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം. മലയാള ഭാഷാ പ്രയോഗങ്ങൾ കുറച്ചുകൂടി ലളിതമാക്കണം എന്ന് പറയുമ്പോൾ അത് അങ്ങനെ വന്നു പൊകുന്നതാണ് മാറ്റാൻ പറ്റുന്നില്ല എന്നാണ് അദ്ദേഹം പറയാറ്. അതേ സമയം സൗഹൃദ സംഭാഷണങ്ങളിൽ തനി നാടൻ ഭാഷയിൽ സംസാരിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ശൈലി.

പുസ്തകങ്ങൾ അദ്ദേഹത്തിന് ജീവനായിരുന്നു. ഇഷ്ടപ്പെട്ട പുസ്തകം എത്ര വില കൊടുത്തും മൗലവി സാഹിബ് വാങ്ങുമായിരുന്നു. തന്റെ വരുമാനത്തിന്റെ ഒരു നല്ല പങ്കും പുസ്തകം വാങ്ങാൻ വേണ്ടിത്തന്നെയാണ് അദ്ദേഹം ചെലവഴിച്ചത്. കമ്പ്യൂട്ടറും ഇൻറർനെറ്റും വ്യാപകമായിട്ടും കമ്പ്യൂട്ടറിലെ വായനയും പുസ്തക വായനയും തികച്ചും വ്യത്യസ്തമാണ് എന്ന അഭിപ്രായമായിരുന്നു അദ്ദേഹത്തിന്. പുസ്തകം വായിക്കുമ്പോൾ അതിലെ പേജുകളുടെ രൂപത്തിൽ ആശയങ്ങൾ മനസ്സിൽ പതിയും എന്നദ്ദേഹം പറയും. അത് പിന്നീട് ഓർത്തെടുക്കാൻ എളുപ്പമാണത്രേ. പുസ്തകങ്ങളോടുള്ള അദ്ദേഹത്തിന്റെ ഈ സ്നേഹം ഒരു പക്ഷേ, അദ്ദേഹത്തിന്റെ പിതാവ് അലവി മൗലവി സാഹിബിന്റെ ദുആയുടെ പുലർച്ചയാണ് എന്നു വേണം കരുതാൻ. മൗലവി സാഹിബിന്റെ മകൾ ഡോ. മലീഹ മഹ്മൂദ് അക്കാര്യം സ്മരിക്കുന്നുണ്ട്: എന്റെ ഉപ്പാപ്പ മൗലാന മർഹൂം അലവി സാബിബ് തന്റെ മക്കളെയും ഭാര്യയെയും വീട്ടിൽ തനിച്ചാക്കി ദിവസങ്ങളോളം വീട്ടിൽ നിന്നകന്ന് ജമാഅത്തീ പ്രവർത്തനങ്ങൾക്കായി വീട് വിട്ടു പോകുമായിരുന്നു. ദാരിദ്ര്യത്തിന്റെ കാലമായിരുന്നു അത്. ഒരു മഴക്കാലത്ത് ഉപ്പാപ്പ ഇതു പോലെ വീട്ടിൽ ഇല്ലാതിരുന്ന സമയത്ത് വീടിന്റെ മേൽക്കൂരയുടെ ഒരുവശം തകർന്നു. ആ സമയം ഉമ്മാമ വീട്ടുസാധനങ്ങൾ എല്ലാം എടുത്ത് സുരക്ഷിതമാക്കിവെച്ചു. അദ്ദേഹത്തിന്റെ പുസ്തകശേഖരം ഒരു വാഴയ്ക്ക് കീഴെ ഉപേക്ഷിച്ചു. ഉപ്പാപ്പ തിരികെ വന്നപ്പോൾ തന്റെ പുസ്തകങ്ങളുടെ അവസ്ഥ കണ്ട് ദുഖം സഹിക്കവയ്യാതെ കരഞ്ഞുകൊണ്ട് അല്ലാഹുവിനോട് ദുആ ചെയ്തു: "അല്ലാഹുവേ ഈ പുസ്തകങ്ങളുടെ വില അറിയുന്ന ഒരാളെ നീ എനിക്ക് നൽകേണമേ."

കുവൈത്തിലെ അറബി ഭാഷാഡെസ്ക് കൈകാര്യം ചെയ്യുന്ന മാസെൻ ഉക്ലാ സാഹിബ് അദ്ദേഹത്തെക്കുറിച്ച് പറഞ്ഞ ചില കാര്യങ്ങൾ കൂടി പറഞ്ഞുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ.

കുവൈത്തിലെ എന്റെ ആദ്യ നാളുകൾ മുതൽ എനിക്ക് മുറബ്ബി സാഹിബിനെ അറിയാമായിരുന്നു. പുതിയതായി ബൈഅത്ത് ചെയ്ത സഹോദരന്മാരുമായി ഞങ്ങൾ വളരെ അടുത്ത് പ്രവർത്തിച്ചു. ഓരോ സെക്കന്റിലും അദ്ദേഹം ജമാഅത്തിനെ സേവിക്കാൻ നീക്കിവച്ചു. അറബ് അഹ്മദികൾക്കായി അദ്ദേഹം എല്ലാ ആഴ്ചയും അറബിയിൽ ദർസ് തയ്യാറാക്കുന്നു. കുവൈത്തിലെ മർക്കസിലെ എല്ലാ ജമാഅത്ത് പരിപാടികളിലും അദ്ദേഹം സജീവമായിരുന്നു. അത്ഫാൽ, ഖുദ്ദാം, ലജ്ന തുടങ്ങി എല്ലാ പോഷക സംഘടനകൾക്കും അദ്ദേഹം വളരെ ആഴത്തിലുള്ള വിജ്ഞാനപ്രദമായ ക്ലാസുകൾ നടത്തുകയും ചെയ്തു. തബ്‌ലീഗ് ചെയ്യാൻ അങ്ങേയറ്റം തല്പരനായിരുന്ന മുറബ്ബി സാഹിബ് ഇസ്‌ലാമിന് വേണ്ടി തന്റെ ജീവിതം സമർപ്പിച്ച മഹാനായിരുന്നു.

അല്ലാഹുവിന്റെ ദീനിനു വേണ്ടി രാത്രികൾ പകലാക്കി അദ്ദേഹം അത്യധ്വാനം ചെയ്തു. വളരെ എളിമയോടെ പെരുമാറുന്ന വ്യക്തിയും ജമാഅത്തീ പുസ്തകങ്ങളിൽ അങ്ങേയറ്റം അവഗാഹമുള്ള വ്യക്തിയുമായിരുന്നു; വിശേഷിച്ച് മസീഹ് മൗഊദിന്റെ പുസ്തകങ്ങളിൽ. ഞാൻ അദ്ദേഹത്തെ ഒരിക്കലും ദേഷ്യപ്പെട്ട അവസ്ഥയിലോ പ്രകോപിതനായോ കണ്ടിട്ടില്ല. വിമർശിക്കപ്പെടുന്ന അവസരങ്ങളിൽ പോലും സൗമ്യമായിട്ടേ അദ്ദേഹം പ്രതികരിക്കാറുള്ളൂ. അല്ലാഹു സൂറഃ അൽമുഅ്മിനൂനിൽ പറയപ്പെട്ട മാതൃകായോഗ്യമായ വ്യക്തിത്വത്തിനുടമയായിരുന്നു മർഹൂം.

അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞു. പക്ഷേ, അദ്ദേഹം കാണിച്ചു തന്ന മാതൃക എപ്പൊഴും നമ്മോടൊപ്പം ഉണ്ടായിരിക്കും. സർവശക്തനായ അല്ലാഹു അദ്ദേഹത്തിന് സ്വർഗത്തിൽ ഉന്നതമായ പദവി നൽകുകയും അദ്ദേഹത്തിന്റെ കുടുംബത്തിനും ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും ക്ഷമ പ്രദാനം ചെയ്യുകയും ചെയ്യട്ടെ.

കുറിപ്പുകൾ

# കുറ്റകൃത്യങ്ങളും മതവിശ്വാസവും

## മുസാഫിർ

കോഴിക്കോട് ജില്ലയിലെ മലയോരഗ്രാമമായ കൂടത്തായ് എന്ന പ്രദേശത്ത് മലയാളികളെ മുഴുവൻ നടുക്കിയ ഒരു കൊലപാതക പരമ്പരയാണ് അരങ്ങേറിയത്. കട്ടപ്പന സ്വദേശിയും കൂടത്തായിയിൽ വിവാഹിതയുമായ ഒരു യുവതിയാണ് പ്രതി. ഒരു വയസ്സുള്ള പിഞ്ചുകുഞ്ഞടക്കം ആറുപേരാണ് ഈ ഭീകര വനിത പൊട്ടാസിയം സയനൈഡ് എന്ന മാരക വിഷം ഉപയോഗിച്ച് കൊലക്കിരയാക്കിയത്. അറ്റമില്ലാത്ത ധനാർത്തിയും ഭോഗാസക്തിയും വിയോജിക്കുന്നവരോടുള്ള അടക്കാനാവാത്ത പകയും സങ്കോചമില്ലാതെ കളവ് പറയാനും പ്രവർത്തിക്കാനും പ്രവണതയുമുള്ള വികൃതമായ മാനസിക നിലയാണ് ഈ സ്ത്രീയെ ഈ കിരാത കൃത്യങ്ങൾക്ക് പ്രേരിപ്പിച്ചതെന്ന് പറയപ്പെടുന്നു. ജനിതകപരമായ ഘടങ്ങളും ബാല്യകാലത്തുണ്ടായ സംഭവങ്ങളും ഇത്തരം കുറ്റവാളികളെ എങ്ങനെ സ്വാധീനിച്ചു എന്നതും പരിഗണിക്കേണ്ടതാണ്. ഇത്തരം പൈശാചിക പ്രേരണകൾ ആവേശിച്ച അവരുടെ ഹൃദയത്തിൽ നിന്നും ധാർമിക ബോധം തികച്ചും അസ്തപ്രജ്ഞമായി എന്ന് കരുതാം. എല്ലാ മനുഷ്യരിലും ഉള്ളത്പോലെ ജന്മജാതമായി അവർക്കും ലബ്ദമായ നന്മയുടെ മനസ്സാക്ഷി അവർക്ക് വളർത്തിയെടുക്കാനോ ഈ തിന്മകളുടെ പ്രേരണകളെ പ്രതിരോധിക്കാനോ അതിജയിക്കാനോ ഉപയോഗിച്ചില്ല. ഇത്തരം ദുരാവേശങ്ങൾക്ക് അവർ വശംവദയായി നീണ്ട പതിനേഴ് വർഷം കൊണ്ടാണ് വളരെ സമർത്ഥമായി ഈ കൊലപാതക പരമ്പര അവർ നടത്തിയത്. ജോളി എന്ന സ്ത്രീ മുറ തെറ്റാതെ ചർച്ചിൽപ്പോകുകയും സഭയുടെ എല്ലാ പരിപാടികളിലും സജീവമായി പങ്കെടുക്കുകയും ചെയ്യുന്ന ഒരു വിശ്വാസിയാണെന്ന് പറയപ്പെടുന്നു. അത്പോലെ ലാറ്റിൻ കത്തോലിക്കാ സഭയിൽ ഡൽഹി അതിരൂപതക്കും ജലന്തർ രൂപതക്കും കീഴിൽ ബിഷപ്പായിരുന്ന ഒരു ക്രൈസ്തവ പുരോഹിതൻ നടത്തിയ കന്യാസ്ത്രീ പീഢനങ്ങളും കേരളത്തിൽ ഏറെ ചർച്ചചെയ്യപ്പെട്ട സംഭവങ്ങളാണ്. കിട്ടിയ സന്ദർഭങ്ങളിലെല്ലാം മതവിരുദ്ധത പ്രചരിപ്പിക്കുകയും മതവിശ്വാസത്തെ വിമർശിക്കുകയും ചെയ്യുന്ന സാമൂഹിക മാദ്ധ്യമങ്ങളിലെ മതവിമർശകർ ജോളിയുടെയും ബിഷപ്പിന്റേയും മതവിശ്വാസം ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള മതവിമർശനം ഒരു ആഘോഷമാക്കിയിട്ടുണ്ട്. അതാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

ധാർമികതയുടെ ഉദ്ഭവം മതവിശ്വാസത്തിൽ നിന്നാണെന്നത് പൊതുവേ മതങ്ങളുടെ തെറ്റായ ഒരു അവകാശ വാദമാണ്. ഈ അവകാശവാദം കൊണ്ടാണ് വിശ്വാസികൾ ചെയ്യുന്ന കുറ്റകൃത്യങ്ങൾക്ക് വിമർശകന്മാർ മതത്തെയും വിശ്വാസത്തെയും പഴിക്കുന്നത്. ചിലപ്പോൾ മതപ്രബോധനവും മതപ്രഭാഷണവും മത കാർമികത്വവും നിർവ്വഹിക്കുന്ന വിശ്വാസികളെക്കാൾ മതത്തിൽ വിശ്വസിക്കാത്ത ആളുകൾ ധാർമിക ബോധവും സദാചാരവും പ്രദർശിപ്പിക്കാറുണ്ട്. നമുക്ക് ചുറ്റും ചിലപ്പോൾ കാണുന്ന ഈ യാഥാർത്ഥ്യങ്ങൾക്ക് എന്താണ് വിശദീകരണം? ഇങ്ങനെ എന്തുകൊണ്ട് സംഭവിക്കുന്നു എന്ന് മതങ്ങൾ വിശദീകരിക്കേണ്ടതുണ്ട്. വാസ്തവത്തിൽ ധാർമികതയുടെ പ്രഭവകേന്ദ്രം മതവിശ്വാസമാണോ? വിശദീകരിക്കേണ്ട വിഷയമാണ്.

മനുഷ്യന് ധാർമിക ബോധം ഉണ്ടാവുന്നത് എന്തുകൊണ്ടാണ്? അല്ലെങ്കിൽ തെറ്റും ശരിയും തിരിച്ചറിയാനുള്ള വിവേചന ബോധം ഉണ്ടാവുന്നതിന്റെ പ്രഭവകേന്ദ്രം എവിടെയാണ്? ദൈവം എല്ലാ മനുഷ്യരുടേയും സൃഷ്ടി വേളയിൽ മനുഷ്യ പ്രകൃതിയിൽ സന്നിവേശിപ്പിച്ച ഒരു ആത്മഗുണത്തിന്റെ ബലം കൊണ്ടാണ് മനുഷ്യന് ധാർമിക ബോധം ഉണ്ടാവുന്നത്. അത് മതവിശ്വാസം കൊണ്ട് ഉണ്ടായി വരുന്നതല്ല. മനുഷ്യ പ്രകൃതിയിൽ സ്രഷ്ടാവിന്റെ നിരുപാധികമായ വരദാനമായി അരുളപ്പെട്ടതാണ് അത്. മനുഷ്യനായി പിറന്നവരിലെല്ലാം മനസ്സാക്ഷിയുടെ രൂപത്തിൽ ഈ

ദിവ്യഗുണം പ്രവർത്തിക്കുന്നു. മാനുഷതയുടെ അടിസ്ഥാനം പ്രകൃത്യാലുള്ള ഈ ധാർമിക ബോധമാണ്. മാനുഷിക ഗുണം സഹജമായി അവന്റെ ആത്മാവിൽ അവനെ സൃഷ്ടിച്ച സ്രഷ്ടാവ് ഉൾചേർത്തത് കൊണ്ടാണ് എല്ലാ മനുഷ്യരിലും ഈ ഗുണം സാർവ്വത്രികമായി കാണപ്പെടുന്നത്. സമൂഹത്തിന്റെ നീതി ബോധത്തിന്റെ അടിസ്ഥാനവും അത് തന്നെ. മതം വിശ്വസിച്ചവനിലും മതവിശ്വാസിയല്ലാത്തവനിലും മതത്തെ അനുധാവനം ചെയ്യുന്നവനിലും മതത്തെ തള്ളിപ്പറയുന്നവനിലും ഈശ്വര വിശ്വസിയിലും ഈശ്വര നിഷേധിയിലും അടിസ്ഥാനപരമായി ഈ ധാർമിക ബോധം ദൃശ്യമാണ്. അല്ലാതെ മതത്തിൽ വിശ്വസിച്ചത് കൊണ്ടല്ല ധാർമിക ബോധം സംജാതമാകുന്നത്. ഇത് തന്നെയാണ് ഇസ്‌ലാമിന്റെയും കാഴ്ച്ചപ്പാട്. തീർച്ചയായും ഇസ്‌ലാം മതം മനുഷ്യനിൽ അന്തർലീനമായ സ്വചഛവും സഹജവുമായ ഈ ധാർമിക ബോധത്തെ ഉന്നതമായ രൂപത്തിൽ വളർത്തി ഉദാത്തമായ ഒരു ആത്മീയ ഗുണമാക്കി മാറ്റാനുള്ള ദൈവിക ലബ്ധമായ ഒരു മാർഗ്ഗദർശനവും ജീവിത പദ്ധതിയുമാണ്. പ്രവാചകന്മാരും സിദ്ധന്മാരും ജ്ഞാനികളും സത്യവിശ്വാസികളുമായി അതിൽ നിരവധി മാതൃകകളുണ്ട്.

വാഗ്ദത്ത മസീഹ് (അ) തന്റെ വിഖ്യാതമായ ഇസ്‌ലാം മതതത്വജ്ഞാനം എന്ന പുസ്തകത്തിൽ മനുഷ്യാത്മാവിനെ രൂപപ്പെടുത്തുന്ന വിധത്തെ പറ്റി വിശുദ്ധ ഖുർആൻ ഉദ്ദരിച്ച് നടത്തിയ നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ്. വിശുദ്ധ ഖുർആൻ പറയുന്നു: **'ഞാൻ ആ ശരീരത്തെ രൂപപ്പെടുത്തുകയും മഹത്വത്തിന്റെ പ്രകാശങ്ങൾ സമീകരികുകയും അതിൽ എന്റെ ആത്മാവിനെ ഊതുകയും ചെയ്തിരിക്കുന്നതിനാൽ നിങ്ങളെല്ലാം അതിനു വണക്കത്തോടു കൂടി കീഴ്പ്പെടുവീൻ'**(15:30) **'സൽക്കർമ്മ ശരീരം പൂർണ്ണ രൂപം പ്രാപിക്കുന്ന തോടുകൂടി അന്തരാളത്തിൽ നിന്നും ഒരു ആത്മ തേജസ്സ് പ്രകാശിച്ചു തുടങ്ങുന്നു എന്ന സംഗതി തന്നെയാണ് പ്രസ്തുത വാക്യവും സൂചിപ്പിക്കുന്നത്. ഈ ശരീരം ഐഹിക ജീവിതത്തിലെ ഭൗതികത്വത്തിന്റെ വിലയനത്തിനു ശേഷം രൂപം കൊള്ളുന്നതിനാലത്രേ അതിൽ നിന്നും വെളിപ്പെടുന്ന ആത്മ തേജസ്സിനെ ദൈവം തന്നോട് ബന്ധിപ്പിച്ചിരിക്കുന്നത്.' (ഇസ്‌ലാം മതതത്വജ്ഞാനം)** എല്ലാ മനുഷ്യനെയും ദൈവം തന്റെ സ്വഛ പ്രതിരൂപത്തിൽ സൃഷ്ടിച്ചിരിക്കുന്നു എന്നാണ് സ്രഷ്ടാവായ ദൈവം പറയുന്നത്. **'അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യരെ സൃഷ്ടിച്ചുവോ ആ പ്രകൃതി (കൈകൊള്ളുക) അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ ഒരു മാറ്റവുമില്ല അതത്രെ എന്നും നിലനിൽക്കുന്ന മതം. പക്ഷേ മനുഷ്യരിൽ അധികമാളുകളും ഈ യാഥാർത്ഥ്യം അറിയുന്നില്ല. '**(30:31) ഇങ്ങനെ ദൈവം അവന്റെ ആത്മാവിനെ ഊതി പരിശുദ്ധ പ്രകൃതിയിൽ സൃഷ്ടിച്ച മനുഷ്യന് പ്രകൃത്യാ സഹജമായുള്ള ധാർമിക ബോധത്തെ മത്സരാത്മകമായ ഒരു ധാർമിക ഗുണമായി വളർത്തിയെടുക്കാൻ ദൈവം ഒരു പ്രതിശക്തിയെ മനുഷ്യന്റെ അന്തരാത്മാവിൽ സന്നിവേശിപ്പിച്ചിരിക്കുന്നു. ഖുർആൻ പറയുന്നു: **'മനുഷ്യാത്മാവ് തിന്മക്ക് വളരെ പ്രേരണ നൽകുന്നതാണ്.'**(12:54) ഖുർആൻ തുടർന്നു പറയുന്നു: **'വല്ലവനും നേർമാർഗ്ഗം പ്രാപിക്കുന്നുവെങ്കിൽ അവന്റെ ആത്മാവിന്റെ ഗുണത്തിന് വേണ്ടി തന്നെയാണ് അവൻ നേർമാർഗ്ഗം പ്രാപിക്കുന്നത്. ഇനി വല്ലവനും വഴി പിഴച്ചു പോകുന്നുവെങ്കിൽ അതിന്റെ ദോഷവും അതിന് തന്നെയാണ്. ഒരു ഭാരം ചുമക്കുന്ന ആത്മാവും മറ്റൊന്നിന്റെ ഭാരം ചുമക്കുന്നില്ല.'**(17:16) മനുഷ്യൻ തന്റെ പ്രകൃതിയിൽ ലീനമായിട്ടുള്ള നൈസർഗ്ഗിക മനസ്സാക്ഷിയുടെ ധാർമിക പരിധി അതിവർത്തിച്ച് ശരീരകാമനകളുടെ നിവൃത്തിക്കായി നടത്തുന്ന ലംഘനങ്ങളാണ് കുറ്റകൃത്യങ്ങൾ. ദൈവം മനുഷ്യന് നൽകിയ മനസ്സാക്ഷിയുടെ ബലം കൊണ്ട് തന്നെ ഈ തിന്മകളെയും കുറ്റവാസനകളെയും കുറ്റകൃത്യങ്ങളെയും അതിജയിക്കാനും തടയാനും മനുഷ്യന് സാദ്ധ്യമാണ്. അതിന് മതവിശ്വാസത്തിന്റെ ആവശ്യമില്ല. മതാദ്ധ്യാപനങ്ങൾ കൊണ്ട് അതിനെക്കാൾ ഉദാത്തവും പരലോക ബന്ധിതവുമായ മറ്റു അദ്ധ്യത്മിക ലക്ഷ്യങ്ങളാണ് നേടിയെടുക്കേണ്ടത്. കുറ്റകൃത്യങ്ങൾ തടഞ്ഞു നിർത്തുക എന്ന പ്രാഥമിക ധാർമിക ഗുണം നിർവ്വഹിക്കുന്ന മനുഷ്യനിൽ സാർവ്വത്രികമായി അന്തർലീനമായ സ്വഛമായ ആത്മ ബോധത്തെ, ധാർമിക ഗുണമായും ആത്മീയ ഗുണമായും മറ്റാനുള്ള മാർഗ്ഗദർശനവും കർമ്മപദ്ധതി കളും നൽകുകയാണ് മതങ്ങൾ ചെയ്യുന്നത്. സാത്വികവും പരിശുദ്ധവുമായ ജീവിതം നയിച്ച് കർമ്മ മാർഗ്ഗത്തിലൂടെ അത് വിശ്വാസി ആർജ്ജിച്ചെടുക്കേണ്ടതുണ്ട്. മതവിശ്വാസം കൊണ്ട് മാത്രം ഒരാൾ പരിശുദ്ധനും കുറ്റവിമുക്തനാകുമെന്ന സങ്കൽപ്പം യുക്തിക്കും ബുദ്ധിക്കും അനുഭവത്തിനും നിരക്കാത്ത ഒന്നാണ്.

ഒരു കാര്യം കൂടി പറയാം. കുറ്റം എന്നത് രാജ്യത്തെ നിയമ വ്യവസ്ഥയുമായി ബന്ധപ്പെട്ടതാണ്. കുറ്റകൃത്യങ്ങളോട് മതത്തിന്റെ വീക്ഷണം മറ്റൊന്നാണ്. മതം എല്ലാ കുറ്റങ്ങളെയും പാപമായിട്ടാണ് കാണുന്നത്. പക്ഷേ രാജ്യത്തെ നിയമമനുസരിച്ച് എല്ലാ പാപങ്ങളും കുറ്റകൃത്യങ്ങളല്ല. ഒരു ചെറിയ ഉദാഹരണം കൊണ്ട് ഇത് വ്യക്തമാക്കാം. അതായത് തൊട്ടടുത്ത അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറ് നിറച്ചുണ്ണുന്നത് പാപമാണ് എന്നാണ് റസൂൽ തിരുമേനി (സ) പഠിപ്പിച്ചത്. അയാൾ പാപിയാണ്. എന്നാൽ രാജ്യത്തെ നിയമം

അയാളെ കുറ്റവാളിയാക്കുന്നില്ല. ഇതാണ് മതനിയമവും രാഷ്ട്ര നിയമവും തമ്മിലുള്ള വ്യത്യസം. മാതാദ്ധ്യാപനങ്ങളാണ് മനുഷ്യനെ കൂടുതൽ മാനവിയനും, പരിശുദ്ധ നും ഉന്നതനുമാക്കുന്നത്. രാജ്യ നിയമങ്ങളല്ല. രാജ്യനിയമങ്ങൾ ക്രമസമാധാന പാലനത്തിന്ന് വേണ്ടി മാത്രമുള്ളതാണ്. മതവിമർ ശകന്മാർ ഈ യഥാർത്ഥ്യം കൂടി പരിഗണിക്കേണ്ടതുണ്ട്.

കുറ്റകൃത്യങ്ങൾ ഉണ്ടാകു ന്നത് വളരെ സങ്കീർണ്ണമായ ഒരു പ്രതിഭാസമാണ്. വ്യക്തിയുടെ ധാർമിക വൈകല്യങ്ങൾക്ക് പുറമെ ആധുനിക സമൂഹത്തിന്റെ അതി സങ്കീർണ്ണമായ ജീവിത പരിസരം സമ്മാനിക്കുന്ന മനശ്ശാസ്ത്രപരവും സാമ്പത്തികവും സാമൂഹികവു മായ കാരണങ്ങളെപറ്റി ആധുനിക ഗവേഷണങ്ങൾ ഈ വിഷയത്തെ പറ്റി കൂടുതൽ അവബോധം നേടാൻ സഹായിച്ചിട്ടുണ്ട്. കുറ്റശാസ്ത്രവും (Criminology) ശിക്ഷാശാസ്ത്രവും (Penology) എന്നീ വിജ്ഞാന ശാഖതന്നെ ഇത് സംബന്ധമായ വികസിച്ചിട്ടുണ്ട്. പെരുമാറ്റശാസ് ത്രം ജീവരസതന്ത്രം, ജനിതക ശാസ്ത്രം മുതലായ ആധുനിക വിജ്ഞാന ശാഖകളും മറ്റ് മാനവീ യ ശാസ്ത്രങ്ങളും ഇത് സംബന്ധി ച്ചുള്ള പഠനങ്ങളെ കൂടുതൽ വിശാലമാക്കുന്നു. കുറ്റവാളിക്കും സമൂഹത്തിനുമുള്ള പാഠം എന്ന നിലക്ക് ശിക്ഷ പ്രതികാരാത്മകം (Retributive) ആയിരിക്കുന്നതോ ടൊപ്പം അത് കുറ്റവാളികളിൽ പരിഷ്ക്കരണങ്ങൾ (Reformative) വരുത്തുന്നതു മായിരിക്കണം എന്നുമാണ് ആധുനിക സങ്കൽപ്പം. മാത്രമല്ല ശിക്ഷകളെ സംബന്ധിച്ച് പ്രതികാരാത്മകം എന്ന മദ്ധ്യകാല യാഥാസ്ഥിക സങ്കൽപ്പത്തേക്കാൾ അത് പരിഷ്കരണാത്മകവുമായിരി ക്കണം എന്ന വശത്തിനാണ് ആധുനിക നീതി പീഠങ്ങൾ താൽപര്യപ്പെടുന്നത്. കാരണം ഒരു കുറ്റവാളി. രൂപപ്പെടുന്നതിൽ മതവിശ്വാസികളും മതമില്ലാത്ത വനും അടങ്ങുന്ന പൊതു സമൂഹ ത്തിനും വമ്പിച്ച പങ്കുണ്ട്. കുറ്റകൃത്യങ്ങൾ ഉണ്ടാവുമ്പോൾ കുറ്റവാളിയെ മാത്രം പ്രതിയാക്കി ക്കൊണ്ടുള്ള സമീപനങ്ങൾക്കും സങ്കൽപ്പങ്ങൾക്കും മാറ്റങ്ങൾ വന്നിട്ടുണ്ട്. **'സമൂഹം കുറ്റകൃത്യ ങ്ങൾ തയ്യാറാക്കുന്നു കുറ്റവാളി അത് നിർവ്വഹിക്കുന്നു'** (The society prepares the crime, the criminal commits it) എന്ന ഹെൻട്രിതോമസ് ബക്കിളിന്റെ പ്രസിദ്ധമായ ആപ്തവാക്യം ശ്രദ്ധേയമാണ്

കുറ്റകൃത്യങ്ങളുടെ പരിഹാര ത്തിനായി കുറ്റകൃത്യങ്ങൾക്ക് കാരണമാവുന്ന സാഹചര്യങ്ങളിൽ നിന്നും കുറ്റവാളിയെ മാറ്റിനിർത്തു കയും കുറ്റം ചെയ്യാതിരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക (Deterrence) പ്രായവും ബുദ്ധിസ്ഥിര ത ഇല്ലായ്മയും പരിഗണിച്ച് കുറ്റം ചെയ്തവരെ കുറ്റവാളിയല്ലാതാക്കി പരിഗണിക്കുക. (Incapitation) പാശ്ചാത്താപ ബോധമുണ്ടാകുക, കുറ്റവാളികളെ സമൂഹത്തിൽ സാധാരണ പൗരന്മാരായി കണക്കാ ക്കി ജീവിക്കാൻ അനുവദിക്കുക. (Rehabilitation) ജനിതക വൈക ല്യമോ മറ്റ് ന്യൂറോളജിക്കൽ തകരാറുകളോ ഉള്ള കുറ്റവാളികളെ ചികിത്സിച്ചു ഭേദമാക്കുക. (Therapeutic Treatment) മുതലായ സംഗതികൾ കുറ്റവാളിക്കനുകൂല മായി ആധുനിക നീതി പീഠങ്ങൾ പരിഗണിക്കുന്നു. ഇതെല്ലാം ഉൾ ക്കൊണ്ടാൽ തന്നെ കുറ്റകൃത്യങ്ങൾ മനുഷ്യന്റെ മനസ്സാക്ഷിയോടും സമൂഹത്തോടും ചെയ്യുന്ന ഹീന മായ കൃത്യം തന്നെയാണ് എന്ന വീക്ഷണം ഉപേക്ഷിക്കാൻ അടി സ്ഥാനപരമായി നീതിപീഢങ്ങൾ ക്കാവില്ല. കുറ്റത്തെയും ശിക്ഷേയേ യും സംബന്ധിച്ച അനേകം മാനുഷികാനുഭങ്ങളിലൂടെയും മനന പഠനങ്ങളിലൂടെയും കൂടു തൽ അഗാതമായ അറിവും അവബോവും നേടുന്ന ആധുനിക നീതി പീഠങ്ങളുടെ എല്ലാ നല്ല നീതി സങ്കൽപ്പങ്ങളും ഉൾക്കൊള്ളാൻ കഴിയുന്നത്ര ഇലാസ്തികവും അങ്ങേയറ്റം യുക്തിപൂർണ്ണവും പുരോഗമനാത്കമവും നീതി സമ്പന്നുവുമാണ് വിശുദ്ധ ഖുർആ ന്റെ അദ്ധ്യാപനങ്ങൾ എന്ന് പറഞ്ഞു കൊണ്ട് ഉപസംഹരിക്കട്ടെ.

## അനുസ്മരണം

# ടി.കെ. അബൂബക്കർ സാഹിബ്



കരുളായി ജമാഅത്തിന്റെ ആദ്യ പ്രസിഡന്റായിരുന്ന ടി.കെ. കുഞ്ഞാലൻ ഹാജിയുടെ മകൻ ടി.കെ. അബൂബക്കർ സാഹിബ് (89) ഒക്ടോബർ 8ന് വഫാത്തായി. (ഇന്നാലില്ലാഹി....) ഇദ്ദേഹം കരുളായി ജമാഅത്തിലെ ആദ്യ കാല അംഗങ്ങളിൽ ഉൾപ്പെട്ട ആളായിരുന്നു.

ഭാര്യ: സാറാ ഉമ്മ. മക്കൾ: ആമിന, മുഹമ്മദ് റഷീദ്, അബ്ദുൽ ഹക്കീം, ഉമ്മർ, റഫീഖ്, സഫർ, റഹ്മത്തുള്ള, സലീം, പരേതനായ അബ്ദുറഹീം. മരുമക്കൾ: പരേത നായ ടി.കെ. വീരാൻകുട്ടി, സാജിത, സുലൈഖ, കദീജ, കദീജ, മുനീറ, സുരയ്യ, യാസ്മിൻ, ഷാദിയ. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹി ക്കുമാറാകട്ടെ.

# അമത്തുൽ ഹഫീസ് സാഹിബ

## ശഫീഖ്, ഖാദിയാൻ

കണ്ണൂർ സിറ്റി ജമാഅത്തിലെ പരേതനായ പോളക്കണ്ണ് തറവാട്ടിലെ അബ്ദുൽ ഹമീദ് സാഹിബിന്റെയും പുൽസാരകത്ത് ഫാത്തിമാ ബീവി സാഹിബയുടെയും മൂത്ത മകളും അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ദേശീയ നായിബ് നാസിർ മൗലാനാ മുഹമ്മദ് ഉമർ സാഹിബിന്റെ പ്രിയപത്നിയുമായ അമത്തുൽ ഹഫീസ് സാഹിബ (72) 2019 ഒക്ടോബർ 20ന് ഹൃദയാഘാതം മൂലം ദിവംഗതയായി. ഇന്നാലില്ലാഹി വ ഇന്നാ..........

1947 ഡിസംബർ മാസത്തിൽ ജനിച്ച പരേതയുടെ വിവാഹം 1961 ൽ തന്റെ അമ്മായിയുടെ മകനായ മൗലവി മുഹമ്മദ് ഉമർ സാഹിബുമായി നടന്നു. തുടർന്ന് നീണ്ട 58 വർഷക്കാലത്തോളം മൗലവി സാഹിബിനോടൊപ്പം ദീനീസേവനത്തിന്നായി എല്ലാ വിധ പ്രതിസന്ധികളെയും പരീക്ഷണങ്ങളെയും നേരിട്ട് ജമാഅത്തിന് സേവനം ചെയ്ത് കൊണ്ട് ഒരു വഖ്ഫെ സിന്ദഗിയുടെ ജീവിത പങ്കാളി എന്ന നിലയിൽ മാതൃകാപരമായ ജീവിതം നയിക്കുവാൻ പരേതക്ക് അല്ലാഹു തൗഫീഖ് നൽകി.

മൗലവി സാഹിബിന്റെ 1963 മുതൽക്കുള്ള കാലയളവിൽ ആദ്യത്തെ അഞ്ചു വർഷം ഹൈദരാബാദിലും തുടർന്ന് മൂന്ന് കൊല്ലം മുംബൈ ജമാഅത്തിലും പിന്നീട് 19 വർഷക്കാലം ചെന്നൈയിലും മൗലവി സാഹിബിനോടൊപ്പം നിന്നുകൊണ്ട് സേവനമനുഷ്ഠിക്കുകയുണ്ടായി. പത്ത് വർഷക്കാലം ചെന്നൈ ജമാഅത്തിന്റെ മാൽ സെക്രട്ടറിയായി പ്രവർത്തിച്ച് പരേത ഇതേ കാലയളവിൽ വർഷത്തിൽ രണ്ട് മാസം ശ്രീലങ്കയിൽ ഡ്യൂട്ടി സമയങ്ങളിൽ മൗലവി സാഹിബിനെ അനുഗമിക്കുകയും ചെയ്യുമായിരുന്നു. ഖലീഫത്തുൽ മസീഹ് റാബി(റഹ്)യുടെ ശ്രീലങ്കാ സന്ദർശന വേളയിൽ ഹുസൂർ തിരുമനസ്സിന്റെ ബഹുമാന്യയായ പത്നിയെ അനുഗമിക്കാനും ദ്വിഭാഷിയായി പ്രവർത്തിക്കാനുമുള്ള പ്രത്യേക സൗഭാഗ്യവും അമത്തുൽ ഹഫീസ് സാഹിബക്ക് ലഭിക്കുകയുണ്ടായി.

പിന്നീട് കേരള ചീഫ് മിഷണറിയായി മൗലവി മുഹമ്മദ് ഉമർ സാഹിബ് നിയമിതനായപ്പോൾ, കോഴിക്കോട് സ്ഥിരതാമസമാക്കുകയും ചെയ്തു. 1992 കേരള ലജ്നാ ഇമാഇല്ലായുടെ സദറായി നിയമിതയായ പരേത 15 വർഷക്കാലം സേവന നിരതയായി അഗ്രഗാമി എന്ന നിലയിൽ കേരള ലജ്നാ ഇമാഇല്ലായുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിൽ ഒരു വലിയ പങ്ക് നിർവ്വഹിക്കുകയുണ്ടായി. ഈ വേളയിൽ മൗലവി സാഹിബുമൊത്ത് കേരളത്തിലെ എല്ലാ ജമാഅത്തുകളിലും സന്ദർശനം നടത്തുവാനും ഓരോ ജമാഅത്തുകളിലേയും ലജ്നാ സഹോദരിമാരുമാരോട് കൂടിക്കാഴ്ച്ച നടത്തിക്കൊണ്ട് വിലയേറിയ ഉപദേശങ്ങൾ നൽകുവാനും അല്ലാഹു തൗഫീഖ് നൽകി. അങ്ങനെ അനേകം ജമാഅത്തുകളിലെ സഹോദരിമാരുമായി സൗഹൃദം സ്ഥാപിക്കാനും അടുത്ത് ഇടപഴകാനും അവർക്ക് സാദ്ധ്യമായി.

5-ാം വയസ്സിൽ ബാധിച്ച് ഫിലാരിയാസിസ് എന്ന അസുഖം ഇടക്കിടെ മൂർച്ചിക്കുന്നത് വകവെക്കാതെ സബ്റോടും ദുആയോടും കൂടി ജമാഅത്തിലെ എല്ലാ ഓരോ കാര്യവും ചെയ്തു തീർക്കാൻ പരേതക്ക് സാധിച്ചിരുന്നു. ഈ ആരോഗ്യപ്രശ്നം മൂലം അഞ്ചാം ക്ലാസ്സിൽ പഠനം നിർത്തേണ്ടി വന്നെങ്കിലും ഭാഷകൾ പഠിക്കാനും പൊതു വിജ്ഞാനം കരസ്ഥമാക്കാനും മസീഹ് മഊദി (അ) ന്റെ ഗ്രന്ഥങ്ങൾ വായിക്കാനും ആവേശം പുലർത്തിയിരുന്ന പരേതക്ക് മലയാളത്തോടൊപ്പം ഉറുദു തമിഴ് ഭാഷകൾ കൈകാര്യം ചെയ്യുമായിരുന്നു.

1999 ൽ ഖലീഫത്തുൽ മസീഹ് റാബി (റഹ്) തിരുമനസ്സിന്റെ നിർദ്ദേശ പ്രകാരം ഫലസ്തീനിൽ മൗലവി സാഹിബ് നിയമിതനായപ്പോൾ പതിനൊന്ന് മാസം അവർക്ക് മൗലവി സാഹിബിനോടൊപ്പം കബാബീർ ജമാഅത്തിൽ സേവനമനുഷ്ഠിക്കാൻ സാധിച്ചു. അവിടെ വെച്ച് അറബി ഭാഷയിൽ പ്രസംഗിക്കുവാനുള്ള തൗഫീഖും പരേതക്ക് ലഭിക്കുകയുണ്ടായി. ഇതേവർഷം ഹുസൂർ തിരുമനസ്സ് (റഹ്) യുകെ ജൽസക്ക് ഇരുവരെയും ക്ഷണിക്കുകയും, അങ്ങനെ ജൽസയിൽ പങ്കെടുക്കുവാനും ഹുസൂർ തിരുമനസ്സുമായുള്ള മുലാഖാത്തിനും പരേതയ്ക്ക് ഭാഗ്യം ലഭിച്ചു. തുടർന്ന്, 2007ൽ നാസിർ ഇസ്ലാഹോ ഇർഷാദ് ആയി മൗലവി മുഹമ്മദ് ഉമർ സാഹിബ് ഖാദിയാനിൽ നിയമിതനായപ്പോൾ, നീണ്ട ഏഴു കൊല്ലക്കാലം മസീഹിന്റെ പുണ്യഭൂമിയിൽ ജീവിക്കാനുള്ള തൗഫീഖും പരേതയ്ക്ക് ലഭിക്കുകയുണ്ടായി. ഈ വേളയിൽ, മസ്ജിദ് മുബാറക്ക്, ബൈത്തുദ്ദുആ എന്നീ പുണ്യ സ്ഥലങ്ങളിൽ പോയി ദീർഘനേരം ദുആ ചെയ്യുന്ന ദിനചര്യ പരേതയ്ക്കുണ്ടായിരുന്നു. തഹജ്ജുദ്, നഫൽ നമസ്കാരങ്ങൾ കൃത്യമായ അനുഷ്ഠിച്ചിരുന്ന പരേത ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും അല്ലാഹുവിനെ ഭരമേൽപ്പിക്കുമായിരുന്നു. തഹജ്ജുദ് - സുബഹി നമസ്കാരാന്തരമുള്ള ഖുർആൻ തിലാവത്തും ഹദീസ് വായനയും

ദിനചര്യയായിരുന്ന പരേതയ്ക്ക് മരണദിവസവും ഇത് ചെയ്യുവാനുള്ള തൗഫീഖ് അല്ലാഹു നൽകി.

2007ൽ യു.കെ., ജർമനി ജൽസയിൽ പങ്കെടുക്കുവാനും ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു..) യുമായി മുലാഖാത്ത് ചെയ്യുവാനും തുടർന്ന്, മൗലവി സാഹിബുമൊത്ത് ബെൽജിയം, മാഞ്ചസ്റ്റർ തുടങ്ങിയ ഇതര ജമാഅത്തുകൾ സന്ദർശിക്കുവാനും ഭാഗ്യം ലഭിച്ചു.

2015ൽ മൗലവി സാഹിബിനും പരേതയ്ക്കും ഉംറ ചെയ്യുവാനുള്ള ഭാഗ്യം അല്ലാഹു നൽകി അനുഗ്രഹിച്ചു. നഫൽ നോമ്പുകളും റമദാനിലെ നോമ്പുകളും മുടക്കം കൂടാതെ തന്റെ 72 ആം വയസ്സു വരെ അനുഷ്ഠിക്കുവാനും അല്ലാഹു മർഹൂമയ്ക്ക് തൗഫീഖ് നൽകി. അവസാന നിമിഷം വരെ തന്റെ ആരോഗ്യപ്രശ്നങ്ങളെ അവഗണിച്ചു കൊണ്ട്, മൗലവി സാഹിബിനു വേണ്ട എല്ലാ സേവനങ്ങളും ചെയ്തു കൊടുക്കുവാൻ പരേതയ്ക്ക് സാധിച്ചു.

ഖിലാഫത്തിനോടും ജമാഅത്തിനോടും മാതൃകാപരമായ സ്നേഹവും കൂറും പുലർത്തിയിരുന്ന പരേത, ഹുസൂർ തിരുമനസ്സിന്റെ ലൈവ് ഖുത്ബയും മറ്റ് പ്രസംഗങ്ങളും യാതൊരു മുടക്കവും കൂടാതെ ശ്രവിക്കുകയും അതിനെ പറ്റി ചർച്ച ചെയ്യുകയും ചെയ്തിരുന്നു. കൃത്യനിഷ്ഠതയോടെയുള്ള നമസ്കാരവും ദീർഘമേറിയ സുജൂദും പതിവായിരുന്ന പരേത ആതിഥ്യമര്യാദയിൽ വളരെ മുന്നിട്ടിരുന്നു. ജമാഅത്തിന്റെ കേന്ദ്രപ്രതിനിധികൾ, മുറബ്ബിമാർ, ഭാരവാഹികൾ എന്നിവരെ വീട്ടിലേക്ക് ക്ഷണിക്കുവാനും സൽകരിക്കുവാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കുടുംബ-ഇതര ബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്ന കാര്യത്തിലും എല്ലാവർക്കും ഇണങ്ങുന്ന തീരുമാനം എടുക്കുന്ന കാര്യത്തിലും പ്രത്യേക മികവ് പുലർത്തിയിരുന്നു. മറ്റുള്ളവർക്ക് വേണ്ടി അധികമായി ദുആ ചെയ്യുന്ന ശീലവും, ദാനധർമ്മവും സഹായമനസ്കതയും മർഹൂമയുടെ ശീലങ്ങൾ ആയിരുന്നു. മൂസിയായിരുന്ന മർഹൂമയുടെ ജനാസ ഖാദിയാനിലെ ബഹിഷ്തി മഖ്ബറയിൽ അടക്കം ചെയ്തു.

പരേത ഖിലാഫത്തിനോടും ജമാഅത്തിനോടും പുലർത്തിയിരുന്ന കൂറും സ്നേഹവും സേവനവും മക്കൾക്കും പേരമക്കൾക്കും തുടർന്ന് കൊണ്ട് പോകുവാൻ അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ!

മക്കൾ: വഹീദാ, റഷീദ, ബുഷ്റ, നയീമ

മരുമക്കൾ: മർഹൂം മൗലവി അയ്യൂബ് സാഹിബ്, അഷ്റഫ് സാഹിബ്, സഫറുല്ലാഹ് സാഹിബ്, മുനവർ സാഹിബ്.

---

**പേജ് 36 ൽ നിന്ന് തുടർച്ച**

ബൈക്കല്ലാതെ ജമാഅത്തിൽ മറ്റൊന്നുമുണ്ടായിരുന്നില്ല. പുറത്തുള്ളവർ ഇതിനായി വാഹനം ഓടിക്കാൻ ഒരുക്കവുമല്ല. വലിയ ജനറേറ്റർ ആയതിനാൽ ബൈക്കിൽ കൊണ്ട് വരാനും സാദ്ധ്യമല്ല. അത് അത്രക്ക് വലുതും ഭാരമേറിയതുമായിരുന്നു. എങ്കിലും മൗലവി സാഹിബും ഖയ്യൂം സാഹിബും ഓഫീസിലേക്ക് പോയി. എന്നാൽ ബൈക്കിൽ കൊണ്ടു വരാൻ കഴിയാതെ വിഷമിച്ച് നിൽക്കുമ്പോൾ ലോഡ് ഇറക്കി വരുന്ന ഒരു ട്രാക്റ്റർ കിട്ടി അങ്ങനെ ജനറേറ്റർ കിട്ടിയെങ്കിലും അത് പ്രവർത്തിപ്പിക്കാൻ അതിൽ എണ്ണയില്ല. എണ്ണ അവിടെയെവിടെയും കിട്ടാനുമില്ല. സമയം വളരെ വൈകിയിരുന്നു. ജനറേറ്റർ സ്റ്റാർട്ടാകുന്നില്ല.

എല്ലാം കണ്ടുനിന്ന എതിരാളികൾ ഉറപ്പിച്ചു ഖാദിയാനികകളുടെ പരിപാടി മുടങ്ങി ഇനി അത് നടത്താൻ സമയമില്ല. പരിഹസിക്കാനും കൂക്ക് വിളിക്കാനും അവർ ഒരുങ്ങി നിന്നു. അപ്പോഴാണ് കുറച്ച് ബാറ്ററികൾ കിട്ടുമെങ്കിൽ മൈക്ക് പ്രവർത്തിപ്പിക്കാമെന്ന് ഇന്നത്തെ ലക്ഷദ്വീപ് അമീർ ജനാബ് അബ്ദുൽ ഖയ്യൂം സാഹിബ് പറഞ്ഞത്. ഉടനെ ആരോ കുറച്ച് ബാറ്ററികൾ ഒരുമിപ്പിച്ച് എങ്ങനെയോ മൈക്ക് ശബ്ദിപ്പിച്ചു. മൈക്ക് പെർമിറ്റ് സമയം അര മണിക്കൂർ മാത്രം ബാക്കി. മൗലവി സാഹിബ് എന്നോട് പറഞ്ഞു. നിങ്ങൾ തിലാവത്ത് ചെയ്യൂ. ഞാൻ ഉടനെ സൂറ: സ്വഫ്ഫിലെ 'അവർ അല്ലാഹുവിന്റെ പ്രകാശത്തെ ഊതിക്കെടുത്താൻ ശ്രമിക്കുന്നു. എന്നാൽ നിഷേധികൾ വെറുത്താലും അല്ലാഹു അവന്റെ പ്രകാശത്തെ പൂർത്തിയാക്കും.' എന്ന അർഥം വരുന്ന ആയത്ത് ഓതി. ഈ ആയത്ത് ആ സന്ദർഭത്തിന് തികച്ചും അനുയോജ്യമായിരുന്നു. അല്ലാഹു എന്റെ മനസ്സിൽ തോന്നിപ്പിച്ചു തന്നതായിരിക്കാം എന്നാണ് എന്റെ വിശ്വാസം. ബാക്കി 25 മിനുട്ട് മാത്രം മൗലവി സാഹിബ് പ്രസംഗത്തിനായി എഴുന്നേറ്റു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഭൗമികമായ അനുഭവം എന്ന് തന്നെ പറയാം. രണ്ട് മണിക്കൂർ കൊണ്ട് പറയേണ്ട കാര്യങ്ങൾ മികവുറ്റ രീതിയിൽ മൗലവി സാഹിബ് ആറ്റിക്കുറുക്കി ചുരുങ്ങിയ സമയത്തിനുള്ളിൽ പറഞ്ഞു തീർത്തത് കേട്ടപ്പോൾ സദസ്സ് അമ്പരന്ന് പോയി. ശത്രുക്കൾ ഇളിഭ്യരായി തല താഴ്ത്തിപ്പോയി. ജമാഅത്തംഗങ്ങൾ വിപരീത ഘട്ടത്തിൽ കാണിച്ച ക്ഷമയിലും സഹനത്തിലും സമാധാന പാലനത്തിനെത്തിയ പോലീസുകാർ പ്രത്യേകം ജമാത്തംഗങ്ങളെ അഭിനന്ദിച്ചു. മറ്റുള്ളവരാണെങ്കിൽ അതൊരു ക്രമസമാധാന പ്രശ്നമായി മാറിയേനെ എന്നു പോലീസുകാർ പറഞ്ഞു. ഈ പരിപാടിയുടെ വിജയത്തിന് കാരണം മൗലവി മഹ്മൂദ് സാഹിബ് തന്നെയായിരുന്നു. നിരാശരായി നിന്ന ജമാഅത്തംഗങ്ങൾക്ക് ധൈര്യം പകർന്ന് പരിപാടി മുന്നോട്ട്കൊണ്ടു പോയി വിജയിപ്പിച്ചത് അദ്ദേഹമായിരുന്നു. അല്ലാഹു അദ്ദേഹത്തിന് സ്വർഗ്ഗത്തിൽ ഉന്നത സ്ഥാനം നൽകി അനുഗ്രഹിക്കുമാറാകട്ടെ.

Published on 7.11.2019 Pages 44 Vol: 91 Issue. 11
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ**
**ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com